No: 178 July 2003

KERALA PRIVATE

# COLLEGE TEACHER



## കലാലയങ്ങൾ കാരാഗൃഹങ്ങളാവുമ്പോൾ

## ഏകീകൃത സർവ്വകലാശാല നിയമം ബദൽ സമീപനം

THE ALL KERALA PRIVATE COLLEGE TEACHERS' ASSOCIATION

KERALA PRIVATE
# COLLEGE TEACHER

MONTHLY
JOURNAL OF
THE AKPCTA

No. 178 JULY 2003

**EDITORIAL BOARD**

*Chief Editor*
Dr. S. JAYARAJ KUMAR

*Managing Editor*
V.JAYAKUMAR

*Assistant Editor*
Dr. G.S. SURESH

*Members*
Thomas Joseph
A. Prathapachandran Nair
P. Reghunath
M.P. Vijayalekshmi
K. Sasidharan
T.N.Manoharan
Dr. R.B.Rajalekshmi
J. Raju
M.Shahul Hameed
M.S.Vasanthakumar
Dr. C.R.Prasad
Mathew J.Muttath
K.S.Pavithran
N.Rajan
Soman Nadar
Dr. T.A.Sudhakarakurup

## inside

No. 178

ഏകീകൃത സർവ്വകലാശാല നിയമം
സ്വയംഭരണത്തിൻെറ നിഷേധം
ഡോ. പ്പി. കെ. രാജൻ

•

University Autonomy and The Kerala
Universities bill 2003
**Prof. Ninan Koshy**

•

ഉന്നതവിദ്യാഭ്യാസമേഖലയിൽ അപ്രഖ്യാപിത
അടിയന്തിരാവസ്ഥ
പ്രൊഫ. എസ്. സതീശ് ചന്ദ്രൻ

•

ക്യാമ്പസ്സ് രാഷ്ട്രീയം
ഡോ. ബി. ഇക്ബാൽ

•

അരാഷ്ട്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ?
അഡ്വ. പി. രാജീവ്

• Editorial • Economic Focus
• Judgements • നിവേദനങ്ങൾ
• ശാസ്ത്രജാലകം • വാർത്താമദ്ധ്യം
• വനിതാവേദി • സർവ്വീസ് പംക്തി
• സമരപഥങ്ങൾ
• സർക്കാർ ഉത്തരവുകൾ
• പ്രൈവററ് കോളജ് അദ്ധ്യാപകപ്രസ്ഥാനം കേരളത്തിൽ

visit www.akpcta.org

## എഡിറ്റോറിയൽ

# കലാലയരാഷ്ട്രീയ നിരോധനം: സത്യത്തിനെത്ര മുഖങ്ങൾ!

"പീലാത്തോസ് അവനോട് (യേശുവിനോട്) ചോദിച്ചു: എന്താണു സത്യം? ഇതു ചോദിച്ചിട്ട് അവൻ വീണ്ടും യഹൂദരുടെ അടുത്തേക്കു ചെന്ന് അവനോട് പറഞ്ഞു. അവനിൽ ഒരു കുററവും കാണാനില്ല". (യോഹന്നാന്റെ സുവിശേഷം, അദ്ധ്യായം 18, വാക്യങ്ങൾ 38-39)

2000 വർഷങ്ങൾക്കു മുമ്പു നടന്ന ഒരു കോടതിയുടെ റിപ്പോർട്ടാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. സത്യം എന്താണെന്നു നിർവചിക്കാൻ തന്നാലാവില്ലെന്നു പരസ്യമായി കുമ്പസാരം നടത്തിയ പീലാത്തോസ് സത്യത്തിനു സാക്ഷ്യം വഹിക്കാൻ ഭൂജാതനായ യേശുവിനെ കുററവിമുക്തനാക്കുന്ന രംഗം റിപ്പോർട്ടറായ യോഹന്നാൻ ചുരുങ്ങിയ വാക്കുകളിലൂടെ വിവരിച്ചിരിക്കുന്നു.

2003 മെയ് 26: കേരള ഹൈക്കോടതിയിലെ ബഹുമാന്യനായ ജസ്റ്റിസ് രാധാകൃഷ്ണൻ കോളജുകളുടെ നടത്തിപ്പുകാർക്ക് കാമ്പസുകളിൽ രാഷ്ട്രീയം നിരോധിക്കാൻ അധികാരമുണ്ടോ എന്ന ചോദ്യം സ്വയം ചോദിക്കുകയും "വിദ്യാഭ്യാസം", "രാഷ്ട്രീയം", "കാമ്പസ്" എന്നീ സംജ്ഞകളെയും അവയുടെ പാരസ്പര്യത്തെയും നിർവ്വചിക്കാൻ മുതിരാതെ തന്റെ ചോദ്യത്തിന് "ഉണ്ട്" എന്ന ഉത്തരം നൽകുകയും ചെയ്യുന്നു.

ജൂൺ 17: വിധി പുനഃപരിശോധിക്കണമെന്ന് നിരവധി കേന്ദ്രങ്ങളിൽ നിന്നുയർന്ന ആവശ്യം പരിഗണിച്ച് ബന്ധപ്പെട്ടവർക്കെല്ലാം കേസിൽ കക്ഷിചേരാൻ അനുവാദം നൽകിക്കൊണ്ട് കോടതി പൊതുനോട്ടീസ് പുറപ്പെടുവിക്കുന്നു.

ജൂൺ18: മാന്നാനം കെ.ഇ കോളജ് മാനേജരും സെന്റ് ജോസഫ് ആശ്രമ അധിപനുമായ റവ. ഫാദർ തോമസ് കാലായിൽ സി.എം.ഐ റിവ്യൂ ഹർജിയുടെ തീരുമാനം കാത്തുനിൽക്കാതെ കോടതിവിധി നടപ്പാക്കുന്നു. കെ.ഇ കോളജിൽ വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചുകൊണ്ട് പത്രക്കുറിപ്പ് ഇറക്കുന്നു.

ജൂൺ 25: കെ.ഇ കോളജിലെ അദ്ധ്യാപകരുടെ രാഷ്ട്രീയപ്രവർത്തനം നിരോധിച്ചുകൊണ്ട് എ.കെ.പി.സി.ടി.എ യൂണിററ് സെക്രട്ടറി ടോമിച്ചൻ ജോസഫിന് മാനേജരുടെ കത്തു പ്രിൻസിപ്പൽ മുഖാന്തിരം നൽകുന്നു. രാഷ്ട്രീയ നിരോധനത്തിന്റെ മറവിൽ സംഘടനാപ്രവർത്തനങ്ങൾ തടയുന്നു. 25ന് രാവിലെ 10 മുതൽ 1 മണിവരെ കോളജ് ഗേററിനപ്പുറത്ത് നിർദ്ദിഷ്ട ഏകീകൃതസർവ്വകലാശാലാനിയമത്തിനെതിരെ അദ്ധ്യാപകർ നടത്തുമെന്ന് നോട്ടീസ് നൽകിയിരുന്ന ധർണ നിരോധിക്കുന്നു. കോളജിന്റെ മതിലിനു പുറത്ത് ധർണയ്ക്കായി ഉയർത്തിയിരുന്ന പന്തൽ പൊളിക്കാൻ പോലീസ് സംരക്ഷണം തേടുന്നു. പോലീസ് എത്തുംമുമ്പേ മാനേജരും മററു സഹവൈദികരും ചേർന്ന് ബലംപ്രയോഗിച്ച് പന്തൽ പൊളിച്ചുമാററുന്നു. പന്തൽ കെട്ടാനുപയോഗിച്ച സാധനസാമഗ്രികൾ ജീപ്പിൽകയററിക്കൊണ്ടു പോകുന്നു.

ജൂൺ 26: "സെലക്ടീവ് ഫെല്ലിംഗി"നുള്ള തന്ത്രം മാനേജ്മെന്റ് മെനയുന്നു. പ്രിൻസിപ്പൽ റവ. ഫാദർ ജോസഫ് കുഴിച്ചാലിൽ സി.എം.ഐ ധർണനടത്തിയ അദ്ധ്യാപകർക്ക് കാഷ്വൽലീവ് അനുവദിച്ചുകൊണ്ട് താനെടുത്ത തീരുമാനം "റിവ്യൂ" ചെയ്യുന്നു. അററൻഡൻസ് രജിസ്റ്ററിൽ തിരിമറികൾ നടക്കുന്നു. ചിലരുടെ CL'നു മുകളിലൂടെ 'u' എന്ന് തിരുത്തുന്നു. 'u' എന്നാൽ 'unauthorised absence' ആണെന്ന് പ്രത്യേകം കുറിപ്പും എഴുതിച്ചേർക്കുന്നു.

ജൂൺ 27: ചാപ്പകുത്തലിനു വിധേയരായ 7 അദ്ധ്യാപകർക്ക് മാനേജർ പ്രിൻസിപ്പൽ മുഖേന കാരണംകാണിക്കൽ നോട്ടീസ് നൽകുന്നു. മറുപടി നൽകാൻ 3 ദിവസം സമയം അനുവദിക്കുന്നു.

ജൂൺ 28: ക്രിസ്തീയ സഭകളുടെ ഐക്യവേദിയായ ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ അഭിവന്ദ്യ തിരുമേനി ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പ്മാർ ജോസഫ് പൗവത്തിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് കോളജ് മാനേജരുടെ നടപടിക്കു പിന്തുണ പ്രഖ്യാപിക്കുന്നു. എല്ലാ ക്രിസ്ത്യൻ കോളജുകളിലും രാഷ്ട്രീയം നിരോധിക്കുന്നു.

ജൂൺ 30: കാരണംകാണിക്കൽ നോട്ടീസിന് അദ്ധ്യാപകർ നൽകിയ മറുപടി സ്വീകരിച്ചതായി സ്ഥി

രീകരിച്ചുകൊണ്ട് കോപ്പി കയ്യൊപ്പുചാർത്തി നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസർക്കു നിർദ്ദേശം നൽകാൻ പ്രിൻസിപ്പൽ വിസമ്മതിക്കുന്നു. പ്രിൻസിപ്പലിന്റെ നടപടിക്രമത്തിൽ അവിശ്വാസം രേഖപ്പെടുത്തിയ അദ്ധ്യാപകർ പിരിഞ്ഞുപോകാൻ കൂട്ടാക്കിയില്ല. വിവരം അറിഞ്ഞ് മാധ്യമപ്രവർത്തകർ എത്തിയതോടെ പ്രിൻസിപ്പൽ നിലപാടു മാററുന്നു. മറുപടി അക്നോളജ് ചെയ്യാൻ നിർദ്ദേശം നൽകുന്നു. പ്രിൻസിപ്പലും സൈക്കോളജി വിഭാഗം തലവൻ റവ. ഫാദർ സെബാസ്റ്റ്യൻ ചാമത്തറ സി.എം.ഐയും ചേർന്ന് മാധ്യമപ്രവർത്തകരെ ഭത്സിക്കുന്നു.

ജൂലൈ 1: സംഭവസ്ഥലത്ത് എത്തിച്ചേരാൻ കഴിയാതിരുന്ന "ദീപിക" ദിനപത്രത്തിന്റെ റിപ്പോർട്ടർ സുവിശേഷകൻ വിശുദ്ധയോഹന്നാന്റെ പിൻഗാമി തലേദിവസത്തെ സംഭവം റിപ്പോർട്ടുചെയ്തപ്പോൾ തലവാചകം ഇങ്ങനെ: "കാമ്പസ് രാഷ്ട്രീയം: കെ.ഇ കോളജിൽ പ്രിൻസിപ്പലിനെ ബന്ദിയാക്കാൻ ശ്രമം".

ജൂലൈ 5: പ്രിൻസിപ്പലിനെ ജോലിസ്ഥലത്ത് തടസ്സപ്പെടുത്തി എന്നാരോപിച്ചുകൊണ്ട് ഷോക്കോസ് നോട്ടീസിന് മറുപടി നൽകാൻ ചെന്ന അഞ്ച് അദ്ധ്യാപകർക്കെതിരെ രണ്ടാമതൊരു ഷോക്കോസ് നോട്ടീസ് നൽകുന്നു.

സത്യത്തിന് എത്രയെത്ര മുഖങ്ങൾ!

എ.കെ.പി.സി.ടി.എയുടെ ഭാഷ്യം ചുവടെകുറിക്കുന്നു.

കോടതിവിധിയുടെ മറവിൽ കോളജിന് അകത്തുള്ള രാഷ്ട്രീയം നിരോധിക്കാനെന്ന വ്യാജേന അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യത്തിനു വിലക്കു കല്പിക്കാനാണ് മാനേജ്മെന്റ് ശ്രമിച്ചത്. അനുസരണയുള്ള കുഞ്ഞാടുകളെയാണ്, അന്തസുള്ള അദ്ധ്യാപകരെയല്ല മാനേജുമെന്റിനു വേണ്ടത്. അതിരുകടന്ന അനുസരണശീലം അദ്ധ്യാപകനു ഭൂഷണമല്ലെന്നും അത് അറിവിന്റെ വഴിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുമെന്നും ഞങ്ങൾ കരുതുന്നു.

കോളജിന്റെ മതിലിനപ്പുറത്തു കെട്ടിയ പന്തൽ പൊളിച്ചിട്ട് തർക്കസ്ഥലം മതിലിനപ്പുറത്തു മാത്രമാണെന്ന് വരുത്തിത്തീർക്കാനാണ് അദ്ധ്യാപകർ വഴിത്തർക്കത്തിനു വന്നവരല്ല. അദ്ധ്യാപകർ സംബന്ധിച്ചിടത്തോളം തർക്കഭൂമി മതിലിനകത്താണ്. കോളജു സ്ഥിതിചെയ്യുന്ന 25 ഏക്കറോളം വരുന്ന ഭൂമിയും അതിലെ കെട്ടിടസമുച്ചയങ്ങളും ലൈബ്രറികളും ലാബട്ടറികളുമൊക്കെ അദ്ധ്യാപകർക്കുകൂടി അവകാശപ്പെട്ടതാണ്. യു.ജി.സി, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ദേശത്തും വിദേശത്തുമുള്ള ഉദാരമതികൾ എന്നിവരിൽ നിന്നെല്ലാം സ്വരൂപിച്ച പണം ഇവിടെ നിക്ഷേപിച്ചിട്ടുണ്ട്. സാമൂഹ്യനീതിയിലധിഷ്ഠിതമായ വിദ്യാഭ്യാസം നൽകാൻ ഈ വസ്തുവകകൾ ഉപകരിക്കുമെന്ന ധാരണയുടെ അടിസ്ഥാനത്തിലാണ് സർക്കാരും പൊതുജനങ്ങളും കോളജിനുവേണ്ടി പണം മുടക്കിയിട്ടുള്ളത്. കോളജിന്റെ ആവർത്തനച്ചിലവിന്റെ 96% ഉം സർക്കാരിൽ നിന്നാണ് ലഭിക്കുക. അതായത്, നികുതിപ്പണത്തിൽ നിന്നും വസ്തുവിന്റെ ആധാരം എടുത്തുകാട്ടി മാനേജ്മെന്റ് സാമൂഹ്യ ഉടമ്പടി നിരാകരിക്കരുത്.

കോളജിനു ചുററുമുള്ള മതിലും കമ്പിവേലിയും കന്നുകാലികളും ക്രിമിനലുകളും അനധികൃതമായി കോളജിൽ കടന്നുകയറുന്നത് തടയാൻ വേണ്ടി നിർമ്മിച്ചിട്ടുള്ളതാണ്. സത്യാന്വേഷികളായ മാധ്യമപ്രവർത്തകരെ തടഞ്ഞുനിർത്താൻ ഉദ്ദേശിച്ചുള്ളതല്ല.സത്യം അന്വേഷിക്കുന്ന ആർക്കും നിർഭയം കടന്നുവരാവുന്ന സ്ഥലമായിരിക്കണം വിദ്യാലയം.

കല്ലും സിമന്റും കൊണ്ടു കെട്ടിപ്പൊക്കിയ മതിലുകൾക്കുള്ളിൽ വിദ്യയുടെ ലോകത്തെ തളച്ചിടാനാവില്ല. മതിലിനകത്തുള്ള ചെറിയ ഘടകവും മതിലിനുപുറത്തുള്ള വലിയലോകവും ചേർന്നതാണ് കാമ്പസ്. രാഷ്ട്രീയമുൾപ്പെടെ ഒരു വിഷയത്തിനും ജീവിതാനുഭവത്തിനും അറിവിന്റെ ലോകത്തു വിലക്കുകൾ കൽപ്പിക്കുന്നതു ശരിയല്ല.

കോളജ് മാനേജ്മെന്റ് അദ്ധ്യാപകരെ തളച്ചിടാൻ നടത്തുന്ന ശ്രമങ്ങൾക്കു പിന്നിൽ ദാർശനിക സമസ്യകൾ ഒന്നും ഉണ്ടെന്ന് ഞങ്ങൾ കരുതുന്നില്ല. ഏകീകൃത സർവ്വകലാശാലാ നിയമത്തിന്റെ നേരിട്ടുള്ള ഗുണഭോക്താക്കളായ മാനേജ്മെന്റ് അതിനെതിരെയുള്ള സമരത്തിനോട് അസഹിഷ്ണുത കാട്ടുന്നത് സ്വാഭാവികം മാത്രം. എ.കെ.പി.സി.ടി.എ കോടതിയിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് നടത്തിവന്നിരുന്ന "ഓഫ് ക്യാംപസ് അക്കാദമിക് ചന്ത"ക്കെതിരെ ഹൈക്കോടതി പുറപ്പെടുവിച്ച സ്റേറ ഓർഡർ ആണ് മാനേജ്മെന്റിന്റെ പ്രകോപനത്തിനുള്ള പ്രത്യേക കാരണമെന്നും ഞങ്ങൾ അറിയുന്നു.

മാന്നാനം ഒരേസമയം ഒരു യാഥാർത്ഥ്യവും പ്രതീകവുമാണ്. മാറാടുപോലെ ദുർഗന്ധം വമിക്കുന്ന പ്രതീകം. രണ്ടും രോഗത്തേക്കാൾ രോഗലക്ഷണങ്ങളാണ്, മാരകമായ രോഗത്തിന്റെ ലക്ഷണങ്ങൾ. വർഗീയ വിദ്യാഭ്യാസക്കച്ചവടവും ക്യാൻസർ പോലെ സമൂഹഗാത്രത്തിൽ അതിക്രമിച്ചുകടന്ന് സാഹോദര്യവും സാമൂഹ്യനീതിയും കാർന്നുതിന്നുന്നു. അടിയന്തിരമായി ചികിത്സ ആരംഭിക്കണം. മാന്നാനത്തു തന്നെ ആകട്ടെ തുടക്കം.

വിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിന് അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അനദ്ധ്യാപകരുടെയും ജനാധിപത്യ അവകാശങ്ങളും സംഘടനാസ്വാതന്ത്ര്യവും സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്.... ■

റിപ്പോർട്ട്

# എ.കെ.പി.സി.ടി.എ

## ഏകീകൃത സർവ്വകലാശാലാ നിയമം

# വിദ്യാഭ്യാസ അസംബ്ലി

**2003 ജൂൺ 14**
**കേരള സ്റേററ് സയൻസ് & ടെക്നോളജി മ്യൂസിയം, തിരുവനന്തപുരം**

വിദ്യാഭ്യാസ അസംബ്ലി ആരംഭിച്ചത് ജനറൽ സെക്രട്ടറിയുടെ സ്വാഗതപ്രസംഗത്തോടെയായിരുന്നു. കാലാകാലങ്ങളിൽ വിദ്യാഭ്യാസമേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എ.കെ.പി.സി.ടി.എ. ചർച്ച ചെയ്യുകയും അതിന്റെ വെളിച്ചത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നിലവിലുള്ള സർവ്വകലാശാലാ നിയമത്തിൽ സമൂഹത്തിലെ വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ തെരഞ്ഞെടുക്കപ്പെടുകയാണു ചെയ്യുന്നത്. എന്നാൽ കൊണ്ടുവരാനുദ്ദേശിക്കുന്ന നിയമത്തിൽ വിവിധ മേഖലകൾക്കുള്ള പ്രാതിനിധ്യം നഷ്ടപ്പെടുന്നു എന്നു മാത്രമല്ല ജനാധിപത്യവിരുദ്ധമായി നോമിനേഷൻ സമ്പ്രദായം സ്വീകരിക്കുകയും ചെയ്യുന്നു. വ്യക്തിയുടെ നേട്ടവും കോട്ടവും എന്ന തലത്തിലേയ്ക്ക് ഉന്നതവിദ്യാഭ്യാസത്തെ തരം താഴ്ത്തിയതായും അദ്ദേഹം സൂചിപ്പിച്ചു. ബില്ല് നിയമമായിക്കഴിഞ്ഞാൽ ക്യാമ്പസുകളിൽ ഇന്നു നിലവിലുള്ള സംഘടനാ സ്വാതന്ത്ര്യം നഷ്ടമാവുന്ന അവസ്ഥയുണ്ടാകും.

Higher education council എന്ന ആശയത്തെ സംഘടന അംഗീകരിക്കുന്നുണ്ട്. എന്നാൽ പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതി സംഘടന അംഗീകരിക്കുന്നില്ല.

ആമുഖമായി ഇത്രയും സൂചിപ്പിച്ചതിനുശേഷം ജനറൽ സെക്രട്ടറി സദസ്സിന് ഔപചാരികമായ സ്വാഗതം ആശംസിച്ചു.

തുടർന്ന് സ. വി.എസ്.അച്ചുതാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. പുതുതായി രൂപം കൊള്ളുന്ന ഏകീകൃത സർവകലാശാലാ നിയമത്തിന്റെ ദോഷവശങ്ങൾ സൂക്ഷ്മതയോടെ എടുത്തു കാട്ടുന്നതായിരുന്നു ഉദ്ഘാടന പ്രസംഗം. ഏകീകൃത സർവ്വകലാശാലാ നിയമം എന്ന പേരുതന്നെ വിമർശന വിധേയമാണ്. കേരളത്തിൽ ഓരോ സർവകലാശാലയ്ക്കും അവയുടെ പ്രത്യേകതകൾക്ക് അനുസരണമായി വ്യത്യസ്ത സർവകലാശാലാ നിയമങ്ങൾ നിലവിലുള്ളപ്പോൾ അവയെ കൂട്ടിക്കെട്ടുന്ന ഏകീകൃതത്തിന്റെ ആവശ്യമില്ല. മാററം ആവശ്യമെങ്കിൽ നിലവിലുള്ള നിയമങ്ങളിൽ മാററം വരുത്തുകയാണു വേണ്ടത്. നിയമത്തിൽ ഉണ്ടായിരിക്കേണ്ട പൊതുസമീപനം അതിന്റെ ജനാധിപത്യസ്വഭാവം നിലനിർത്തുക എന്നതാണ്. തെരഞ്ഞെടുക്കപ്പെട്ടു വരുന്നവരാകണം പ്രതിനിധികൾ. സമൂഹത്തിന്റെ പ്രാതിനിധ്യമുള്ള സെ




നററും സിൻഡിക്കേററും ഇല്ലാതാവുന്നു എന്നതു തന്നെ പുതിയ നിയമത്തിന്റെ തകരാറാണ്.

യു.ഡി.എഫിന്റെ കഴിഞ്ഞ രണ്ടുവർഷത്തെ വിദ്യാഭ്യാസനയം, നവോത്ഥാന നായകരും, സ്വാതന്ത്ര്യ സമരനായകരും, കമ്മ്യൂണിസ്റ്റുകാരും നൽകിയ സംഭാവനകളിലൂടെ വിദ്യാഭ്യാസ രംഗം നേടിയ പുരോഗതിയെ ക്രമേണ നശിപ്പിക്കുന്നവിധത്തിലുള്ളതാണ്. സ്കൂൾ തലത്തിൽ സ്വാശ്രയസമ്പ്രദായം കൊണ്ടുവന്നതിന്റെ ഫലമായി അദ്ധ്യാപകർ പുറത്തു പോകുന്നു. ഈ സമ്പ്രദായം ഇപ്പോൾ ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്കും പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്തേയ്ക്കും കൂടി വ്യാപിപ്പിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലംവരെ കുറഞ്ഞ ചെലവിൽ വിദ്യാഭ്യാസം ചെയ്യാമായിരുന്നു. എന്നാൽ ഇപ്പോഴത് സമ്പന്നർക്കു മാത്രമായി ചുരുക്കിക്കൊണ്ടു വരികയാണ്. മാനേജ്മെന്റുകളെ നിയന്ത്രിക്കേണ്ട കാലമാണിത്. അതിനുവേണ്ടുന്ന കൂടുതൽ നിയമങ്ങൾ സർവ്വകലാശാലാ നിയമത്തിൽ ചേർക്കേണ്ടതിനു പകരം ഉള്ളതുതന്നെ ചോർത്തിക്കളയുന്ന രീതിയാണ് യു.ഡി.എഫ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഈ നിയമത്തിന്റെ ഉള്ളടക്കം അപകടകരമാണ്. വിദ്യാഭ്യാസരംഗത്ത് ഫാസിസം നടപ്പിലാക്കിയാൽ പിന്നെ മററെല്ലാ രംഗത്തും അതു നടപ്പിലാക്കാൻ ഇവർക്കു പ്രയാസമില്ല. അതിനാൽ സാംസ്കാരിക കേരളം ഈ നിയമത്തെ പരാജയപ്പെടുത്തുകതന്നെ വേണം. എ.കെ.പി.സി.ടി.എ. ഈ വകകാര്യങ്ങളിൽ എടുക്കുന്ന മുൻകൈ അഭിനന്ദനീയമാണ്.

തുടർന്ന് അദ്ദേഹം സമ്മേളനത്തിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു.

ശ്രീ തലേക്കുന്നിൽ ബഷീറാണ് തുടർന്ന് സംസാരിച്ചത്. സുപ്രധാനമായ ഈ സമ്മേളനത്തിൽ സംബന്ധിക്കാൻ അവസരം ലഭിച്ചതിന് എ.കെ.പി.സി.ടി.എ നേതാക്കൾക്ക് നന്ദി പ്രകടിപ്പിച്ചുകൊണ്ടാണ് അദ്ദേഹം പ്രസംഗം ആരംഭിച്ചത്. സ. വി.എസ്. പറഞ്ഞ മിക്ക കാര്യങ്ങളോടും അദ്ദേഹം യോജിപ്പു പ്രകടിപ്പിച്ചു. ഏകീകൃത സർവ്വകലാശാലാ നിയമം ഈ കാലഘട്ടത്തിൽ ആവശ്യമാണെന്ന നിലപാടാണ് അദ്ദേഹത്തിനുള്ളത്. എന്നാൽ ധൃതിപിടിച്ച് ഈ നിയമം നടപ്പിലാക്കരുത് എന്ന അഭിപ്രായവും അദ്ദേഹത്തിനുണ്ട്. ബില്ലിൽ വിഭാവന ചെയ്യുന്ന നോമിനേഷൻ ജനാധിപത്യവിരുദ്ധമാണ്. രാഷ്ട്രീയപ്രതിനിധികളുടെ പ്രാതിനിധ്യം സർവകലാശാലാ സമിതികളിൽ ഉറപ്പുവരുത്തുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എക്സിക്യൂട്ടീവ് കൗൺസിലിലൂടെ ഉദ്യോഗസ്ഥവൽക്കരണത്തിന്റെ അമിത പ്രസംഗം ഈ ബില്ലിൽ വന്നത് ഒഴിവാക്കണം. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രാഷ്ട്രീയക്കാർ തുടങ്ങി സമൂഹത്തിന്റെ എല്ലാ മേഖലകളും ഉൾക്കൊള്ളുന്ന സ്ഥാപനമാണ് സർവ്വകലാശാല.

തുടർന്നു സംസാരിച്ച ഡോ. ഇക്ബാൽ അക്കാദമിക്കും സാമൂഹിക നീതിയും സമന്വയിപ്പിക്കുന്ന സമീപനങ്ങൾ എ.കെ.പി.സി.ടി.എ. എക്കാലവും സ്വീകരിച്ചിട്ടുള്ളതിന് നന്ദി പ്രകാശിപ്പിച്ചു. ബില്ലിനെക്കുറിച്ച് വ്യക്തമായ ധാരണയില്ലാതത്തിനാൽ ചർച്ചകൾക്കും വ്യക്തതയുണ്ടാവില്ല. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിൽ അക്കാദമിക് സമൂഹം പരാജയപ്പെട്ടിരിക്കുന്നു. കേരളത്തിൽ വിദ്യാഭ്യാസ പുരോഗതിയുണ്ടായപ്പോൾ ഉത്പാദനമേഖലയിൽ തകർച്ചയാണ്. രാഷ്ട്രീയ അക്കാദമിക് വൈരുദ്ധ്യത്തിന്റെ ആവശ്യമില്ല. ഈ രണ്ടു താൽപര്യങ്ങളും സമന്വയിച്ചു പോകണം. High education council വേണം. എന്നാൽ, അത് മററൊരു സർക്കാർ അനുബന്ധ സ്ഥാപനം ആകരുത് തുടങ്ങിയ അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ പ്രകടിപ്പിച്ചു.

ഇതിനുശേഷം സംസാരിച്ച ഡോ.പി.കെ.രാജന്റെ

നിരീക്ഷണങ്ങൾ സർവതല സ്പർശിയും യുക്തിയുക്തവും ആയിരുന്നു. ഒരു സംസ്ഥാനത്തെ സർവകലാശാലകളെ ഒററനിയമത്തിൽ തളച്ചിടുന്നതു ശരിയല്ല. അതാതിന്റെ വൈവിധ്യം നിലനിർത്തുന്നതിന് അതാതിന്റെ നിയമങ്ങൾ ഉണ്ടാകണം. ഏകീകൃത സർവകലാശാലാ നിയമം എന്ന സങ്കൽപം തന്നെ അംഗീകരിക്കാൻ പാടില്ല മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന ആശയങ്ങൾ.

ബില്ലിലെ വ്യവസ്ഥകൾ ഉന്നതവിദ്യാഭ്യാസത്തെ എങ്ങനെ പിന്നോട്ടടിക്കുന്നു എന്നു വ്യക്തമാക്കുന്ന വിധത്തിലാണ് ഡോ.നൈനാൻ കോശി തുടർന്നു സംസാരിച്ചത്. ഇന്നത്തെ സർവകലാശാല നിയമത്തിൽ നിലനിൽക്കുന്ന പ്രാതിനിധ്യസ്വഭാവം ആരുടേയും ഔദാര്യമല്ല. ഒരു സർവകലാശാലാ നിയമത്തെ വിലയിരുത്തുമ്പോൾ അത് അക്കാദമിക് രംഗത്ത് എന്തു പുരോഗതിയുണ്ടാക്കും എന്നും ഉന്നത വിദ്യാഭ്യാസരംഗത്തെ പ്രശ്നപരിഹാരത്തിന് എന്തു വ്യവസ്ഥകളാണ് അതിലുള്ളത് എന്നും അന്വേഷിക്കേണ്ടതുണ്ട്. സർവകലാശാലകളുടെ പരിമിതമായ സ്വയംഭരണത്തെപ്പോലും ഇല്ലാതാക്കുന്നതാണ് കൊണ്ടുവരാനുദ്ദേശിക്കുന്ന നിയമം. സെക്രട്ടേറിയററിലെ വിദ്യാഭ്യാസ വകുപ്പിൽ അധികാരം കേന്ദ്രീകരിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളത്. സർക്കാരിന് സർവകലാശാലകൾക്കുമേൽ കൂടുതൽ നിയന്ത്രണാധികാരം നൽകുന്നതൊഴിച്ചാൽ ഇവിടെ ഒരു അക്കാദമിക് ലക്ഷ്യവും പരാമർശിക്കുന്നില്ല. ചാൻസലർക്കുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന വ്യവസ്ഥകൾ ഉണ്ട്. ചാൻസലറുടെ അധികാരങ്ങൾക്കു മുകളിലുള്ള അധികാരം പ്രോചാൻസലർക്കു നൽകിയിരിക്കുന്നു. സർക്കാരിന് സർവകലാശാലകളുടെ ഭരണത്തിൽ എപ്പോൾ വേണമെങ്കിലും ഇടപെടാനുള്ള അധികാരം ഇതു നൽകുന്നു. യൂണിവേഴ്സിററി ആക്ടിനു പുറത്തുള്ള ഒരു അധികാരകേന്ദ്രമായിട്ടാണ് **Higher education council** ന്റെ നില. വ്യവസായ സ്ഥാപനങ്ങളുടെ കച്ചവട താൽപര്യങ്ങൾക്ക് ക്യാമ്പസിനുള്ളിൽ കടന്നു കയറാനുള്ള അവസരം പുതിയ ബില്ല് നൽകുന്നു. ഈ ബില്ല് ജനാധിപത്യവിരുദ്ധവും വിദ്യാഭ്യാസമേഖലയെ പിന്നോട്ടു നയിക്കുന്നതുമാണ്. അതിനാൽ ഇത് അംഗീകരിക്കാൻ അനുവദിക്കരുത്.

സാമൂഹികമായ ഒരു കാഴ്ചപ്പാടിൽ ഊന്നിയായിരുന്നു സ.സി.പി.നാരായണൻ തുടർന്നു സംസാരിച്ചത്. സ്വകാര്യമേഖലയിലെ സാമുദായികശക്തികളുടെ ഇടപെടൽ വ്യക്തമായി മനസ്സിലാക്കേണ്ടതുണ്ട്. രാഷ്ട്രീയ നേതൃത്വവും ഉദ്യോഗസ്ഥരും, സാമുദായികശക്തികളും അടങ്ങുന്ന ത്രിമൂർത്തികളാണ് ഈ മേഖലയിൽ ഇന്നുള്ളതും. ആഗോളവൽക്കരണം രൂക്ഷമായ രീതിയിൽ ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുന്നു. കഴിഞ്ഞ കാലങ്ങളിൽ വിദ്യാഭ്യാസ വകുപ്പു കൈകാര്യം ചെയ്ത മന്ത്രിമാരും ഉദ്യോഗസ്ഥരും സാമുദായികശക്തികളുടെ പ്രതിനിധികളായിരുന്നു. മുൻകാല സർവകലാശാലാ നിയമങ്ങളിൽ സാമുദായികശക്തികളെ നിലയ്ക്കു നിർത്താനുള്ള വ്യവസ്ഥകളായിരുന്നു ഉണ്ടായിരുന്നത്. മുൻകാലങ്ങളിൽ കേരളത്തിലെ സാമുദായികശക്തികൾ ജനങ്ങൾക്ക് സാമൂഹിക നീതി നൽകിയിരുന്നു. ഇന്ന് അവരുടെ പിൻമുറക്കാർ അതിൽനിന്നും പിന്നോട്ടു പോയിരിക്കുന്നു. അതിനാൽ സാമുദായികശക്തികളെ നിയന്ത്രിക്കുന്ന തരത്തിലേക്കു വന്നാലെ വിദ്യാഭ്യാസപുരോഗതിയുണ്ടാവു.

തുടർന്ന് ഡോ. എൻ.കെ.ജയകുമാർ സംസാരിച്ചു. ഏകീകൃതം ആവശ്യമില്ല എന്നും സർവകലാശാലകളുടെ സ്വയംഭരണം നഷ്ടപ്പെടുത്തരുത് എന്നും അദ്ദേഹം സൂചിപ്പിച്ചു. യഥാർത്ഥത്തിൽ സ്വകാര്യ നിക്ഷേപകരെ കേന്ദ്ര ബിന്ദുവാക്കിക്കൊണ്ടുള്ള വ്യവസായിക താൽപര്യമാണ് ഈ ബില്ലിൽ പ്രതിഫലിക്കുന്നതെന്ന് അദ്ദേഹം സൂചിപ്പിച്ചു.

കേരള സിൻഡിക്കേററംഗം ശ്രീ മോഹൻ കുമാറിന്റെ പ്രസംഗവും ഏകീകൃതനിയമത്തെ പൂർണ്ണമായും പരാജയപ്പെടുത്തേണ്ടതിൻെറ ആവശ്യതയെ സൂചിപ്പിച്ചുകൊണ്ടുള്ളതായിരുന്നു. സൂക്ഷ്മരൂപത്തിൽ ഒരു ചർച്ച ഇപ്പോൾ ആവശ്യമില്ല. സ്ഥൂലരൂപത്തിൽ അത് അംഗീകരിക്കാൻ കഴിഞ്ഞാലേ അതു വേണ്ടു. ആഗോളതലത്തിൽ സർവകലാശാലകൾക്ക് ഓട്ടോണമി ഉണ്ട്. അത് ഇവിടെയും നിലനിർത്തണം. നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാററം വരുത്തുകയാണു വേണ്ടത്. അല്ലാതെ സർവകലാശാലകളെ ഏകീകൃത നിയമത്തിൽ കൂട്ടിക്കെട്ടേണ്ട കാര്യമില്ല. സമ്മേളനത്തിൽ എസ്.എഫ്.ഐയിൽ നിന്നും സ.ബിജു, പ്രൊഫ. എ. ആർ.രാജൻ കെ.യു.ടി.എ) ശ്രീ. രാമചന്ദ്രൻ(യൂണിവേഴ്സിററി എംപ്ലോയീസ് യൂണിയൻ), ശ്രീ.ജയപാലൻ (എ.കെ.ജി.സി.ടി) തുടങ്ങിയവരും സംസാരിച്ചു. ഇവരെല്ലാം തന്നെ പുതിയ ബില്ലിൽ അടങ്ങിയിട്ടുള്ള അപകടങ്ങൾ എടുത്തുകാട്ടുകയും ഈ ബില്ലു പരാജയപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുകയും ചെയ്തു.

വിദ്യാഭ്യാസ അസംബ്ളിയിൽ ഇരുന്നൂറിലധികം അംഗങ്ങൾ പങ്കെടുത്തു. സമ്മേളനത്തിന്റെ അവസാനത്തിൽ തിരു:ജില്ലാ സെക്രട്ടറി എസ്.സതീഷ്ചന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു. ■

തയ്യാറാക്കിയത്
**പ്രൊഫ. സോമൻ നാടാർ**
മാർ ഇവാനിയോസ് കോളജ്,
തിരുവനന്തപുരം

# ഏകീകൃത സർവകലാശാലാ നിയമം - സ്വയംഭരണത്തിന്റെ നിഷേധം

ഡോ. പി. കെ. രാജൻ
വൈസ് ചാൻസലർ, കണ്ണൂർ സർവ്വകലാശാല

**(വിദ്യാഭ്യാസ അസംബ്ലിയിൽ ചെയ്ത പ്രസംഗം)**

ബില്ലിന്റെ പൂർണ്ണരൂപം കാണാൻ സാധിക്കാത്തതിനാൽ അതിലെ വ്യവസ്ഥകളെക്കുറിച്ചുള്ള സൂക്ഷ്മവിശകലനത്തിലേയ്ക്ക് കടക്കുന്നില്ല എന്ന മുഖവുരയോടെയാണ് ഡോ.പി.കെ. രാജൻ പ്രസംഗം ആരംഭിച്ചത്. തുടർന്ന് അദ്ദേഹം നടത്തുന്ന നിരീക്ഷണം വിഷയത്തെ ആഴത്തിൽ സ്പർശിക്കുന്നതാണ്. എന്റെ അറിവിൽ ഈ ബില്ല് കേരളത്തിലെ വിദ്യാഭ്യാസരംഗത്തെ പുരോഗതിയിലേയ്ക്കു നയിക്കുന്നില്ല; അത് പിന്നോട്ടു നയിക്കുകയും ചെയ്യുന്നു. ഒരു സംസ്ഥാനത്തെ സർവകലാശാലകളെ ഒററ നിയമത്തിൽ തളച്ചിടുന്നത് ശരിയല്ല ഓരോന്നിനും അതാതിന്റെ വൈവിധ്യം നിലനിർത്തുന്നതിന് അതാതിന്റേതായ നിയമം ഉണ്ടാകണം. ഉദാഹരണത്തിന് കണ്ണൂർ സർവകലാശാലയുടെ സ്വഭാവം കേരള-കോഴിക്കോട് സർവകലാശാലഖളുടെ സ്വഭാവത്തിൽ നിന്നും ഭിന്നമാണ്. കണ്ണൂർ യൂണിവേഴ്സിററി ഒരു മൾട്ടി കാമ്പസ് യൂണിവേഴ്സിററി ആണ്. പുതിയ സർവകലാശാലകൾക്കു രൂപം നൽകുമ്പോളതിന് ഇതര ഭിന്നമായ വ്യക്തിത്വം നൽകണം. മാത്രമല്ല കാലത്തിനനുസരിച്ച് ഏതെങ്കിലും ഒന്നിൽ മാററം വരുത്തണമെങ്കിൽ അതിനും കഴിയണം. അതിനാൽ ഏകീകൃത സർവകലാശാലാ നിയമം പാടില്ല തന്നെ. ഏതെങ്കിലും സർവകലാശാലയിൽ ഒരു പ്രശ്നമുണ്ടായാൽ അതിനുവേണ്ടിയുള്ള നിയമം മാററുമ്പോൾ പൊതുനിയമം മാറേറണ്ട സ്ഥിതി ഉണ്ടാകാൻ പാടില്ല. യു.ജി.സി തന്നെ യൂണിവേഴ്സിററികൾക്ക് ഒരു പ്രത്യേക മാതൃക പറയുന്നില്ല. അതിനാൽ ഈ ഏകീകൃതക്കാർ സർവ്വകലാശാലാ സങ്കൽപത്തെ തന്നെ അവഹേളിക്കുകയാണ് ചെയ്യുന്നത്.

ഏകീകൃതത്തിന്റെ അടിസ്ഥാന സ്വഭാവം തന്നെ സർവകലാശാലകളുടെ ഓട്ടോണമിയുടെ നിഷേധമാണ്. ഓട്ടോണമിയുടെ ദുരുപയോഗം മുമ്പ് പലപ്പോഴും ഉണ്ടായിട്ടുണ്ട്. പാരമ്പര്യത്തിന്റെ അഭാവം കൊണ്ടോ ചർച്ചകളുടെ അഭാവംകൊണ്ടോ ആകാം അതു സംഭവിച്ചത്. അതു പരിഹരിച്ച് ഓട്ടോണമിയെ ബലപ്പെടുത്തുകയാണു വേണ്ടത്. ഓട്ടോണമിയെ നിഷേധിക്കുന്ന ഘടകങ്ങൾ ഈ ബില്ലിൽ അടങ്ങിയിട്ടുണ്ട്. ഇതിൽ പറയുന്ന നോമിനേഷനുകൾ അതിനൊന്നാണ്. വിദ്യാഭ്യാസ മന്ത്രിയിൽ അധികാര കേന്ദ്രീകരണം നടത്തുക എന്നതാണ് രണ്ടാമത്തേത്. ഇതിലൂടെ സർവകലാശാലകളുടെ ഭരണം സെക്രട്ടേറിയററിലെ ഉദ്യോഗസ്ഥന്മാരിലെത്തും. മൂന്നാമത്തെ ഘടകം Higher education council ആണ്. കേരളമാകെ വ്യാപിക്കുന്ന ഒരു Super University-യുടെ സ്വഭാവമാണ് ഇതിനുള്ളത്. ഇതൊരു പ്രാകൃത സങ്കൽപമാണ്.

സർവകലാശാലാ ബോഡികളുടെ ജനാധിപത്യസ്വഭാവത്തെ ഇല്ലാതാക്കുന്നു. പ്രാതിനിധ്യസ്വഭാവമില്ലാത്ത വ്യക്തികളെപ്പോലും രാഷ്ട്രീയത്തിന്റെ പേരിൽ നോമിനേഷൻ നടത്തുന്നു. ഇതുവരെയുള്ള കേരളത്തിന്റെ സർവകലാശാലാ നിയമങ്ങളിൽ ഓട്ടോണമിയും പ്രാതിനിധ്യസ്വഭാവവും നിലനിർത്തിയിരുന്നു. ഓട്ടോണമി ശരിയായ രീതിയിൽ നിലനിർത്തുന്നതിൽ പരാജയങ്ങൾ ഉണ്ടായിട്ടുണ്ട്. ഓട്ടോണമിയുടെ ദുരുപയോഗം തടയാൻ അദ്ധ്യാപകസമൂഹത്തിനും കഴിഞ്ഞില്ല. സ്വയം വിമർശനപരമായി ഇതിനെ കാണേണ്ടതാണ്.

ഇന്ന് നിലവിലുള്ള നിയമങ്ങളിൽ കാലാനുസൃതമായ മാററങ്ങൾ വരുത്തി ഓരോ സർവകലാശാലയ്ക്കും പ്രത്യേകം പ്രത്യേകം നിയമുണ്ടാക്കാൻ അദ്ധ്യാപകർ ശ്രമിക്കണം. സർവകലാശാലാ നിയമം ഉണ്ടാക്കേണ്ടത് അക്കാദമിഷ്യൻസ് ആണ്. അവർ ഉണ്ടാക്കി മററിടങ്ങളിൽ ചർച്ച ചെയ്യണം. ■

# സർവ്വകലാശാല നിയമഭേദഗതി:

# നയസമീപനങ്ങളിൽ സമവായമുണ്ടാകണം

**എ.കെ.പി.സി.ടി.എ യുടെ 6.7.2003 ൽ തിരുവനന്തപുരത്ത് ചേർന്ന സംസ്ഥാന കമ്മിററി അംഗീകരിച്ച പ്രമേയം**

1. നിർദ്ദിഷ്ട കേരള യൂണിവേഴ്സിററീസ് ബിൽ 2003 അതേപടി നിയമമാക്കണമെന്ന് സർക്കാരിന് നിർബ ന്ധമില്ലെന്നും സർവ്വകലാശാലാ നിയമഭേദഗതികളെ സംബന്ധിച്ച് ചർച്ചയിലൂടെ സമവായം കണ്ടെത്താൻ തയ്യാറാണെന്നും സർവകക്ഷി യോഗത്തിൽ മുഖ്യമ ന്ത്രി എടുത്ത നിലപാട് സ്വാഗതം ചെയ്യുന്നു.
2. കരടു ബില്ലിലെ ചില വ്യവസ്ഥകളെ കുറിച്ചോ സർ വ്വകലാശാലാ സമിതികളിലെ ചില ഘടകങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ചോ ചർച്ച നടത്തി ഇക്കാര്യ ത്തിൽ സമവായം കണ്ടെത്താനാവില്ല. ഉപരിപ്ലവമായ ചർച്ചകൾക്കു പകരം ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാനപരമായ പ്രശ്നങ്ങൾക്ക് പരിഹാരം കാ ണുന്നതിന്റെ ഭാഗമായി, സർവ്വകലാശാലാ നിയമങ്ങ ളിൽ അവശ്യമായ മാററങ്ങൾ വരുത്തുന്നതിനെകു റിച്ച് അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിന് സർ ക്കാർ തയ്യാറാകണം.
3. ഉന്നത വിദ്യാഭ്യസ രംഗത്ത് സാമൂഹ്യ നീതിയും ഗു ണമേന്മയും ഒരുമിച്ച് ഉറപ്പാക്കുന്നതിനും സർവ്വക ലാശാലകളിലും കോളജുകളിലും പഠനവും ഗവേ ഷണവും സാമൂഹ്യസേവനവും സമന്വയിപ്പിച്ചുകൊ ണ്ട് കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനും നിലവിലുള്ള നിയമ വ്യവസ്ഥകളിൽ മാററങ്ങളുണ്ടാ കേണ്ടതാണ്.
4. ആഴത്തിലുള്ള പഠനങ്ങളുടെ അടിസ്ഥാനത്തിൽ സമീപന രേഖ തയ്യാറാക്കി അവതരിപ്പിച്ചുകൊണ്ട് നിയമഭേദഗതിയെക്കുറിച്ച് സർക്കാർ ചർച്ചയ്ക്കു ക ളമൊരുക്കണം. 1990ലെ ജ്ഞാനം കമ്മിററി (UGC) റിപ്പോർട്ടും അതിന്മേൽ കേന്ദ്ര വിദ്യാഭ്യാസ ഉപദേശക സമിതി (CABE) നടത്തിയ. നിരീക്ഷണങ്ങളും കേര ളത്തിന്റെ സവിശേഷമായ വിദ്യാഭ്യാസ-സാമൂഹ്യ പശ്ചാത്തലത്തിൽ വിലയിരുത്തണം. കേരള, മഹാ ത്മഗാന്ധി, കോഴിക്കോട് സർവ്വകലാശാലകളിലെ കമ്മീഷൻ റിപ്പോർട്ടുകളും പരിശോധിക്കേണ്ടതുണ്ട്. ഇന്ത്യയിലെ മററ് പ്രമുഖ സർവ്വകലാശാലകളിൽ നി ലവിലുള്ള വ്യത്യസ്തങ്ങളായ നിയമവ്യവസ്ഥകളും ഇതോടൊപ്പം പരിശോധിച്ചുകൊണ്ട് ദേശീയ കാഴ്ച പ്പാടും പ്രാദേശിക ആവശ്യങ്ങളും സമന്വയിപ്പിക്കുന്ന സമീപനം ഉണ്ടാകേണ്ടിയിരിക്കുന്നു.
5. സർവ്വകലാശാലകളിൽ നിയമനിർമ്മാണം നടത്തുന്ന തിന് സംസ്ഥാന നിയമസഭകൾക്ക് സമ്പൂർണ്ണ അധി കാരമുണ്ട്. പാർലമെന്റ് എല്ലാ സർവ്വകലാശാലകൾ ക്കും ബാധകമായ മോഡൽ ആക്ട് പാസ്സാക്കിയിട്ടി ല്ല. കേന്ദ്ര മന്ത്രിസഭയ്ക്കോ യു.ജി.സി.ക്കോ സം സ്ഥാന സർവ്വകലാശാല നിയമങ്ങൾ സംബന്ധിച്ച് പ്രത്യേക നിബന്ധനകളൊന്നും ഇല്ലെന്ന് പാർലമെ ന്റിൽ തന്നെ മാനവശേഷി വികസന വകുപ്പ് സഹമ ന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാന ത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും യു.ജി.സിയുടെ യും നിബന്ധനകൾക്കനുസരിച്ച് മാത്രമെ നിയമനിർ മ്മാണം നടത്താവൂ എന്ന സർക്കാറിന്റെ നിലപാട് വസ്തുതകൾക്ക് നിരക്കുന്നതല്ല. നിയമനിർമ്മാണം സംബന്ധിച്ച് സത്യസന്ധവും സുതാര്യവുമായ നി ലപാടുകൾ സംസ്ഥാന സർക്കാർ സ്വീകരിക്കണം.
6. വിവിധ സർവ്വകലാശാലകളിലെ നിയമങ്ങൾ ഏകീ കരിക്കുക എന്ന ആശയം അടിസ്ഥാനപരമായി ശരി യല്ല. ഏകീകരണം വേണ്ടത് സ്കൂൾ വിദ്യാഭ്യാസ

രംഗത്താണ്. ഉന്നതവിദ്യാഭ്യാസ രംഗത്ത് വൈവിദ്ധ്യവൽക്കരണത്തിനാവണം ഊന്നൽ. ചലനാത്മകമായ സമൂഹത്തിൽ പരീക്ഷണങ്ങൾക്കും പരിഷ്കാരങ്ങൾക്കും സഹായകമായ രീതിയിൽ ഓരോ സർവ്വകലാശാലയുടെയും നിയമങ്ങൾ പ്രത്യേകം തയ്യാറാക്കുന്നതാണ് നല്ലത്. അതുകൊണ്ട് തന്നെ സർവ്വകലാശാല നിയമങ്ങൾ ഏകീകരിക്കുക എന്ന യു.ഡി. എഫ്. നയത്തിൽ മാററമുണ്ടാകണം. ഓരോ സർവ്വകാലാശാലയിലും നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലാനുസൃതമായി വേണ്ട മാററങ്ങൾ വരുത്തുകയാണ് വേണ്ടത്.

7. ഓരോ സർവ്വകലാശാലയുടെയും നിയമങ്ങൾ മററ് സർവകലാശാലകളിൽ നിന്ന് വ്യത്യസ്തമാകുമ്പോൾ തന്നെ ചില അടിസ്ഥാന തത്വങ്ങളുടെ കാര്യത്തിൽ എല്ലാ സർവ്വകലാശാലകൾക്കും ബാധകമായ പൊതു സമീപനം കൈക്കൊള്ളേണ്ടതുണ്ട്. താഴെ പറയുന്ന കാര്യങ്ങളിലാണ് സമാനത ഉണ്ടാകേണ്ടത്.

**a) ജനാധിപത്യ ഭരണ സംവിധാനം ശക്തിപ്പെടുത്തുക**

ഇപ്പോൾ കേരള, കോഴിക്കോട് സർവ്വകലാശാലകളിൽ മാത്രമാണ് ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികൾ നിലവിലുള്ളത്. മഹാത്മാഗാന്ധിയിലും കണ്ണൂരിലും നാമനിർദ്ദേശം ചെയ്യപ്പെട്ട സമിതികളാണുള്ളത്. മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം തയ്യാറാക്കിയപ്പോൾ തിരഞ്ഞെടുക്കപ്പെട്ട സമിതികൾ പാടില്ലെന്ന് അന്നത്തെ കേന്ദ്രഗവൺമെന്റും യു.ജി.സിയും നിർബന്ധം പിടിച്ചിരുന്നു. മാധുരി ഷാ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇത്തരമൊരു നിലപാട് സ്വീകരിച്ചിരുന്നത്. ഇതിനുശേഷം ജ്ഞാനം കമ്മീഷനും ജനാധിപത്യ സമിതികൾക്കെതിരെ നിലപാട് സ്വീകരിച്ചെങ്കിലും കമ്മീഷന്റെ ജനാധിപത്യ വിരുദ്ധ നിലപാട് 92ൽ കേന്ദ്ര വിദ്യാഭ്യാസ ഉപദേശക സമിതി (CABE) തള്ളിക്കളയുകയാണ് ഉണ്ടായത്. 94ൽ നിലവിൽ വന്ന മഹാരാഷ്ട്ര യൂണിവേഴ്സിററീസ് ആക്ടിൽ ജനാധിപത്യ ഭരണക്രമങ്ങളെ ശക്തിപ്പെടുത്തുന്ന സമീപനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ഇത്തരം ഒരു സാഹചര്യത്തിൽ കണ്ണൂർ സർവ്വകലാശാല നിയമത്തിലെ ജനാധിപത്യ പ്രാതിനിധ്യ വ്യവസ്ഥകളിൽ മാററങ്ങൾ വരുത്തേണ്ട യാതൊരു സാഹചര്യവും ഉണ്ടായിരുന്നില്ല. തിരുവനന്തപുരത്തും കോഴിക്കോട്ടും നിലവിലുള്ള ജനാധിപത്യ ഭരണക്രമങ്ങൾ ഇല്ലാതാക്കുന്നതിനുപകരം കോട്ടയത്തും കണ്ണൂരും കൂടി ജനാധിപത്യം പുനഃസ്ഥാപിക്കാൻ വേണ്ട നിയമനിർമ്മാണം നടത്തണം. സർവ്വകലാശാലകളിൽ ജനാധിപത്യം വേണ്ട എന്ന നിലപാട് അപകടകരമാണ്. ഭാവിയിൽ മററു മണ്ഡലങ്ങളിലും ജനാധിപത്യം ആഡംബരമാണെന്നുള്ള വാദത്തിലേക്കുള്ള ആദ്യത്തെ ചുവടുവയ്പാണിത്. ഫാഷിസത്തിലേക്കുള്ള ഈ പോക്ക് മുളയിലെ നുള്ളേണ്ടതുണ്ട്. കോടതികൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന രാഷ്ട്രീയ വിരുദ്ധവും സംഘടനാ വിരുദ്ധവുമായ നിലപാടുകൾ കൂടി കണക്കിലെടുക്കുമ്പോൾ ജനാധിപത്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത മുമ്പെന്നത്തേക്കാളേറെ വർദ്ധിച്ചിരിക്കുകയാണ്.

**b) അധികാരവികേന്ദ്രീകരണം നടപ്പാക്കുക**

ജനാധിപത്യ ഭരണക്രമത്തിന് പൂരകമായി അധികാര വികേന്ദ്രീകരണവും നടത്തേണ്ടതുണ്ട്. നിർദ്ദിഷ്ട ബില്ലിൽ അധികാര കേന്ദ്രീകരണത്തിനാണ് പ്രാധാന്യം. സമൂഹത്തിന്റെ പരിഛേദമായ സെനററിനുള്ള അധികാരങ്ങൾ മുഴുവൻ എക്സിക്യൂട്ടീവ് കൗൺസിലിലും കൗൺസിലിന്റെ അധികാരങ്ങൾ വകുപ്പ് മന്ത്രിയിലും മന്ത്രിയുടെ അധികാരങ്ങൾ പ്രയോഗത്തിൽ വകുപ്പ് സെക്രട്ടറിയിലും കേന്ദ്രീകരിക്കാനാണ് നീക്കം. ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ ഘടനയും നിയമാവലിയും അധികാരകേന്ദ്രീകരണത്തിന് വഴിയൊരുക്കുന്നു. ഇത് സംബന്ധമായ പൊതുവിമർശനം വ്യാപകമായി ഉയർന്നു വന്നപ്പോൾ മന്ത്രിക്ക് നേരിട്ട് അധികാരം നൽകുന്ന വകുപ്പ് ഒഴിവാക്കാൻ തയ്യാറായിട്ടുണ്ടെന്നാണ് പറഞ്ഞു കേൾക്കുന്നത്. എന്നിരുന്നാലും പല വകുപ്പുകളിലൂടെ മന്ത്രിക്ക് പരോക്ഷമായി അമിതാധികാരം നൽകുന്ന വ്യവസ്ഥകൾ ചിതറിക്കിടപ്പുണ്ട്. ഇതിന് പരിഹാരം ഉണ്ടാക്കണം. മാത്രവുമല്ല, സർവ്വകലാശാലകളിലും കോളജുകളിലും നിലവിലുള്ള അധികാര സംവിധാനങ്ങൾ വികേന്ദ്രീകൃത മാതൃകയിൽ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇപ്പോഴുള്ള വീഴ്ചകൾക്ക് പരിഹാരം കാണണം.

**c) സർവ്വകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കണം**

സർവ്വകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കണമെന്ന് കോത്താരി മുതൽ ജ്ഞാനംവരെയുള്ള എല്ലാ വിദ്യാഭ്യാസ കമ്മീഷനുകളും അടിവരയിട്ടു പറഞ്ഞിട്ടുള്ളതാണ്. നിർദ്ദിഷ്ട ബില്ലിൽ സർവ്വകലാശാലകളുടെ നിലവിലുള്ള സ്വയം ഭരണാധികാരങ്ങൾ ഒട്ടേറെ ചോർത്തിയെടുത്തിട്ടുണ്ട്. ഒരു ഭാഗത്ത് സർക്കാരും മറുഭാഗത്ത് മാനേജ്മെന്റുകളുമാണ് ഇതിന്റെ ഗുണഭോക്താക്കൾ. അക്കാദമികവും ഭരണപരവുമായ സ്വയംഭരണം സർവ്വകലാശാലകൾക്ക് നൽകണം. സാമ്പത്തികമായ കാര്യങ്ങളിൽ വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാലകളുടെ മേൽ സർക്കാരിന് പൊതു നിയന്ത്രണം ആകാം. സർവ്വകലാശാലകളുടെ സ്വയം ഭരണത്തിന്റെ കാവൽ ഭടൻ എന്ന നിലയിൽ ചാൻസി

വർക്കുള്ള അധികാരങ്ങൾ സംരക്ഷിക്കപ്പെടണം.

**d) അഫിലിയേററഡ് കോളജുകളുടെ മേലുള്ള നിയന്ത്രണം ശക്തിപ്പെടുത്തുക**

2005 ജനുവരിയിൽ നിലവിൽ വരുന്ന അന്താരാഷ്ട്ര സേവന ഉടമ്പടി (GATS) യുടെ വ്യവസ്ഥകൾക്കനുസരിച്ച് സംസ്ഥാനത്തെ സ്വകാര്യ കോളജുകൾക്ക് വിദ്യാഭ്യാസ കച്ചവടം നടത്തുന്നതിനുള്ള സ്വാതന്ത്ര്യമാണ് യു.ഡി.എഫ്. നൽകാനുദ്ദേശിക്കുന്നത്. നിർദ്ദിഷ്ട ബില്ലിൽ അഫിലിയേററഡ് കോളജുകളുടെ മേൽ സർവ്വകലാശാലകൾക്കുള്ള അധികാരങ്ങൾ വെട്ടിക്കുറച്ചിരിക്കുന്നു. ജനാധിപത്യ സംവിധാനങ്ങൾ പരിമിതമായെങ്കിലുമുള്ള യൂണിവേഴ്സിററികളുടെ സ്വയംഭരണം ഇല്ലാതാക്കുമ്പോൾ അത്തരം സംവിധാനങ്ങളൊന്നുമില്ലാതെ സ്വകാര്യകോളജുകൾക്ക് സമ്പൂർണ്ണ സ്വയംഭരണം നൽകാനുള്ള വകുപ്പുകൾ നിർദ്ദിഷ്ട ബില്ലിലുണ്ട്. എഞ്ചിനിയറീംഗ് കോളജുകളിൽ 3000 രൂപയിൽ നിന്ന് 36000 രൂപയായി ഫീസ് വർദ്ധിപ്പിക്കാൻ സർക്കാരെടുത്ത തീരുമാനം നോൺ പ്രൊഫഷണൽ മേഖലയിലേക്കും വ്യാപിപ്പിക്കാനാണ് നീക്കം. ഇതിന് പുറമെ സുപ്രീം കോടതി നിരോധിച്ച ക്യാപ്പിറേഷൻ ഫീസ് ഡൊണേഷൻ എന്ന പേരിൽ പിരിച്ചെടുക്കാനും ബില്ലിൽ വ്യവസ്ഥ ഉണ്ടാക്കിയിരിക്കുന്നു. സർക്കാരിന്റെയും സമൂഹത്തിന്റെയും ധനസഹായത്തോടുകൂടി കെട്ടിപ്പടുത്ത സ്വകാര്യകോളജുകളിൽ നിന്നും സമൂഹത്തിന്റെ താഴേക്കിടയിലുള്ളവരെ ആട്ടിപ്പുറത്താക്കുകയാണ് ബില്ലിന്റെ ലക്ഷ്യം. ആഗോളവൽക്കരണത്തിന്റെയും കമ്പോളവൽക്കരണത്തിന്റെയും പശ്ചാത്തലത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേന്മയും ഉറപ്പാക്കുന്നതിനുവേണ്ടി സ്വകാര്യ കോളജുകളുടെമേൽ ശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണം. എയ്ഡഡ് അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ അക്കാദമികവും ഭരണപരവുമായ കാര്യങ്ങളിൽ തുല്യനിയന്ത്രണങ്ങളാണ് വേണ്ടത്. സാമ്പത്തിക കാര്യങ്ങളിൽ വ്യക്തമായ വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് - അൺ എയ്ഡഡ് കോളജുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തണം. എയ്ഡഡ് കോളജുകളിൽ അൺ എയിഡഡ് കോഴ്സുകൾ നിരോധിക്കണം.

**e) യൂണിവേഴ്സിററി സമിതികളിലെ ഉദ്യോഗസ്ഥ മേധാവിത്വം ഒഴിവാക്കണം; അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കണം.**

സെനററ്, അക്കാദമിക് കൗൺസിൽ, സിൻഡിക്കേററ്, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ തുടങ്ങിയ സമിതികളിൽ സർക്കാരുദ്യോഗസ്ഥർക്ക് മുൻതൂക്കം ലഭിക്കരുത്. അക്കാദമിക് അജണ്ടക്കു പ്രാധാന്യം നൽകുംവിധം യൂണിവേഴ്സിററി തലത്തിലും കോളജ് തലത്തിലുമുള്ള വിവിധ സമിതികളിലെ അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം വർദ്ധിപ്പിക്കണം. നിർദ്ദിഷ്ട ബില്ലിൽ സർവ്വകലാശാലാ സമിതികളിൽ അദ്ധ്യാപകരുടെ പ്രാതിനിധ്യം കുറക്കുകയും മാനേജർമാരുടെ പ്രാതിനിധ്യം കൂട്ടുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കോളജുകളുടെ ഗവേണിംഗ് ബോഡികളിൽ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും നിലവിലുള പ്രാതിനിധ്യം പോലും എടുത്തുകളഞ്ഞിരിക്കുന്നു. അദ്ധ്യാപക-വിദ്യാർത്ഥി പ്രാതിനിധ്യം എല്ലാ സമിതികളിലും ശക്തിപ്പെടുത്തണം.

**f) സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കണം**

യൂണിവേഴ്സിററികളിലെയും കോളജുകളിലെയും അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിലവിലുള്ള സേവന വേതന വ്യവസ്ഥകൾ സംരക്ഷിക്കപ്പെടണം. എയിഡഡ് കോളജദ്ധ്യാപകർക്കുള്ള സേവന വേതന വ്യവസ്ഥകൾ അൺ എയിഡഡ് മേഖലയിലും നടപ്പാക്കണം.

**g) അക്കൗണ്ടബലിററി ഉറപ്പാക്കണം**

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, അനദ്ധ്യാപകർ യൂണിവേഴ്സിററി ഭരണാധികാരികൾ എന്നിവർ തങ്ങളിലർപ്പിക്കപ്പെട്ട കർത്തവ്യങ്ങൾ കൃത്യമായി നിർവ്വഹിക്കുന്നു എന്നും കോളജുകളും യൂണിവേഴ്സിററികളും പൊതുസമൂഹത്തോടുള്ള കടമകൾ നിറവേററുന്നു എന്നും ഉറപ്പുവരുത്തുക. വ്യക്തികളുടെ തലത്തിലും സ്ഥാപനങ്ങളുടെ തലത്തിലും അക്കൗണ്ടബിലിററി ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക.

**h) ഉന്നതവിദ്യാഭ്യാസ കൗൺസിൽ: പ്രത്യേക നിയമം വേണം**

നിർദ്ദിഷ്ട ബില്ലിൽ 4 അഫിലിയേററിംഗ് സർവ്വകലാശാലകളുടെ മേൽ ഭരണം നടത്തുന്നതിന് അധികാരമുള്ള സമിതിയായാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ വിവക്ഷിച്ചിരിക്കുന്നത്. എന്നാൽ യു.ജി.സി. നിലപാട് ഇതിന് വിരുദ്ധമാണ്. ഉന്നതവിദ്യാഭ്യാസം സംബന്ധിച്ച് നയരൂപീകരണം നടത്തുന്നതിന് സർക്കാരിന് ഉപദേശം നൽകുന്ന സമിതിയായിരിക്കണം ഹയർ എഡ്യൂക്കേഷൻ കൗൺസിൽ. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള കോ-ഓർഡിനേററിംഗ് ഏജൻസിയായും ഉന്നതവിദ്യാഭ്യാസ കൗൺസിൽ പ്രവർത്തിക്കണം. ഇതിന് സഹായകമായ രീതിയിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ രൂപീകരിക്കുന്നതിന് പ്രത്യേക നിയമ നിർമ്മാണം നടത്തണം.

മേൽപറഞ്ഞ അടിസ്ഥാന സമീപനങ്ങളുടെ വെളിച്ചത്തിൽ വിശദാംശങ്ങൾ ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാണോ എന്നാണ് ഇനി വ്യക്തമാക്കേണ്ടത്. ■

UNIFIED UNIVERSITIES ACT

# Alternative Agenda for Reforms

*Submitted for further discussion by AKPCTA branches on the basis of the policey frame work on Universiy Laws evolved by the State Committee. Responses should be sent to the State Committee Office on or before 31st August 2003*

## Unified Act

The affiliating Universities in the State (Kerala, Mahatma Gandhi, Calicut and Kannur) are at present governed by different Acts.The Government are now proposing to bring the four Universities with in the purview of a single Act. Kerala Universities Act 2003 proposed to be introduced in the Assembly is a step in this direction.

The concept of uniform laws pertaining to various Universities is opposed to the principles of diversification, experimentation and innovation which are the hallmark of the University system. The very purpose of the establishment of different universities could be defeated by the new legislation.

## Why Reforms?

This does not imply that there should be no change whatever in laws relating to Universities. Laws relating to Kerala and Calicut were enacted in 1974 and '75 respectively. Some of their provisions have become outdated and dysfunctional. Though Mahatma Gandhi and Kannur University Acts are of recent origin, they require more drastic changes to meet the challenges posed by unbridled commercialization of education. Regulatory measures must also be taken to contain the impact of GATS which will become operational from Jan 2005.The state legislature has full powers to enact laws in respect of state universities. The central government has clarified that it would not interfere with the powers of the state in this respect. This should set at rest speculations about the compulsions of Central / UGC norms in respect of legislations for state universities. However a study of the latest UGC Report (Gnanam Commission) on

the "Model Act" for Universities and the Recommendations of the CABE Committee on the Report should be undertaken before formulating the proposals for reforms. It would also be necessary to evaluate the various recommendations made by the Kerala, Mahatma Gandhi and Calicut University Commissions in this respect. In addition to this, the Government should try to evolve a consensus on the reforms required. Unfortunately the Government has neither done any homework nor engaged the public in any debate by openly stating its agenda,

The overall objective of any University Act should be to ensure equity and excellence in higher education coupled with greater efficiency in the working of the University system. The Act should also enable the university to participate in and contribute to the regional / national socio-economic development and to strive to inculcate the national values and goals, particularly the sense of nationality and integration, inter-religious tolerance and oneness of the Indian society and eradication of illiteracy, poverty and other social evils. The University will be able to perform its manifold functions by giving equal importance to teaching, research and extension.

## Strategies

The above goals have to be achieved through the following strategies which should be implemented through the various provisions of the Act/Statutes/Regulations/Ordinances. The managerial patterns of a University System must necessarily have an in-built flexibility to adapt itself quickly to the changing needs of the country and the region it serves and to carry out innovations and experiments. Any effort, therefore, to bring the structures of all Universities within the framework of a single pattern of university Act will prove to be an impediment in this process. It is obvious that different Acts require different types of changes. This means that the attempt should be to amend existing laws than to consolidate the laws relating to different Universities. However, it is necessary to identify the broad principles and provisions that all four Acts should share in common even as they could differ from one another in respect of certain unique features. The principles and features which should be fundamental to all Acts of all Universities are the following:

**(1) Autonomy of the University system**

University Autonomy should be considered an essential pre-requisite for ensuring academic excellence and development. The Acts of the Universities should be so designed as to strengthen the autonomous character and prevent external interference in the affairs of the universities. The universities should have complete autonomy in administrative and academic matters. They should also have financial autonomy as per guidelines formulated by the UGC/State Councils of Higher Education and agreed upon by the Universities and the Governments.

**(2) Accountability through a system of social and academic auditing.**

. Everyone in the University community should realize that autonomy and academic freedom do not free them from being accountable the academic community individually and collectively should be made accountable to society in concrete and visible terms. Accountability should be maintained at all levels. Accountability of the teachers through the Heads of Departments / Dean / Directors should be to the Vice-Chancellor and the various university bodies. The University through the Vice- Chancellor should be accountable to the society. Progress reports prepared by academic functionaries like Deans and Directors, Heads of Departments, etc. should be placed for consideration by the appropriate academic bodies and authorities. Colleges should also present such reports to their governing bodies and to the University. The Vice-Chancellor should report to the State

level bodies responsible for or entrusted with the functioning and growth of the educational system through an educational report outlining the performance of the University. The report should be placed before and debated by the academic and administrative bodies of the University. The report should also be placed before the state legislature.

Performance appraisal should be made at the levels of the individual faculty member, and college/department and at the larger level of the university system itself on the basis of sound quantifiable norms. The details of these should be worked out carefully by the teachers themselves through academic bodies. Performance of an academic institution, (say a Department/ Faculty/ College/University) should be evaluated at least every five years, by autonomous bodies comprising of experts on the basis of guidelines evolved by each University. 'Performance audit', must also be instituted within institutions to apprise them of short-comings and possibilities for improvement.

The concerned authorities of the University, i.e. Syndicate and Academic Council should supervise the work of the Departments through an appropriate reporting system to ensure that they are accountable for their powers and responsibilities

Administrative Appraisal should be carried out for the units of general administration and other supporting units through peer groups. The objective of these audits should be to assess the level of efficiency of the units in their assigned roles and to suggest steps for improvement. These reports should also be placed before and debated by the appropriate bodies of the University.

**(3) Democratization through a system of participatory management.**

Teachers' participation in decision making and implementation at various stages of university organization need not only be provided for but also fostered by a conducive structure and environment There should be consultative Committees for -teaching staff with their full participation.

Representation of teachers on various university authorities/bodies should normally be based on election, with provision for identification of different constituencies on the basis of seniority/cadre.

Student representatives to University should also be elected. Apart from existing bodies, Committees with student representation may also be set up at Department level to provide feed-back to the Academic Council. Student participation is also necessary in the following forums: [1] Committees concerned with the corporate life of students and extra curricular and co-curricular activities. [2] Advisory Committees for Hostels etc. [3] Committees for games, social service and cultural activities.

Students should be given opportunity for participating in the Senate, Syndicate, Academic Council Boards of Studies etc .The President and Secretary of students union should be ex-officio members of the Senate. Universities should have Students' Councils as in the Universities in Maharashtra. Acts/Statutes of Universities should provide creation of students' organizations including unions, membership of which should be voluntary

More women should be involved in the planning and management bodies of the departments /Faculties/ University. Towards this goal conventions and traditions should be established.

**(4) Decentralization of decision making and implementation, by specific division of powers and responsibilities among officers/ authorities/ bodies.**

Decentralization of the system is a must for the smooth and effective administration of university affairs. More powers should be delegated to the Deans/Heads so as to make the Faculties/Departments powerful instruments

for the advancement of knowledge. Various Committees should be formed at the level of Faculties/Departments with adequate powers of decision- making to deal with matters of admission, research, and budget etc. so that fewer items need go to the Academic/Executive Council. Adequate administrative and technical support should be provided to ensure that the concept of decentralization can be made operational.

The Faculty Council should be a middle level decision making body in which the Dean plays a vital role and is responsible to promote inter-departmental cooperation and coordination between the Departments and the higher authorities and executives. Each faculty should have a Faculty Council headed by a Dean responsible for the entire gamut of teaching, research and extension programmes of the departments within the faculty. Its emphasis should be on translating basic policies formulated by the university authorities into workable guidelines for the departments to follow. Adequate powers and authority need to be given to the Dean to enable him to coordinate and monitor the academic functioning of the departments

The Finance Committee, Planning & Monitoring Board (PMB), Board of Research, Board of Extension, Board of Evaluation, Admission and Academic Calendar Committee, Grievance Redressal Committee, Collegiate Council and Staff/ Student Welfare Committee etc.have been recommended to be established in every university system as statutory bodies committees. They should however, be subject to the overall control of the relevant university authorities [Syndicate and Academic Council]. More than one Committee could be put under one Pro-Vice-Chancellor Dean/ Director to avoid proliferation of office.

It would be desirable to structure the university with its largest units called Institutes devoted to a number of allied subjects or disciplines devoted to a number of allied subjects or disciplines in one or more faculties. An Institute must have full administrative, academic and financial autonomy, with decentralization down to each of its constituent units to the extent possible. University Post-Graduate Centres, set up at places other than the head quarters of the University, should also be allowed academic, financial and administrative autonomy within the framework of the guidelines formulated by the University.

Every affiliating University should establish an office of Dean of Colleges with the back-up of a Collegiate Council [in place of the existing College Development Council]. The Council should also be for the maintenance of standards of teaching in the Colleges. Affiliation of Colleges vests only with a Universities with the concurrence of State Govt., in regard to provision of grants. The UGC guidelines in this respect be taken into account in determining terms and conditions of affiliation.

Each college should aim at having a rational management framework. There should be clear cut delegation of authority by the Governing Board and Principal. Committees for student/ academic affairs like admissions, scholarships etc.may is constituted. Each College should have a Planning and Monitoring Cell to facilitate academic planning and monitoring. Administrative machinery should be available in all colleges for redressal of grievances and resolving of internal disputes.

The principal is the key person in the College being its academic and administrative head. His appointment should be based on a rigorous search and selection process. Appointment may be restricted to a period of five years. It will be most desirable for a college to categorize and manage its campus activities into [a] academic affairs, [b] student affairs, and [c] administrative affairs, and assign each to a competent member

of the faculty who could be designated as Dean [or Vice-Principal or Director or Co-coordinator] holding office for a term of say, three years. The Officer in-charge of each major area of management should be assisted by a small committee consisting of 2 or 3 teachers/hostel wardens etc.as the case may be. Students should be associated with the Committee for Student Affairs and academics

Universities with a large number of affiliated Institutions should establish regional centres or sub-campuses for colleges. Each sub-campuses should be autonomous within the broad guidelines laid down by the University and should be responsible for formulating courses, conducting examinations and evaluating answer scripts.

**(5) Debureaucratisation of the administrative machinery by ensuring greater participation of the academic community in decision making and implementation and by infusing the rationale of academics into the university administration.**

For development of higher education and research in universities, it is necessary and important that we take full advantage of the special facilities and resources available in institutions concerned with advanced work and research outside the universities, i.e. National Laboratories, other research organizations etc. The movement of persons, organized on the basis of a deliberate policy, between Government scientific departments would be of utmost value and benefit to all concerned. State Council for Higher Education may formulate well defined guidelines for the same.

Research Scientists and Scholars from the National Laboratories/Institutes be nominated on the bodies/authorities of the Universities particularly on the Academic Councils, Planning Boards, Faculties, Boards of Studies, and the Boards of Research and Extension.

Committee for University Teaching & Research to evolve academic norms and regulations for research In University Depts. Flexibility should be in-built for allowing inter-disciplinary courses and new emerging disciplines in frontier areas.

There should be a Board of Research and a Board for Extension Work. Vice-Chancellor or his nominee should be the Chairman of these Boards. Provision should be made for Extension in clear terms in the Acts of all Universities. Linkage of extension work to the award of degree may also be done by appropriate Statutes.

Appropriate representation of academics on university bodies like Senate, Syndicate and Academic Council should be provided. Care should be taken to ensure that the academic agenda gets the priority in the decision making bodies.

Any dispute arising out of a contract between the University and any of the employees may, at the request of the employee, be referred to a Tribunal of Arbitration. In addition, there could be a Standing Tribunal for Universities of the State, preferably a statutory body headed by a retired/sitting judge of the High Court who is assisted by academics/educationists such as Professors, Principals etc

The Academic Council should be vested with ultimate authority of making academic Regulations which are not at variance with the Act/ Statutes and which do not involve sizeable recurring financial commitments. Statutes on all administrative and financial matters should be formulated by the Senate while all the Academic Statutes should be decided upon by the Academic Council. Where a particular matter happens to be dual, i.e. partly academic and partly administrative, the Senate should have the powers to formulate Statutes, after obtaining the recommendations of the Academic Council

Each College should have a Planning and Monitoring Cell to facilitate academic planning and monitoring. Administrative machinery should be available in all colleges for redressal

of grievances and resolving of internal disputes

The Academic Council should be the principal authority to coordinate and exercise general supervision over the academic affairs of the University with full authority. It should also be responsible for maintenance of standards of teaching, examination, research and extension.

The non-academics or representatives of Government should not be members of the Academic Council. Representatives of the Departments/ Centers etc. Who are not members of the Academic Council should be invited to its meeting when important issues related to their subjects are to be discussed.

**(6)Broadening linkages of the university system with other social sub-systems.**

The Universities should have Students' Placement Committees. These should have close liaison with different kinds of employers and employment with a view to finding their requirements of trained personnel and giving advice to respective Boards of Studies to frame courses to such requirements. Emphasis should be given by the Students Placement to identify opportunities for employment/practical training of the students during long vacations and if possible, relate them to the curricular programmes being pursued by students, as is being done for students of Technology and Management.

An integrated counseling service on family life, counseling, drugs, aids etc. is necessary in the universities

**(7)Clear and unambiguous enunciation of the powers and responsibilities of the University**

In the light of our past experience, it becomes imperative that the powers of universities be spelt out in explicit, definite and specific terms and such powers, in turn, should indicate the obligations and responsibilities of the University system. These should include provisions to provide for

1) Inter- disciplinary courses for study and research and allow for adequate flexibility in the curricular-mix as required by the changing needs of society.
2) to make provision for research and advisory services and for that purpose to enter into appropriate arrangements with other institutions or bodies or industry, as the university may deem necessary.
3) Provide for and maintain common resource centres to be jointly utilized by a group of colleges in the region, in terms of library, laboratories, computer services etc.
4) To provide for instruction through 'Distance Learning" and "Open Approach', and for mobility of students from
   i) one university to another
   ii) Distance to formal stream and vice versa.
   iii) Combination of formal/non formal
5) To evolve an operational scheme of enforcing the accountability of teachers and non-teachers, and affiliated units to the University system.
6) To prescribe minimum work-load for teachers in accordance with the UGC norms
7) To establish a Grievance Redressal machinery to look into the grievance/ discontentment among the staff and students and seek to remedy them.
8) To generate resources by frugal and productive utilization of the university resources; and to explore new avenues of revenue-raising research and development activities such as consultancy based research projects and training and training programmes for outside agencies. SCHE should lay down guidelines/norms regarding sharing of consultancy fees between the consultant and the institution.
9) To make special provision for making the benefits of University education available to classes and communities which are socially and educationally backward, to economically weaker sections and women population specially from the rural and

backward segments.

10) To establish sub-campuses, for serving a group of colleges.

11) To prescribe Code of Ethics for the teachers, officers including Vice-Chancellors and Principals. Code of Conduct for the other staff and Code of Discipline for students

**(8) Strengthening the affiliating system by improving the leadership and regulatory roles of the university over affiliated colleges**

Every university having colleges affiliated to it should have a Collegiate Council presided over by the vice-Chancellor of the University and it should be the final authority on all matters connected with the collegiate wing of the University courses, conducting examinations, exercising supervision and control over colleges.

The powers of affiliation/dis-affiliation of Colleges should rest with the University with the concurrence of State Govt.in regard to provision of grants.

**(9) Clear enunciation of the relationship between the Government and the University**

The Governments should normally perform the role of a partner in the promotion of higher education and not that of exercising control.

The existing practice of grant/Annual maintenance grant by the State/Central Government (UGC) should continue for meeting recurring items of expenditure including salary, maintenance and contingent expenditure. In addition, there should be a regular annual increase of 10% of the non-salary component. increases in salary and allowances and other components should be automatically borne by the State Government/UGC. The State Government should also make a matching contribution to the developmental expenditure provided by the UGC.

By and large, the universities should be dependant on Governmental funding or promoting research. However, Universities should also be allowed to mobilize resources from industry and trade and developmental agencies for undertaking academically relevant research. The Block Grants for the State Universities should be fixed by the Government on the advice of the State Councils of Higher Education.

**(10) Clear enunciation of the rights and duties of students, teachers and non-teaching staff**

Kerala University Act has set the model in this regard by clearly defining the rights and responsibilities of teachers within the affiliating system .The statutes have stood the test of time by negotiating justice for private college teachers who are placed in the unenviable predicament of being answerable to the management, university and the government at the same time. The provisions relating to the service conditions of teachers and redressal of grievances should be incorporated in toto in any new legislation.

**(11)Planning and implementation**

The Universities should draw up an academic calendar every year listing the dates of admissions, schedule of academic terms, vacations, holding of examinations, declaration of results etc. Such a calendar should be implemented by each University leading to a common calendar for all the Universities in a State.

**(12) The Act should provide for:**

Objective a powers of the University

Chancellor

Vice-Chancellor

Pro-Vice-Chancellor [s]

Registrar

Finance Officer

Controller of Examinations

Other officers

Dean Curriculum

Dean College Development

Dean Planning& Monitoring
Dean Extension
Dean student Welfare
Dean Human Resource Development
Authorities/ Bodies/ Committees
[A] Authorities
Senate
Syndicate
Academic Council
[B] Bodies
Institute/Faculty Council
Institute/
Planning & monitoring Board
Faculty
Council
Tribunal of Arbitration
Finance
Boards of Studies
Committee
Research Board
Planning & Monitoring
Board of Extension
Board of Human Resources Development
Tribunal of Arbitration
Collegiate Council
Research Board
[C] Committees:
Board of Admission and Academic Extension
Calendar Committee
Curriculum Development Cell
Board of Human Resources
Grievance Redressal Committee
Development
Student Welfare Committee
Collegiate Council
Cultural Committees/Clubs
Departmental Committees
Boards of [5] Statutes/Ordinances/ Regulations Studies
[6] Residuary Matters
Admission and Academic Calendar Committee
Curriculam Development Cell
Grievance Redressal Committee
Student Welfare Committee

## State Council for Higher Education (SCHE)

State Councils for Higher Education should be constituted by separate Act to plan, monitor and coordinate higher education within the state. However, the role and functioning of such a body should not infringe upon the autonomy of the universities. The composition of the Council should be pre-dominantly academic with a provision for a nominee of the University Grants Commission on it. The Council should have a full- time Chairman. The Chairman must be an eminent educationist with considerable working experience in higher education and research and preferably with the experience of having served as Vice-Chancellor. His terms of office should be three years extendable by another term up to the age of 65 years. The terms of reference, functions, composition etc., of the Council should follow an all-India pattern. The Council must be a body to assist and facilitate the universities and affiliated colleges in their functioning and should not degenerate into an additional hurdle to be overcome or a mere grant transmitting agency. It should promote an effective co-ordination with the UGC. The Inter University Consultative Committee (IUCC) should perform this role as far as possible till such time the council is set up.The guidelines issued by the University Grants Commission relating to the role and scope of a State Council for Higher Education cover four areas:

- Planning and Coordination Functions
- Academic Functions
- Advisory Functions
- Administrative Functions

## PLANNING AND COORDINATION FUNCTIONS

- To prepare consolidated programmes in relation to the overall priorities and perspectives of higher education and assist in their implementation
- To assist UGC in regard to determination and maintenance of standards
- To evolve perspective plans for the development of higher education in the State
- To forward developmental programmes of universities and colleges to UGC with its recommendations and monitor the implementation of such programmes
- To promote cooperation and coordination among Institutes of higher learning

## ACADEMIC FUNCTIONS

- To encourage and promote innovations in curriculum development and the restructuring of syllabi in universities and colleges
- To promote and coordinate programmes of universities and colleges and monitor their implementation
- To devise methods to step up standards of examination and suggest needed examination reforms
- To facilitate training of teachers in universities and colleges
- To promote publication of quality text books
- To regulate admissions in universities and colleges
- To encourage sport and cultural activities in institutes of higher education
- To encourage extension activities
- To identify Centres of Excellence in the Universities and provide National and international linkage for the growth of science and technology
- To promote Institute of Excellence in frontier areas of knowledge
- To set up a State Centre for Scientific Research and coordinate the research activities among universities

## ADVISORY FUNCTIONS

- To formulate norms for starting new institutions of higher learning
- To suggest ways and means for augmenting additional resources for higher education
- To evolve guidelines for determination of block grants to universities
- To make suggestions to the Government regarding improvements and modifications to statutes, ordinances and regulations in the laws relating to the existing universities
- To advise the Government or any university or college on any matter relating to higher education and research

## ADMINISTRATIVE FUNCTIONS

- To administer and release grants in-aid from the Government to universities
- To administer and release research funds, if any, received from National and international funding agencies
- To identify and administer innovative programmes for sustainable growth through self-generated funds from consultancy services to industries
- To work in liaison with AICTE in the area of technical education
- To perform such other functions as may be prescribed by the government for promoting excellence in higher education and scientific research.

# UNIVERSITY AUTONOMY and THE KERALA UNIVERSITIES BILL 2003

**Prof. Ninan Koshy**

*Chairman, Kerala Vidhyabhayasa Samithi*

Way back in 1947, in his Convocation address at the University of Allahabad, Jawaharlal Nehru said: "A university stands for humanism, for tolerance, for reason, for progress, for the adventure of ideas, and for the search of truth. It stands for the onward march of the human race towards even higher objectives".

University autonomy is understood to mean 'self-governance' or functional freedom without any fetters, which implies 'management of internals' without any outside interference and checks. The first committee on Model Act for Universities appointed by the Ministry of Education 1964 stated in its report, "Autonomy of a University is not a matter of fundamental right as it were, but is a condition for its efficient functioning and for enabling it to achieve the true ideals and aims of a University. A University needs autonomy if it is to discharge its functions and obligations to society and play an effective part in the development and progress of a country".

The question may be raised, is not university autonomy in India a fiction that is promoted assiduously by educationists of different hues? In his book, "University Autonomy - the Idea and Reality", Bhim S.Dahiya, a former Vice-Chancellor, says: "Driven by market forces, promoted by market economy, and dominated by the super-state, the Universities have lost the initiative they once had. In such a situation the demand for autonomy rings alien".

Universities which are established by law can have only the right given to them by that law, but if the University is to foster and stand for humanism, for tolerance, for reason, for progress, for the adventure of ideas and for the search of truth it must be an 'autonomous institution'. An autonomous institution may not always achieve these ideals but it is certain that a university, which is not autonomous is hardly likely ever to achieve these great objectives. Autonomy does not mean isolation or aloofness from national purposes or societal processes or a claim for some superior status or position but it does imply that university ought not to be for securing regimentation of ideas or driven into the ambit of party or power politics. Autonomy from external control is important but it is equally or even more important that the administration internally is not autocratic or bureaucratic and insensitive to the real needs of the academic community (staff and students). The university above all is a community of teachers and students dedicated to the common pursuit of learning. If such a community is to discharge adequately its duties to itself and the nation, the governance of the university must essentially be in its own hands.

It is important to relate university autonomy to accountability, accountability to the academic community, to the learning society of which higher education is a part and to social goals of

equity and excellence,

The question of autonomy is also closely linked to the separate identity and mission of each university. Uniformity among and unification of all universities in a state are detrimental to university autonomy and academic freedom,. Andre Beteille, well-known sociologist in an interview to 'The Hindu' (Trivandrum) on 19th June 2003 commenting on the proposed Kerala Universities Bill said, "a unified University Bill is a retrograde step which is antithetical to the development of universities in the State". He added, "Variety, flexibility and diversity the hallmarks of a dynamic university education system. Any attempt to impose uniformity from above will only detract from the capability of the universities to develop themselves and bring all universities to the lowest common level".

## Threats to Autonomy

Threats to university autonomy generally come from the state and the political establishment in the forms of financial, administrative and political control. These threats have special dimensions as the nature of the state is transformed under globalization. The State has become an instrument for implementing projects of globalization including those on higher education.

Spanish sociologist Manuel Castells, one of the leading authorities on globalization, says, "The effects of globalization on the university will be more drastic than on industrialization, urbanization and secularization combined. It is the biggest challenge the university has faced for more than a century and a half".

There are strategic and long-term questions globalization poses for higher learning. The first is commodification, that is the use of knowledge as a purchaseable and saleable good. The second is the appearance on higher education landscape of what are called 'alternative providers' - profit concerns engaged in the transmission of knowledge using infrastructure and communication technology. Commodification displaces the creation and passing on of knowledge from the social sphere to the sphere of production. Thus the university becomes one among a host of different organizations engaged in knowledge production. Displacing and interpreting knowledge under these conditions raise fundamental questions for the university, above all in the area of academic freedom and in the 'ownership' of knowledge. They also pose questions about the ethical obligation to make knowledge freely available to those who seek it. It is commodification that makes higher education subject to international trade laws on services (GATS) under the WTO regime. All these are threats to university autonomy and academic freedom. In addition to the financial, administrative and political control and through them the neo-liberal and imperialist ideology is imposed on higher education thus subverting it. Any idea that education should build democratic culture or work towards the betterment of humanity is rejected in favour of moulding education into the training divisions of TNCs.

## The Bill and Autonomy

1. The objective is defined in the Preamble as "to consolidate and amend the laws" to "regulate and provide for better administration" in the Higher Education System. There is no reference to any academic objective in the Preamble. Consolidation means centralization and regulation means control. Consolidation therefore becomes a threat to autonomy. The separate laws of four universities are unified and brought under one framework. There is no scope for diversity or special identity for universities and therefore unification of laws is inherently a threat to autonomy. There is no convincing rationale given in the Bill for unifying the laws. If amendments are the objective, they can be done appropriately in the existing University Acts. The real

objective is greater and more direct control over all the four Universities curtailing even further the not-too-large autonomy they have. We may examine some of the provisions in the Bill that jeopardize autonomy and academic freedom.

2. The Chancellor represents the autonomy of the University and should have the powers to act independently. The Bill states, "The Chancellor shall be the supreme authority on all the affairs of the University", but there are several provisions of the Bill undermine such authority.

   In the present University Acts, the Chancellor's emergency powers are provided as follows: "The Chancellor shall, when an emergency arises, have the right to suspend or dismiss any of the authorities of the University and to take measures for the interim administration of the University". The provision in the Bill is as follows: "When an emergency arises, the Chancellor may on the recommendation of the Government suspend or dismiss any of the authorities, bodies or committees of the University and to take measures for the performance of the functioning of such authority, body or committee till the suspension is revoked or, as the case may be, a new authority, body or committee is constituted".

   Here, in effect the government decides whether there is an emergency in the University. Then it makes a recommendation in effect not to the Chancellor but to the Governor who is bound to accept the recommendation of the Government. Then the Governor is pushed back to the capacity as Chancellor to act on the recommendations. This provision compromises the independent capacity of the Chancellor and actually takes away his emergency powers. This raises constitutional problems also. To the best of my knowledge there is no University Act in the country which provides that the Chancellor has to take actions in University affairs on the recommendation of the government.

3. The powers given to the Pro-Chancellor, make him virtually a Super Vice-Chancellor with enormous powers over all the Universities.

   The provision regarding the Pro-Chancellor in the present University Acts is as follows: "In the absence of the Chancellor or during his inability to act, the Pro-Chancellor shall exercise all the powers and perform all the functions of the Chancellor". In the new Bill the Pro-Chancellor is no longer a 'Pro' Chancellor but a new authority with enormous powers. Two of them may be quoted here.

   "The Pro-Chancellor may call for information and records relating to any affair of the University and the University shall furnish such information and record". This virtually opens the door for the Minister of Education interfering in the day to day affairs of the University.

   The following one makes the Pro-Chancellor (the Minister of Education), not only above the Chancellor but also above even the very law that creates him gives him powers: "Notwithstanding anything contained in this Act or the statutes, if at any time, the Pro-Chancellor is of the opinion that the affairs of a University are not managed in furtherance of the objects of the University or in accordance with the provisions of this Act and the Statutes, Ordinances or Regulations or that special measures are desirable to maintain the standards of University teaching, examinations, research or extension education, or that any action taken by a University or its authorities or officers is prejudicial in the interest of the University, he may with the concurrence of the Chancellor issue such directions as appear to him to be necessary and the Vice-

chancellor, authorities, bodies, committees and officers concerned shall comply with such directions". "Notwithstanding" means, that the Pro-Chancellor can totally ignore the Act and the Statutes in dealing with the University. Here a basic principle of legislation viz. a law cannot give to any authority created by it powers above the law.

4. The governing bodies are dominated by officials of the government and government nominees making any independent functioning or decision making by university bodies difficult if not impossible. They will just implement whatever the government decides and will thus pose a continuing threat to university autonomy.
5. In addition to the assault on University autonomy through the Pro-Chancellor's powers, the Chapter "Government and University" provides for direct intervention by the Government in the affairs of the University. "In case of failure of the University to exercise powers or perform duties specified in this Act or the Statutes or when the University has not exercised such powers or performed such duties adequately, or where there has been a failure to comply with any instructions issued by the Government/ State Council of Higher Education, the Government may, on making such enquiry as may deem fit, issue a directive to the University for the proper exercise of such powers or performance of such duties or compliance with the instruction and it shall be the duty of the University to comply with such direction". These indeed are very vast powers by which the Government can order ("issue directive") the University to do what the Government wants.
5. Kerala State Higher Education Council is an organ of the government - see the last quote where it is put Government/State Council for Higher Education - but it has control over many aspects of the University. While it is desirable to have a Higher Education Council to advise the government on the broad policies in the area of higher education, what the Bill provides is a different kind of body, a kind of Super Executive Council which takes away many of the functions and powers of the Universities and thus violates again the principle of autonomy. It is not an advisory body but an executive body. It prepares consolidated programmes in the sphere of higher education, forward developmental programmes of Universities, colleges etc. to the UGC and monitor the implementation of the such programmes. It "regulates the admission in Universities, colleges and institutions of higher education". It shall, "perform such other functions as may be assigned by government from time to time" and "exercise such other powers and perform such other duties as may be prescribed by Rules made by Government". It has to be noted that the last two provisions have no reference to the University Act or Statutes. The Council can be given any powers by the Government even outside the scope defined by the Act.

   The Higher Education Council, which thus becomes a body empowered to give directives to the authorities of the Universities is outside the jurisdiction of the Chancellor who is according to the Bill "the supreme authority on all the affairs of the University". The Chancellor has no say in the appointment of the officers or members of the Council. He has no way of taking actions with respect to the Council. Are the powers and functions of the Higher Education Council inside or outside the affairs of the University?
6. The provision for establishments by industries in university campuses and the vague provisions about private institutions adversely affect academic freedom through commercialization of higher education. ■

# മാന്നാനം കെ. ഇ. കോളജ്:

# ധർണയിൽ പങ്കെടുത്തവർക്ക് കാരണംകാണിക്കൽ നോട്ടീസ്

ഏകീകൃത സർവ്വകലാശാലാ ബില്ല് നടപ്പാക്കാനുള്ള നീക്കത്തിനെതിരെ എ.കെ.പി.സി.ടി.എ മാന്നാനം കെ.ഇ കോളജിന് മുമ്പിൽ സംഘടിപ്പിച്ച ധർണയിൽ പങ്കെടുത്ത കോളജ് അദ്ധ്യാപകർക്ക് മാനേജ്മെന്റ് കാരണംകാണിക്കൽ നോട്ടീസ് നൽകി.

ഹൈക്കോടതി വിധിക്ക് പിന്നാലെ കലാലയ രാഷ്ട്രീയം കോളജിൽ നിരോധിച്ച നടപടിയുടെ തുടർച്ചയായാണ് അദ്ധ്യാപകരുടെ നേരെയും മാനേജ്മെന്റ് നടപടിക്കൊരുങ്ങുന്നത്. എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ മാന്നാനം കെ.ഇ കോളജിലെ അദ്ധ്യാപകർ ബുധനാഴ്ചയാണ് ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ ധർണ നടത്തിയത്. അദ്ധ്യാപകർ കാഷ്വൽ ലീവിന് അപേക്ഷ നൽകിയ ശേഷമാണ് ബുധനാഴ്ച ധർണയിൽ പങ്കെടുത്തത്. എന്നാൽ അദ്ധ്യാപകരുടെ സമരത്തെ എതിർത്ത കോളജ് മാനേജ്മെന്റിലെ പുരോഹിതന്മാർ സമരപ്പന്തൽ പൊളിച്ചുകളയുകയായിരുന്നു. എങ്കിലും അദ്ധ്യാപകർ ധർണ നടത്തി. പ്രതികാരനടപടിയെന്ന നിലയിൽ സംഘടനയുടെ നേതാക്കളുൾപ്പെടെയുള്ള ആറ് അദ്ധ്യാപകരുടെ കാഷ്വൽ ലീവ് മാർക്ക് ചെയ്തിരുന്നത് മാനേജ്മെന്റ് തിരുത്തി. പകരം അൺ ഓതറൈസ്ഡ് ആബ്സെന്റ് എന്നാക്കി. അദ്ധ്യാപക സംഘടനയുടെ സമരത്തെക്കുറിച്ച് മാനേജ്മെന്റിന്റെ വിശദീകരണം ഇപ്രകാരമാണ്. കോളജിൽ ധർണയും സംഘടനാപ്രവർത്തനവും നിരോധിച്ചതാണ്. അതിനാലാണ് സമരത്തിൽ പങ്കെടുത്ത ആറ് അദ്ധ്യാപകർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. മറുപടി തൃപ്തികരമല്ലെങ്കിൽ സമരം ചെയ്ത അദ്ധ്യാപകരെ പിരിച്ചുവിടുമെന്നും മാനേജ്മെന്റ് ഭീഷണി മുഴക്കിയിട്ടുണ്ട്. സി.എം.ഐ മാനേജ്മെന്റിന്റെ കീഴിലുള്ള കോളജുകളിലും അദ്ധ്യാപകസംഘടനാ പ്രവർത്തനം നിരോധിക്കാനുള്ള നീക്കം നടക്കുന്നുണ്ട്.

# അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യം നിഷേധിച്ചതിൽ വ്യാപക പ്രതിഷേധം

## സംഘടനാസ്വാതന്ത്ര്യനിഷേധം അഴിമതി നടത്താൻ

### – എ.കെ.പി.സി.ടി.എ

അദ്ധ്യാപക സംഘടനാ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടാനുള്ള പ്രൈവററ് കോളജ് മാനേജർമാരുടെ നീക്കം അഴിമതി നടത്താൻ അവസരമൊരുക്കുന്നതിനാണെന്ന് എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി വിലയിരുത്തി. സംഘടനാ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനുള്ള പോരാട്ടത്തിന് സംഘടന നേതൃത്വം നൽകും. സമാന ചിന്താഗതിയുള്ള പ്രസ്ഥാനങ്ങളുമായി യോജിച്ചായിരിക്കും പ്രക്ഷോഭം.

## അദ്ധ്യാപകരുടെ സംഘടനാപ്രവർത്തനം നിരോധിച്ചത് ഭരണഘടനാ വിരുദ്ധം:

### – പിണറായി

കോടതിവിധി ദുർവ്യാഖ്യാനിച്ച് മാന്നാനം കെ.ഇ കോളജിലെ അദ്ധ്യാപകരുടെ സംഘടനാപ്രവർത്തനം നിരോധിച്ച മാനേജ്മെന്റിന്റെ നടപടി ഭരണഘടനാവിരുദ്ധമാണെന്ന് സി.പി.ഐ.എം സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പ്രസ്താവനയിൽ പറഞ്ഞു. പാലാ സെന്റ് തോമസ് കോളജിലെ ഫ്രാൻസിസ് എന്ന വിദ്യാർത്ഥിയുടെ കേസുമായി ബന്ധപ്പെട്ട് കോടതി പുറപ്പെടുവിച്ച വിധി ഒരുതരത്തിലും അദ്ധ്യാപ

കരുടെ സംഘടനാപ്രവർത്തനത്തെ ബാധിക്കുന്നതല്ല. എന്നാൽ, ആ വിധി ഉപയോഗപ്പെടുത്തി അദ്ധ്യാപകരുടെ സംഘടനാസ്വാതന്ത്ര്യത്തെ ഇല്ലായ്മചെയ്യാൻ പുറപ്പെടുവിച്ച ഉത്തരവിനെതിരെ മുഴുവൻ ജനാധിപത്യ വിശ്വാസികളും രംഗത്തിറങ്ങണം.

മാനേജ്മെന്റുകളുടെ താല്പര്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്ന അക്കാദമിക് അന്തരീക്ഷം രൂപീകരിക്കാനുള്ള നീക്കം വിദ്യാഭ്യാസത്തിന്റെ മൗലികമായ കാഴ്ചപ്പാടുകൾക്ക് കടകവിരുദ്ധമാണ്. സാമുദായികവാദികൾ അരാഷ്ട്രീയവാദത്തിന്റെ മറപററി നടത്തുന്ന ഈ നീക്കം വിദ്യാഭ്യാസരംഗം കലുഷിതമാക്കാനേ ഇടയാക്കൂ. അദ്ധ്യാപകരുടെ നീണ്ടകാലത്തെ പോരാട്ടത്തിന്റെ ഫലമായി നേടിയെടുത്തതാണ് സംഘടനാസ്വാതന്ത്ര്യം. അത് നിഷേധിക്കാനുള്ള മാനേജ്മെന്റിന്റെ നീക്കത്തെ കേരളത്തിലെ സംഘടിത പ്രസ്ഥാനം അംഗീകരിക്കില്ല. മാനേജ്മെന്റിന്റെ തെററായ നീക്കങ്ങളെ കണ്ണുമടച്ച് പിന്തുണയ്ക്കുന്ന സർക്കാരിന്റെ നയമാണ് ഇത്തരം ജനാധിപത്യവിരുദ്ധമായ ഉത്തരവുകൾ ഇറക്കാൻ അവർക്ക് ധൈര്യം നൽകുന്നത്.

ഇന്ത്യൻ ഭരണഘടന വിഭാവനംചെയ്യുന്ന മൗലികാവകാശമാണ് സംഘടനകൾ രൂപീകരിക്കുവാനും സമാധാനപരമായി സമരംചെയ്യാനുമുള്ള അവകാശം. ഇത് ഇല്ലാതാക്കാൻ ഒരു മാനേജ്മെന്റിനും ആരും അധികാരം നൽകിയിട്ടില്ല. ഇല്ലാത്ത അധികാരം ഉപയോഗിച്ച് മൗലികാവകാശങ്ങളെ തടുത്ത് നിർത്താനുള്ള നീക്കം നടപ്പിലാക്കാൻ പോകുന്നില്ല - പിണറായി പറഞ്ഞു.

## വ്യവസ്ഥാപിത മാർഗത്തിലൂടെ പ്രവർത്തിക്കുന്നത് നിരോധിക്കാൻ മാനേജ്മെന്റുകൾക്ക് അധികാരമില്ല.

**- എ.കെ.ജി.സി.ടി**

അംഗീകൃത അദ്ധ്യാപകസംഘടനകൾ വ്യവസ്ഥാപിത മാർഗത്തിലൂടെ പ്രവർത്തിക്കുന്നത് നിരോധിക്കാൻ മാനേജ്മെന്റുകൾക്ക് അധികാരമില്ല. ഇല്ലാത്ത അധികാരം ഉണ്ടെന്ന ഭാവത്തിൽ ജനാധിപത്യവിരുദ്ധമായി പ്രവർത്തിച്ചാൽ തീക്കൊള്ളികൊണ്ട് തല ചൊറിയുന്ന അനുഭവമായിരിക്കും ഉണ്ടാകുകയെന്ന് എ.കെ.ജി.സി.ടി ജനറൽ സെക്രട്ടറി ഡോ: ജെ. പ്രസാദ് പ്രസ്താവനയിൽ മുന്നറിയിപ്പു നൽകി. മാനേജ്മെന്റ് നടപടിക്കെതിരെ പ്രതിഷേധമുയർത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു.

## വിദ്യാഭ്യാസമേഖലയിലെ ഏകാധിപത്യം

**- യൂണിവേഴ്സിററി എംപ്ലോയീസ് കോൺഫെഡറേഷൻ**

പതിററാണ്ടുകളുടെ പ്രക്ഷോഭത്തിലൂടെ അവസാനിപ്പിച്ച വിദ്യാഭ്യാസമേഖലയിലെ ഏകാധിപത്യ പ്രവണതകളെ തിരികെ കൊണ്ടുവരാനുള്ള പിന്തിരിപ്പൻ ശക്തികളുടെ ശ്രമമാണ് കെ.ഇ കോളജ് മാനേജ്മെന്റിന്റെ നടപടിയെന്ന് കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിററി എംപ്ളോയീസ് ഓർഗനൈസേഷൻ അഭിപ്രായപ്പെട്ടു. ഇത് തീക്കൊള്ളികൊണ്ട് തലചൊറിയുന്നതാണ് - ഓർഗനൈസേഷൻ ജനറൽസെക്രട്ടറി ആർ.രാമചന്ദ്രൻ പ്രസ്താവനയിൽ പറഞ്ഞു.

## കാമ്പസുകൾ നിശബ്ദ മേഖലയാകണോ

**- ദേശാഭിമാനി**

കോട്ടയം ജില്ലയിലെ മാന്നാനം കെ.ഇ കോളജിനു മുമ്പിൽ ധർണ നടത്തിയ അദ്ധ്യാപകർക്കെതിരെ മാനേജ്മെന്റ് സ്വീകരിച്ച സമീപനം ഇതിനകം ചർച്ചാവിഷയമായിട്ടുണ്ടല്ലോ. ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ കോളജിനു പുറത്ത് ധർണ നടത്താൻ മാത്രമാണ് അദ്ധ്യാപകസംഘടന തീരുമാനിച്ചിരുന്നത്. അതിനായി കെട്ടിയ പന്തൽ മാനേജ്മെന്റിന്റെ ഭാഗമായ പുരോഹിതന്മാർ അഴിച്ചുകളഞ്ഞുവത്രേ. ഇതുകൂടാതെ ധർണയിൽ പങ്കെടുത്തവരോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. മാനേജ്മെന്റ് കോളജിനകത്ത് രാഷ്ട്രീയം നിരോധിച്ചിരിക്കുകയാണെന്നും അതിനാൽ ധർണയിൽ പങ്കെടുത്തത് കുററകരമാണെന്നുമാണ് അവരുടെ നിലപാട്.

ഇതെല്ലാം കേൾക്കുമ്പോൾ, ഈ നൂററാണ്ടിൽതന്നെയാണോ ജീവിക്കുന്നതെന്ന് ആരെങ്കിലും സംശയിച്ചാൽ അവരെ കുററംപറയാൻ കഴിയില്ല. സ്വതന്ത്രഭാരതത്തിൽ ഏതൊരു പൗരനും സംഘടിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനും മൗലികമായ അവകാശം ഭരണഘടന ഉറപ്പ് നൽകിയിട്ടുണ്ട്. കേരളത്തിലെ സ്വകാര്യകോളജ് അദ്ധ്യാപകരാകട്ടെ ത്യാഗനിർഭരമായ സമരങ്ങളിലൂടെ മാനേജ്മെന്റുകളുടെ മർക്കടമുഷ്ടിയെ ചെറുത്തുതോല്പിച്ച ചരിത്രമുള്ളവരാണ്. അദ്ധ്യാപകരും വിദ്യാർത്ഥികളും നടത്തിയ ശക്തമായ മുന്നേററങ്ങളാണ് നമ്മുടെ നാട്ടിലെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ചിരുന്നത്.

അദ്ധ്യാപകർ സമരത്തിനിറങ്ങിയത് അവരെക്കൂടി നേരിട്ട് ബാധിക്കുന്ന ഒരു നിയമത്തിനെതിരായിട്ടായിരുന്നു. അതുപോലും അനുവദിക്കില്ലെന്ന സമീപനം സ്വീകരിക്കാൻ മാനേജ്മെന്റിന് ധൈര്യം നൽകിയത് വിദ്യാർത്ഥിരാഷ്ട്രീയം നിരോധിച്ച വിധിയാണ്. രാഷ്ട്രീയമെന്താണെന്ന് മൂർത്തമായി നിർവചിക്കാതെ നിരോധനം പ്രഖ്യാപിച്ച വിധിയിൽ രാഷ്ട്രീയപ്രവർത്തനം നിരോധിക്കുന്നത് മൗലികാവകാശങ്ങളുടെ ലംഘനമാണോയെന്നു പരിശോധിക്കാൻ അദ്ധ്യാപകരും ജീവനക്കാരുമായി താരതമ്യം നടത്തുന്നുണ്ട്. കോളജിന്റെ അച്ചടക്കം ഉറപ്പുവരുത്താനും വിദ്യാഭ്യാസനിലവാരം ഉയർത്താനും ആവശ്യമായ ചട്ടങ്ങളുണ്ടാക്കാൻ മാനേജ്മെന്റിന് അധികാരമുണ്ടെന്ന് പ്രസ്താവിക്കുന്ന വിധി എവിടെവരെ വ്യാഖ്യാനിക്കാമെന്ന് ഇപ്പോൾ വ്യക്തമായല്ലോ. നാളെ ഇതിന്റെ വ്യാഖ്യാനം സർക്കാർ ജീവനക്കാരുടെ സംഘടനയ്ക്കും തൊഴിലാളിസംഘടനയ്ക്കും നേരെ വരാം. അതിനാവശ്യമായതും ഈ വിധിയിൽനിന്നുതന്നെ കണ്ടെടുക്കാനും കഴിയുമെന്നാണ് വസ്തവം.

യഥാർത്ഥത്തിൽ വിദ്യാഭ്യാസം പൂർണമായും കച്ചവടമാക്കി മാററാൻ സർക്കാർ ശ്രമിക്കുമ്പോൾ, അതിനെതിരായി സമരം ചെയ്യാൻ സാധ്യതയുള്ള വിഭാഗങ്ങളെ നിശബ്ദമാക്കാനുള്ള തന്ത്രമാണിത്. ഈ നീക്കം ചെറുത്തുതോല്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ജനാധിപത്യകേരളത്തിന്റെ മരണത്തിലേക്കുള്ള ദൂരം കുറയുകയായിരിക്കും ഫലം.

## സംഘടനാ വിലക്ക്: പ്രതിഷേധിച്ചു

### – എൻ.ജി.ഒ.യൂണിയൻ

മാന്നാനം കെ.ഇ കോളജ് മാനേജ്മെന്റിന്റെ ഏകാധിപത്യ നടപടികൾക്കെതിരെ കേരള എൻ.ജി.ഒ യൂണിയൻ വിദ്യാഭ്യാസ സെമിനാർ പ്രതിഷേധിച്ചു. വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള കോടതിവിധിയുടെ മറവിൽ അദ്ധ്യാപകസംഘടനാ പ്രവർത്തനം തകർക്കാനുള്ള മാനേജ്മെന്റിന്റെ നീക്കത്തിനെതിരെ പ്രതിഷേധിക്കാൻ ഇതുസംബന്ധിച്ച് സെമിനാറിൽ അവതരിപ്പിച്ച പ്രമേയം ആവശ്യപ്പെട്ടു. എൻ.ജി.ഒ യൂണിയൻ സംസ്ഥാന പ്രസിഡന്റ് കെ.വരദരാജൻ പ്രമേയം അവതരിപ്പിച്ചു.

ഏകീകൃത സർവ്വകലാശാല നിയമത്തിനെതിരെ എ.കെ.പി.സി.ടി.എ സംസ്ഥാന വ്യാപകമായി നടത്തിയ ധർണയുടെ ഭാഗമായാണ് കെ.ഇ കോളജിലും ധർണ നടന്നത്. ഇതു നിരോധിക്കാനും അദ്ധ്യാപകർക്കെതിരെ നടപടിയെടുക്കാനുമാണ് മാനേജ്മെന്റ് ശ്രമിക്കുന്നത്. അപലപനീയമായ നീക്കത്തിന് സർക്കാർ പിന്തുണയുണ്ടോയെന്നു വ്യക്തമാക്കണം. മാനേജ്മെന്റിന്റെ കൊള്ളരുതായ്മയ്ക്കെതിരെ പ്രക്ഷോഭം വരുമെന്നും പ്രമേയം പ്രഖ്യാപിച്ചു.

## സംഘടനാപ്രവർത്തന നിരോധനം പിൻവലിക്കണം:

### – കെ.എസ്.ടി.എ

വിദ്യാർത്ഥി സംഘടനാനിരോധനം സംബന്ധിച്ച കോടതിവിധിയുടെ മറപിടിച്ച് അദ്ധ്യാപക സംഘടനാപ്രവർത്തനം കൂടി നിരോധിച്ച മാന്നാനം കെ.ഇ കോളജ് മാനേജ്മെന്റിന്റെ നടപടി പിൻവലിക്കണമെന്ന് കെ.എസ്.ടി.എ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി ആവശ്യപ്പെട്ടു.

സംഘടനാസ്വാതന്ത്ര്യം കോളനിവാഴ്ചക്കാലത്തുപോലും അനുവദിച്ചിട്ടുണ്ട്. ഭരണഘടനാപരമായി അംഗീകരിച്ച മൗലികാവകാശങ്ങളിൽപെടുന്നതാണ് സംഘടനാ സ്വാതന്ത്ര്യം. സംഘടനാ പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ട് അക്കാദമിക് പിഴവുകളുണ്ടായി എന്ന മാനേജ്മെന്റുകളുടെ കണ്ടെത്തൽ ശരിയല്ല. വിദ്യാലയ മാനേജ്മെന്റുകളുടെ പിടിവാശിക്കു മുന്നിൽ സർക്കാർ കീഴടങ്ങുന്നതുകൊണ്ടാണ് ജനാധിപത്യ അവകാശങ്ങൾപോലും നിയന്ത്രിക്കാൻ അവർ ശ്രമിക്കുന്നത്. അദ്ധ്യാപക സംഘടനകളെ നിയന്ത്രിക്കുമെന്ന വിദ്യാഭ്യാസ മന്ത്രിയുടെ പ്രഖ്യാപനത്തിനു തൊട്ടുപിറകെ മാനേജ്മെന്റുകളിറക്കിയ നിരോധന ഉത്തരവ് വിദ്യാഭ്യാസമേഖലയെ കലുഷിതമാക്കും. സംഘടനാസ്വാതന്ത്ര്യത്തെ നിരോധിച്ച് വിദ്യാഭ്യാസസ്ഥാപനങ്ങൾ നടത്താമെന്ന് മാനേജ്മെന്റുകൾ കരുതരുത്. ഇത്തരക്കാരെ നിലയ്ക്കു നിർത്താൻ അദ്ധ്യാപകർ തയ്യാറാകുമെന്ന് റഷീദ് കണിച്ചേരി മുന്നറിയിപ്പ് നൽകി.

## കെ.ഇ കോളജ് മാനേജ്മെന്റ് നീക്കം അപലനീയം

### – കെ. എൻ. ടി. എസ്. യു

ഏകീകൃത സർവ്വകലാശാലാ ബില്ലിൽ പ്രതിഷേധിച്ച് ധർണ നടത്തിയ അദ്ധ്യാപകർക്കെതിരെ നടപടിയെടുക്കാനുള്ള മന്നാനം കെ.ഇ കോളജ് മാനേജ്മെന്റിന്റെ നീക്കം അപലപനീയമാണെന്ന് കേരള നോൺ ടീച്ചിംഗ് സ്റ്റാഫ് യൂണിയൻ പ്രസിഡന്റ് ടി.കെ.ബാലൻ എം.എൽ.എയും സെക്രട്ടറി വി.കെ.ജയനും പ്രസ്താവനയിൽ പറഞ്ഞു.

## ST.JOSEPH'S MONASTERY

Mannanam P.O., Kottayam
Kerala S.India, 686 561.

To

**Mr. Tomichan Joseph**
Secretary, AKPCTA Unit, K.E.College,
Mannanam-686 561.

Date: 25-6-2003

Dear Mr. Tomichan

Rev. Fr.Principal of K.E.College has forwarded to me your notice as Secretary of AKPCTA, K.E.College Unit, that your association is going to conduct a Dharna at K.E.College against the proposed unified University bill.

In a context when politics on college campus is prohibited by the Honourable High court of Kerala, and also by the Management of the college (dated 15-6-2003), it is highly deplorable that teachers of your association are going to conduct a Dharna on the college premises. You as teachers are expected to maintain the dignity and discipline of your noble teaching profession.

Hence your notice for Dharna cannot be obliged.

Yours sincerely

Fr. Thomas Kalayil C.M.I
Manager
Kuriakose Elias College,
Mannanam

Copy to
Rev. Fr. J.Kuzhichalil C.M.I.,
Principal, K.E.College.

---

# Kuriakose Elias College Mannanam

Mannanam P.O., Kottayam
Kerala, India- 686 561
Ph: Off. 0481-2597374, 2597074, 2591980
E-mail: kecmnm@vsnl.com
Website: www.kecollegemannanam.com

NAAC accredited Four Star College Affiliated to Mahatma Gandhi University

**Date: 27.6.2003**

**MEMO**
**No.KEC/05/M/03**

To

**Mr. J.Mathew**
Sel.Gr.Lecturer, Dept. of Malayalam
K.E.College

*Sub:- Show Cause Notice*
*Ref:- Report of the principal Dated 25-6-2003.*

It has been reported that on 25-6-2003 you have absented from duty without prior permission or leave from the Principal and in utter disregard to the instructions of the manager and the Principal, you have conducted dharna and political demonstrations within the college campus during the college working hours.

As you are aware, the Manager has banned political activities within the campus by his order dated 15-6-2003 pursuant to the judgement of the Hon'ble High Court in W.A.535/2003.

Your above cited acts amount to violation of the provisions of the Mahatma Gandhi University Act, Statutes, and Regulations and the Code of Conduct and Code of Professional Ethics prescribed for the Unviersity and College Teachers, and also leads to flouting the orders of the authorities which constitute gross misconduct.

Hence you are hereby called upon to show cause in writing within three days of the receipt of this Memo as to why disciplinary action should not be taken against you for the aforesaid act of misconduct, failing which it will be presumed that you have no explanation to offer and the matter will be proceeded accordingly.

Manager

# ഉന്നത വിദ്യാഭ്യാസമേഖലയിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥ

എസ്.സതീശ് ചന്ദ്രൻ

എ.കെ.പി.സി.ടി.എ. തിരുവനന്തപുരം ജില്ലാ സെക്രട്ടറി

കേരളത്തിലെ ചില സ്വകാര്യമാനേജുമെന്റുകൾ കോളജുകളിൽ അപ്രഖ്യാപിത അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. നിർദ്ദിഷ്ട ഏകീകൃത സർവ്വകലാശാല ബില്ലിനെതിരെ എ.കെ.പി.സി.ടി.എ. സംസ്ഥാന വ്യാപകമായി ജൂൺ 25ന് കലാലയങ്ങളിൽ ധർണ സംഘടിപ്പിക്കുകയുണ്ടായി. അടിയന്തരാവസ്ഥയുടെ 28-ാം വാർഷിക ദിവസംതന്നെ ധർണാ സമരത്തിന് തീരുമാനിച്ചത് തികച്ചും യാദൃശ്ചികമാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ചരിത്രത്തിലെ കറുത്ത അദ്ധ്യായമായിരുന്നു അടിയന്തരാവസ്ഥ. ഇന്ത്യൻ ജനാധിപത്യം കശാപ്പു ചെയ്ത ദിനം. മാന്നാനം കെ. ഇ. കോളജിന്റെ മാനേജർ ഫാ.തോമസ് കാലായിൽ അദ്ധ്യാപക സംഘടനാ പ്രവർത്തനം നിരോധിച്ചുകൊണ്ടുള്ള ഉത്തരവിറക്കാൻ തിരഞ്ഞെടുത്തതും അതേ ദിവസം തന്നെയായിരുന്നു. കേരളത്തിലെ കോളജുകളിൽ അദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നത് അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിൽമാത്രമാണ്. ജനാധിപത്യവിരുദ്ധവും സംഘടനാസ്വാതന്ത്ര്യത്തിൻമേലുള്ള കടന്നു കയററവുമായിരുന്നു സംഘടനാ പ്രവർത്തനത്തിൽ അന്ന് ഏർപ്പെടുത്തിയിരുന്ന വിലക്കുകൾ എന്നതിന് യാതൊരു സംശയവും ഇല്ല.

സുപ്രീം കോടതി 1978ൽ വിദ്യാഭ്യാസ-ഗവേഷണ സ്ഥാപനങ്ങളെ ഇൻഡസ്ട്രിയുടെ നിർവചനത്തിൽ പ്പെടുത്തുകയുണ്ടായി. 1982ൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടനാ പ്രവർത്തനം നിരോധിക്കാൻ "The Hospitals and other Institutions'' എന്ന പേരിൽ ഇന്ദിരാഗാന്ധി പുതിയ നിയമം കൊണ്ടുവന്നു. ശക്തമായ എതിർപ്പിനെ തുടർന്ന് നിയമം നടപ്പാക്കാൻ കഴിഞ്ഞില്ല.

പാലാ സെന്റ് തോമസ് കോളജിലെ ഫ്രാൻസിസ് എന്ന വിദ്യാർത്ഥിയുടെ കേസുമായി ബന്ധപ്പെട്ട് വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചതിനു പിന്നാലെ മാന്നാനം കെ. ഇ. കോളജിലെ മാനേജർ ഇറക്കിയ ഉത്തരവ് ബോധപൂർവ്വമാണ് എന്ന് വേണം കരുതാൻ. അര നൂററാണ്ടിലേറെയായി കോളജ് അധ്യാപകരുടെ അവകാശ സമരങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രസ്ഥാനമാണ് എ.കെ.പി.സി.ടി.എ. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗുണപരമായ വളർച്ചക്ക് നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ആ സംഘടനയുടെ സംസ്ഥാന പ്രസിഡന്റ് അധ്യാപകനായി ജോലി നോക്കുന്ന കോളജിലെ മാനേജ്മെന്റ് ഇത്തരം ഒരു നടപടി സ്വീകരിച്ചത് തികച്ചും ആസൂത്രിതമാണെന്ന് വേണം വിശ്വസിക്കാൻ. മാനേജുമെന്റുകൾക്ക് സംഘടനയോട് നീരസത്തിനു കാരണം വിദ്യാഭ്യാസ കച്ചവടത്തിനും അഴിമതിക്കും എതിരെ എ.കെ.പി.സി.ടി. എ. നയിക്കുന്ന പ്രക്ഷോഭങ്ങളിലുള്ള അസഹിഷ്ണുതയാണ്.

ഏകീകൃത സർവ്വകലാശാലാ ബിൽ നിയമമാകുന്നതോടെ സ്വകാര്യമാനേജുമെന്റുകളുടെ മേൽ പരിമിതമായ തോതിലെങ്കിലും യൂണിവേഴ്സിററികൾക്ക് ഉണ്ടായിരുന്ന നിയന്ത്രണംകൂടി ഇല്ലാതാകും. ജനറൽ കൗൺസിൽ (സെനററ്) മാനേജർമാരുടെ പ്രതിനിധികളുടെ എണ്ണം വർധിപ്പിക്കും. യൂണിററി മാനേജുമെന്റുകളുടെ ഗവേണിംഗ് ബോഡിയിലും കോർപ്പറേററ് മാനേജുമെന്റുകളുടെ മാനേജിംഗ് കൗൺസിലുകളിലും തിരഞ്ഞെടുക്കുന്ന അദ്ധ്യാപക പ്രതിനിധികൾക്കു പകരം മാനേജർമാർക്കുവേണ്ടി മാനേജർമാർ നോമിനേററു ചെയ്യുന്നവർ സമിതികളിൽ എത്തി

ച്ചേരും. കച്ചവടാടിസ്ഥാനത്തിൽ കോഴ്സുകൾ തുടങ്ങുന്നതിനും സംഭാവനകളിലൂടെ വിദ്യാർത്ഥികളിൽ നിന്നും ഇഷ്ടംപോലെ പണം പിരിക്കുവാനും ഉള്ള സർവ്വ സ്വാതന്ത്ര്യവും മാനേജർമാർക്ക് പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മഹാത്മാഗാന്ധി യൂണിവേഴ്സിററിയിലെ വിവിധ കോളജുകളിൽ ഭീമമായ ഫീസ് ചുമത്തി മാനേജർമാർ യഥേഷ്ടം നടത്തിയിരുന്ന വിദേശ യൂണിവേഴ്സിററികളുടെ ഫ്രാഞ്ചയ്സി കോഴ്സുകൾക്കെതിരെ കഴിഞ്ഞ വർഷം സംഘടന നടത്തിയ പ്രക്ഷോഭങ്ങൾ വിദ്യാഭ്യാസ കച്ചവടക്കാർക്ക് ഒട്ടനവധി ബുദ്ധിമുട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്. ഏകീകൃത സർവ്വകലാശാല ബില്ലിനെതിരെയും മാനേജുമെന്റുകളുടെ അഴിമതിക്കെതിരെയും സംഘടന വളർത്തിക്കൊണ്ടുവരുന്ന പൊതുജനാഭിപ്രായത്തെ മറച്ചുവയ്ക്കാനാണ് മാന്നാനം കെ.ഇ. കോളജിലെ അധ്യാപകരുടെ സംഘടനാ പ്രവർത്തനം നിരോധിച്ചുകൊണ്ടുള്ള പുതിയ ഉത്തരവ്.

നമ്മുടെ ഭരണഘടന അനുവദിച്ചു തന്നിട്ടുള്ള മൗലിക അവകാശമാണ് സംഘടനാ സ്വാതന്ത്ര്യവും സമരം ചെയ്യാനുള്ള അവകാശവും. അധ്യാപകർ സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ മാത്രമെ അവരുടെ അവകാശ സംരക്ഷണത്തിനു വേണ്ടിയുള്ള സമരങ്ങൾ ചെയ്തിട്ടുള്ളൂ. സി.എം.ഐ.മാനേജ്മെന്റിനു മാത്രം ഇങ്ങനെയൊരു തീരുമാനം നടപ്പാക്കാൻ അവകാശം എങ്ങനെ ലഭിച്ചുയെന്നത് പരിശോധിക്കേണ്ടതാണ്. രാഷ്ട്രീയം നിരോധിച്ച ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ സംഘടനാ പ്രവർത്തനം നിരോധിക്കാനുള്ള അവകാശം മാനേജുമെന്റിന് ആരാണ് നൽകിയത്. 1957ൽ ഇ.എം.എസിന്റെ മന്ത്രിസഭ നടപ്പാക്കാൻ ശ്രമിച്ച സ്കൂൾ വിദ്യാഭ്യാസ പരിഷ്കാരത്തിനെതിരെ സംഘടിച്ച അതേ ജാതി-മത-വർഗീയ ശക്തികളുടെ പിൻതുണ സ്വാഭാവികമായും ഈ തീരുമാനത്തിലും ഉണ്ടാകും. അതുകൊണ്ടാണ് ഇന്റർ ചർച്ച് കൗൺസിൽ എല്ലാ ക്രിസ്ത്യൻ മാനേജുമെന്റ് കോളജുകളിലെയും അധ്യാപകസംഘടനാ സ്വാതന്ത്ര്യം നിരോധിക്കാനുള്ള ആലോചന നടത്തുന്നത്. ഇതിനൊക്കെ സർക്കാരിന്റെ മൗനാനുവാദം ഉണ്ടാകുന്നത് ഒരു പ്രത്യുപകാരം മാത്രം. ജാതി-മത-വർഗീയ ശക്തികളുടെയും വിദ്യാഭ്യാസ കച്ചവടക്കാരുടെയും പിൻതുണയോടെ അധികാരത്തിൽ വന്ന ആന്റണിയിൽ നിന്ന് ഇതിൽ കൂടുതൽ ഒന്നും പ്രതീക്ഷിക്കേണ്ടതില്ല. ■

ചർച്ച

# കാമ്പസ് രാഷ്ട്രീയം


**ഡോ.ബി. ഇക്ബാൽ**

വൈസ് ചാൻസലർ, കേരള സർവ്വകലാശാല


വിദ്യാർത്ഥികളുടെ രാഷ്ട്രീയ പ്രവർത്തനം തടയാൻ കോളജധികൃതർക്ക് അധികാരമുണ്ടെന്ന കോടതിവിധി വന്നതോടെ 'കാമ്പസ് രാഷ്ട്രീയം' വീണ്ടും കേരളത്തിൽ ചർച്ചാവിഷയമാവുകയാണ്. കോളജ് അധികൃതരുടെ അംഗീകാരമില്ലാത്ത സംഘടനകളെ കാമ്പസ്സിൽ പ്രവർത്തിക്കാൻ അനുവദിക്കുകയില്ലെന്ന് നിരവധി കോളജ് മാനേജ്മെന്റുകൾ പ്രഖ്യാപിച്ചുകഴിഞ്ഞു. കോടതിവിധിക്കെതിരെ അപ്പീൽ നൽകാൻ പ്രമുഖ വിദ്യാർത്ഥിസംഘടനകൾ തീരുമാനിച്ചിട്ടുണ്ട്. കോളജുകാമ്പസ്സുകളിൽ കോടതിവിധിക്കും മാനേജ്മെന്റുകളുടെ തീരുമാനത്തിനെതിരെ സമരങ്ങളുടെ വേലിയേററമുണ്ടാവുമെന്ന് തീർച്ചയാണ്. ഗുണമേന്മയിലും സാമൂഹ്യ നീതിയിലുമെല്ലാം അതിവേഗം പിന്നാക്കം പൊയ്ക്കൊണ്ടിരിക്കുന്ന കേരളത്തിലെ വിദ്യാഭ്യാസമേഖല കൂടുതൽ ഗുരുതരമായ പ്രതിസന്ധികളിലേക്ക് ഇതോടെ നീങ്ങുമെന്ന് ഉറപ്പിച്ചുപറയാൻ കഴിയും.

"കാമ്പസ്സ് രാഷ്ട്രീയം" നിരോധനത്തിന് അനുകൂലവും പ്രതികൂലവുമായി പുറത്തുവന്നുകൊണ്ടിരിക്കുന്ന പ്രതികരണങ്ങളിൽ പലതും അടിസ്ഥാനപരമായ പല വസ്തുതകളും കണക്കിലെടുക്കാതുള്ളവയാണെന്ന് തോന്നുന്നു. തന്മൂലം അനഭിലഷണീയമായ വിദ്യാർത്ഥി സംഘടന പ്രവർത്തനരീതികളും, മാനേജ്മെന്റിന്റെ നിലപാടുകളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള നിർദ്ദേശങ്ങൾ ഉന്നയിക്കപ്പെടുന്നില്ല. മററു പല പ്രശ്നങ്ങളുടെ കാര്യത്തിലുമെന്നപ്പോലെ ഒന്നുകിൽ അത് അല്ലെങ്കിൽ ഇത് (Either or) എന്ന മട്ടിലാണ് അഭിപ്രായ പ്രകട

നങ്ങളുടെ പോക്ക്.

കോടതി നിരോധിച്ചിട്ടുള്ളത് കാമ്പസ്സുകളിലെ രാഷ്ട്രീയ പ്രവർത്തന(Political Activities)ത്തെയാണ്.

വിദ്യാർത്ഥിസംഘടനകളെ രാഷ്ട്രീയപാർട്ടികളോട് തുല്യമായി കണക്കിലാക്കിക്കൊണ്ടാണ് കോളജ് മാനേജ്മെന്റുകളും (ആശ്ചര്യകരമെന്നു പറയട്ടെ) വിദ്യാർത്ഥി സംഘടനാനേതാക്കളും പഠിക്കാനും അറിവുനേടാനുമുള്ള പ്രാഥമികമായ അവകാശത്തെ ഹനിക്കുമെന്ന് കരുതുന്ന പൊതുപ്രവർത്തകരും വിദ്യാഭ്യാസ വിചക്ഷണരും ഇതേ നിലപാടുതന്നെയാണ് സ്വീകരിക്കുന്നത്. ഒരുപക്ഷേ കോടതിയും ഇതേ കാഴ്ചപ്പാടോടുകൂടി തന്നെയായിരിക്കാം വിധി പ്രസ്താവിച്ചിട്ടുള്ളതും.

എന്നാൽ യാഥാർത്ഥ്യം എന്താണ്? കേരളത്തിലെ കോളജുകളിൽ പ്രവർത്തിക്കുന്ന എസ്.എഫ്.ഐ, കെ.എസ്.യു, എ.ബി.വി.പി തുടങ്ങിയ പ്രമുഖ വിദ്യാർത്ഥി സംഘടനകൾ അവയുടെ ഭരണഘടനയും പരിപാടിയും അനുസരിച്ച് രാഷ്ട്രീയ പ്രസ്ഥാനങ്ങളോ, രാഷ്ട്രീയ പാർട്ടികളുടെ പോഷക സംഘടനകളോ അല്ല എന്നതാണ് വസ്തുത. ഈ സംഘടനകളെല്ലാം തന്നെ അവയുടെ പ്രഖ്യാപിത നയപ്രകാരം വിദ്യാർത്ഥികളുടെ പൊതുജനാധിപത്യവേദികളാണ്. ഇവയ്ക്കെല്ലാം പൊതുരാഷ്ട്രീയ കാഴ്ചപ്പാടുകളുണ്ടെങ്കിലും അവയൊന്നും തന്നെ സാങ്കേതികമായ രാഷ്ട്രീയ പാർട്ടികളല്ല. ഈ വിവരം പൊതുജനങ്ങളുടെയോ കോടതിയുടെയോ ശ്രദ്ധയിൽ കൊണ്ടുവരാൻ വിദ്യാർത്ഥി സംഘടനകൾ ശ്രമിക്കുന്നതുമില്ല.

എസ്.എഫ്.ഐയുടെ പരിപാടിയിൽ ഈ വസ്തുത വ്യക്തമായി പറഞ്ഞിട്ടുണ്ട്.

"രാഷ്ട്രീയ സോഷ്യലിസമെന്താണെന്നും അത് നേടിയെടുക്കുന്നതിനുള്ള ശരിയായ മാർഗമെന്തെന്നുമുള്ള വിഷയത്തെക്കുറിച്ച് സ്വതന്ത്രവും ഉള്ളുതുറന്നതുമായ ചർച്ചയിൽ എസ്.എഫ്.ഐക്ക് താല്പര്യമുണ്ട്. എന്നാൽ ഇതൊരു രാഷ്ട്രീയ പാർട്ടിയല്ല. വിശാലാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടുള്ളതും പ്രാഥമികമായും അടിയന്തിരമായും വിദ്യാർത്ഥിസമൂഹത്തിന്റെ അഭ്യുന്നതിക്കു വേണ്ടി പ്രവർത്തിക്കുന്നതുമായ ഒരു സംഘടനയാണ് (എസ്.എഫ്.ഐ) സംഘടനയുടെ സ്വതന്ത്രവും ശാസ്ത്രീയവും പുരോഗമനപരവും ജനാധിപത്യപരവും ഏകീകൃതവുമായ സ്വഭാവം എന്തു വിലകൊടുത്തും സംരക്ഷിക്കുമെന്ന് അത് പ്രതിജ്ഞചെയ്യുന്നു".

തുടർന്ന് "മതനിരപേക്ഷത, ജനാധിപത്യം, സോഷ്യലിസം" എന്നീ തത്വങ്ങളുടെ അടിസ്ഥാനത്തിലുള്ള പൊതുനിലപാടുകളാണ് എസ്.എഫ്.ഐ സ്വീകരിച്ചിട്ടുള്ളതെന്നും പരിപാടി വ്യക്തമാക്കുന്നു. ( എസ്.എഫ്.ഐ പരിപാടിയും ഭരണഘടനയും 1993ൽ വരുത്തിയ ഭേദഗതികളോടെ - ചിന്ത പബ്ളിക്കേഷൻസ് തിരുവനന്തപുരം നാലാംപതിപ്പ് ജൂലൈ 2002).

കെ.എസ്.യു 1996 ഫെബ്രുവരി 3ന് ആലപ്പുഴയിൽ നടന്ന സംസ്ഥാന സമ്മേളനത്തിൽ അംഗീകരിച്ച ഭരണഘടനയിൽ "വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ പുരോഗതിയും നന്മയും ലക്ഷ്യമാക്കിയും വിദ്യാർത്ഥികളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിനും വേണ്ടി സഹകരണാടിസ്ഥാനത്തിലും സംഘടിത രൂപത്തിലും പ്രവർത്തിക്കുന്ന തികച്ചും സ്വതന്ത്രമായ പ്രവർത്തന പരിപാടികളുള്ള വിദ്യാർത്ഥികളുടേതായ ഒരു സംഘടനയായിരിക്കും കെ.എസ്.യു" എന്ന് പ്രഖ്യാപിച്ചിരിക്കുന്നു.

കേരളത്തിലെ മററു വിദ്യാർത്ഥി സംഘടനകളും സമാനസ്വഭാവമുള്ള ഭരണഘടനയും പ്രവർത്തനപരിപാടിയുമാണ് അംഗീകരിച്ചിട്ടുള്ളത്.

രാഷ്ട്രീയ പാർട്ടികളും ഔദ്യോഗികമായി വിദ്യാർത്ഥി സംഘടനകളെ സംബന്ധിച്ച് ഇതേ കാഴ്ചപ്പാട് തന്നെയാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇ.എം.എസ് നമ്പൂതിരിപ്പാട് 1992 എഴുതിയ ഒരു ലഘുലേഖയിൽ വിദ്യാർത്ഥികളെ സംബന്ധിച്ചുള്ള പാർട്ടി കാഴ്ചപ്പാട് ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്.

"ഇന്നിപ്പോൾ ഒന്നല്ലെങ്കിൽ മറെറാരു രാഷ്ട്രീയ പാർട്ടിയുടെ നേതൃത്വത്തിൽ വ്യവസായ തൊഴിലാളികളുടെയും കർഷകതൊഴിലാളികളുടേതുമെന്നപോലെ കൃഷിക്കാർ, യുവാക്കൾ, മഹിളകൾ, വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങളുടെയെല്ലാം സംഘടനകളുണ്ട്. സി.പി.ഐ(എം)ന്റെ നേതൃത്വത്തിലുള്ള എസ്.എഫ്.ഐ, സി.പി.ഐയുടെ നേതൃത്വത്തിലുള്ള എ.ഐ.എസ്.എഫ് കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള എൻ.എസ്.യു, ബി.ജെ.പിയുടെ നേതൃത്വത്തിലുള്ള എ.ബി.വി.പി തുടങ്ങിയവ ഏതൊരു രാഷ്ട്രീയ പാർട്ടിക്കും ഉള്ളതിനേക്കാൾ വിശാലമായ താല്പര്യങ്ങളും പ്രശ്നങ്ങളും വിദ്യാർത്ഥിസമൂഹത്തിന്, അതായത് നാളത്തെ പൗരന്മാരായ ഇന്നത്തെ വിദ്യാർത്ഥികൾക്ക് ഉണ്ടെന്ന കാര്യം ഈ പ്രക്രിയയിൽ കാണാതെ പോകുന്നു. അതിനാൽ നാളത്തെ പൗരന്മാരായ ഇന്നത്തെ വിദ്യാർത്ഥികളുടെ താല്പര്യങ്ങൾ ഏററെടുത്ത് സ്വമേധയാ പ്രവർത്തിക്കുന്ന സ്വതന്ത്രമായ വിദ്യാർത്ഥിസംഘടനകൾ ഉണ്ടാവേണ്ടത് ആവശ്യമാണ്. അതുകൊണ്ട് വിദ്യാർത്ഥിസംഘടനകളുടെ നേതാക്കളും പ്രവർത്തകരും ഏതെങ്കിലും രാഷ്ട്രീയപാർട്ടി വരച്ചവരയ്ക്കപ്പുറം കടന്ന്, വിദ്യാർത്ഥികളുടെ പൊതുവായ പ്രശ്നങ്ങളെയും ആവശ്യങ്ങളെയും ആസ്പ

ദമാക്കി വേണം പ്രവർത്തിക്കാൻ" അദ്ദേഹം ഒരു പടി കൂടി മുന്നോട്ടുകടന്ന് വിവിധ രാഷ്ട്രീയപാർട്ടികളോട് കൂറുള്ള വിദ്യാർത്ഥി സംഘടനകൾ പിരിച്ചുവിട്ട് "വിദ്യാർത്ഥി സമൂഹത്തിന്റെ പൊതുവായ ഒരു സംഘടന രൂപീകരിക്കുകയാണെങ്കിൽ അത് ആരോഗ്യകരമായ ഒരു സംഭവവികാസമായിരിക്കുമെന്ന്" കൂടി അഭിപ്രായപ്പെടുന്നു. (വിദ്യാർത്ഥി പ്രസ്ഥാനം ഇന്നലെ ഇന്ന് നാളെ - ഇ.എം.എസ് നമ്പൂതിരിപ്പാട് - ചിന്ത പബ്ളിക്കേഷൻസ് രണ്ടാം പതിപ്പ് 1995).

ചുരുക്കത്തിൽ ഭരണഘടനയും നയപരിപാടിയും പ്രകാരം രാഷ്ട്രീയ പാർട്ടികളോ രാഷ്ട്രീയ പാർട്ടികളുടെ പോഷകസംഘടനകളോ അല്ല വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ എന്നു കാണാൻ കഴിയും. പരോക്ഷമായ രാഷ്ട്രീയ ബന്ധങ്ങൾ ഉള്ളപ്പോൾ തന്നെ ആപേക്ഷികമായ സംഘടനാസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ട് ദേശീയ-സാർവദേശീയ ചലനങ്ങൾ വിദ്യാർത്ഥികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടും സംസ്ഥാനത്തെ വിദ്യാർത്ഥി സമൂഹം നേരിടുന്ന പൊതുപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള സമരങ്ങൾ നടത്തിക്കൊണ്ടുമാണ് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ വളർന്നുവന്നത്. ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചന വിരുദ്ധപ്രസ്ഥാനവും വിയററ്നാം ജനതയുടെ ദേശീയ വിമോചന സമരവുമെല്ലാം കേരളത്തിലെ കാമ്പസ്സുകളിൽ ചർച്ചചെയ്യപ്പെട്ടത് വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനഫലമായാണ്. രാഷ്ട്രീയ സംഭവവികാസങ്ങൾ മാത്രമല്ല പാബ്ലോനെരൂതയുടെ കവിതകളും പിക്കാസ്സോയുടെ ചിത്രങ്ങളും കാമ്പസ്സുകളിൽ ചർച്ചാവിഷയമാക്കിയതും വിദ്യാർത്ഥി സംഘടനകളായിരുന്നു. വിദ്യാർത്ഥികളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സാമൂഹ്യനീതിയിലും തുല്യതയിലും അധിഷ്ഠിതമായ വിദ്യാഭ്യാസ സംവിധാനം കേരളത്തിൽ സ്ഥാപിച്ചെടുക്കുന്നതിൽ വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ വഹിച്ച പങ്ക് കേരള ചരിത്രത്തിലെ ഉജ്വലമായ ഏടുകളാണ്. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെയാണ് കേരളസമൂഹം ഏറെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന മുഖ്യമന്ത്രി എ.കെ.ആന്റണി മുതൽ നിയമസഭാംഗമായ ഡോ. തോമസ് ഐസക്ക് വരെയുള്ള നേതാക്കൾ കേരളത്തിലെ സാമൂഹ്യരംഗത്തേക്ക് കടന്നുവന്നത്.

വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ അവയുടെ പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കുകയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ അനുബന്ധമോ പോഷകസംഘടനകളോ ആയി മാറുകയും ചെയ്തതോടെയാണ് രാഷ്ട്രീയപ്രവർത്തനം കാമ്പസ്സുകളിൽ നിരോധിക്കണമെന്നുള്ള ആവശ്യം ഉയർന്നുവന്നത്. വിദ്യാർത്ഥികളുടെ പൊതുജനാധിപത്യ വേദിയെന്നതിൽ നിന്ന് "കക്ഷിരാഷ്ട്രീയ" പ്രസ്ഥാനങ്ങളായി രൂപാന്തരം പ്രാപിച്ചതോടെ വിദ്യാർത്ഥി സംഘടനകളുടെ ഓജസ്സും ദിശാബോധവും നഷ്ടപ്പെടാൻ തുടങ്ങി. വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധം വളർത്തുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിനു പകരം വ്യത്യസ്ത ചിന്താഗതിക്കാരെ കായികമായി നേരിടുന്ന സംഘങ്ങളായി പല കാമ്പസ്സുകളിലും വിദ്യാർത്ഥി സംഘടനകൾ രൂപാന്തരം പ്രാപിച്ചു. രാഷ്ട്രീയ പ്രവർത്തകരും പാർട്ടികളുടെ പോഷക സംഘടനാംഗങ്ങളും കാമ്പസ്സുകളിൽ കടന്ന് അക്രമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിലേക്കുവരെ സ്ഥിതിഗതികൾ മാറി. മററു വിദ്യാർത്ഥി പ്രസ്ഥാനങ്ങളോട് ബന്ധമുണ്ടെന്ന് സംശയിക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കോളജ് പ്രവേശത്തിനുള്ള അവകാശം പോലും നിഷേധിക്കുന്ന "പാർട്ടി കോളജുകൾ" കേരളത്തിൽ പ്രത്യക്ഷപ്പെടാൻ തുടങ്ങി.

വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനരീതിയിലുണ്ടായ ഈ ഭയാനകമായ മാററത്തിനുള്ള ഉത്തരവാദിത്വത്തിൽ നിന്ന് രാഷ്ട്രീയ പാർട്ടികൾക്ക് ഒഴിഞ്ഞുനിൽക്കാനാവില്ല. രാഷ്ട്രീയ പാർട്ടികളുടെ നേരത്തേ സൂചിപ്പിച്ച വിദ്യാർത്ഥി സംഘടനകളോടുള്ള നയസമീപനത്തിനു വിരുദ്ധമായി വിദ്യാർത്ഥിസംഘടനകളുടെ സംസ്ഥാന സമ്മേളനങ്ങളും അവിടെ നടക്കുന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പും മററും രാഷ്ട്രീയപാർട്ടി നേതാക്കൾ നേരിട്ടു നിയന്ത്രിക്കാൻ തുടങ്ങി. കെ.എസ്.യുവിന്റെ നേതാക്കളെ ഡൽഹിയിലെ എ.ഐ.ഡി.സി ആസ്ഥാനത്തു നിന്ന് നോമിനേററു ചെയ്യുക പതിവായി മാറി. മററു രാഷ്ട്രീയ പാർട്ടികളും കർട്ടനു പിറകിലിരുന്ന് ചെയ്യുന്നതും ഇതുതന്നെയാണ്. രാഷ്ട്രീയ പാർട്ടികളുടെ ഓഫീസുകളിലാണ് മിക്ക വിദ്യാർത്ഥിസംഘടനകളുടെയും ഓഫീസും പ്രവർത്തിക്കുന്നത്, പ്രത്യേകിച്ച് ജില്ലാതലങ്ങളിൽ. ഇതിനിടെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും യൂണിവേഴ്സിററി യൂണിയനുകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട പല അർത്ഥവത്തായ പരിപാടികളും ശ്രദ്ധിക്കപ്പെടാതെ പോവുകയും ചെയ്തു. കേരളത്തിലെ വിദ്യാഭ്യാസരംഗത്തെപ്പററി എസ്.എഫ്.ഐയുടെ നേതൃത്വത്തിൽ യൂണിവേഴ്സിററി യൂണിയനുകൾ തയ്യാറാക്കിയ "പ്രഭാത് പട്നായിക് റിപ്പോർട്ടും" "റിസർച്ചർ" എന്ന ഗവേഷണ മാസികയും ഇത്തരത്തിൽ അവഗണിക്കപ്പെട്ട ശ്രദ്ധേയങ്ങളായ സംരംഭങ്ങളായിരുന്നു.

ഇതിന്റെയൊക്കെ ഫലമായി വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും മാതാപിതാക്കളും പൊതുജനങ്ങളും വിദ്യാർത്ഥിസംഘടനകളെ വെറുക്കാൻ തുടങ്ങി.

ഈ സാഹചര്യത്തിലാണ് കോടതിവിധി വ്യാപകമായി സ്വാഗതം ചെയ്യപ്പെട്ടത്. ശക്തമായ പൊതുരാഷ്ട്രീയ നിലപാടുകൾ വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ സ്വീകരിച്ചുപോന്നിരുന്ന 1960കൾ മുതൽ 1980കളുടെ ആദ്യവർഷങ്ങൾ വരെ "കാമ്പസ് രാഷ്ട്രീയം" കേരളത്തിൽ എതിർക്കപ്പെട്ടിരുന്നില്ല എന്ന വസ്തുത പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അർത്ഥവത്തായ രാഷ്ട്രീയപ്രവർത്തനങ്ങളുടെ സ്ഥാനത്ത് "കക്ഷിരാഷ്ട്രീയം" കൊടികുത്തിവാണതോടെയാണ് വിദ്യാർത്ഥി സംഘടനകൾക്കെതിരായ മനോഭാവം വിദ്യാർത്ഥികളിലും നാട്ടുകാരിലും വളർന്നുവന്നത്. ഈ വസ്തുത പരിഗണിക്കുമ്പോൾ അക്രമരാഷ്ട്രീയം കക്ഷിരാഷ്ട്രീയം എന്നൊക്കെ വ്യവഹരിക്കപ്പെടുകയും അതേയവസരത്തിൽ ഉള്ളടക്കത്തിൽ അരാഷ്ട്രീയമായതുമായ പ്രവർത്തനശൈലി വിദ്യാർത്ഥിനേതാക്കൾ സ്വീകരിച്ചതോടെയാണ് "വിദ്യാർത്ഥി രാഷ്ട്രീയം" നിരോധിക്കണമെന്ന ആവശ്യം ഉയർന്നുവന്നത് എന്ന് കാണാൻ കഴിയും. കോളജുകൾ ഇപ്പോൾ കടന്നുപോകുന്ന "അരാഷ്ട്രീയ കാലഘട്ട"ത്തിലാണ് രാഷ്ട്രീയപ്രവർത്തനം കലാലയങ്ങളിൽ നിരോധിക്കപ്പെട്ടത് എന്നത് വലിയൊരു വൈരുദ്ധ്യമായി അവശേഷിക്കുന്നു.

വിദ്യാർത്ഥിസംഘടനകൾക്ക് അപച്യുതി സംഭവിച്ചിട്ടുണ്ടെങ്കിലും കോടതിവിധിയെ തുടർന്ന് കാമ്പസുകളിൽ വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യം നിരോധിക്കപ്പെടുന്നത് അനഭിലഷണീയവും അപകടകരവുമായ ഒട്ടനവധി പ്രവണതകൾ തലപൊക്കുന്നതിനും ശക്തിപ്പെടുന്നതിനും കാരണമാവും. അതിവേഗം ജാതിവർഗീയവൽക്കരിക്കപ്പെട്ടുവരുന്ന കേരള സമൂഹത്തിൽ അതിനെതിരെ മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ചെറുത്തുനില്പു സംഘടിപ്പിക്കേണ്ട യുവസമൂഹത്തെ ഫലത്തിൽ നിഷ്ക്രിയമാക്കുന്നതിന് കാമ്പസ്സുകളിലെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനനിരോധനം കാരണമാവും. മാത്രമല്ല, വിദ്യാഭ്യാസ മേഖലയിൽ ശക്തിപ്രാപിച്ചു വരുന്ന സ്വകാര്യവൽക്കരണ കച്ചവടവൽക്കരണ പ്രവണതകളെയും അതിന് നേതൃത്വം കൊടുക്കുന്ന സ്ഥാപിത താല്പര്യങ്ങളെയും എതിർത്ത് തോല്പിച്ച് സാമൂഹ്യനീതി നിലനിർത്തുന്നതിനുള്ള നേതൃത്വം നൽകേണ്ട ചുമതലയും വിദ്യാർത്ഥിപ്രസ്ഥാനങ്ങൾക്കുണ്ട്.

രാഷ്ട്രീയ പാർട്ടികളും വിദ്യാർത്ഥി സംഘടനകളും സ്വയം വിമർശനം നടത്തി വിദ്യാർത്ഥിപ്രസ്ഥാനത്തെ പുനഃസംവിധാനം ചെയ്യുന്നതിനും കോളജ് മാനേജ്മെന്റുകൾ അവരുടെ വിദ്യാർത്ഥി സംഘടനാ വിരുദ്ധ സമീപനം മാററുന്നതിനും ഈ സാമൂഹ്യ യാഥാർത്ഥ്യങ്ങൾ പരിഗണിച്ച് തയ്യാറാവേണ്ടതാണ്. അങ്ങനെ ചെയ്തില്ലെങ്കിൽ രണ്ടുതരത്തിലുള്ള പ്രവണതകളാവും സമീപ ഭാവിയിൽ കോളജ് കാം... കളിൽ പ്രത്യക്ഷപ്പെടുക. വിദ്യാർത്ഥി സംഘടനക്ക് ഇപ്പോൾതന്നെ പ്രവേശനം നിഷേധിക്കപ്പെട്ടിട്ടുള്ള സ്വാശ്രയ സംഘടനകൾക്ക് മാനേജ്മെന്റുകളുടെ കർശനനിയന്ത്രണത്തിലുള്ള എയിഡഡ് കോളജുകളിലും പഠിക്കുന്ന വിദ്യാർത്ഥികൾ സാമൂഹ്യ യാഥാർത്ഥ്യങ്ങളിൽ നിന്നും മാറി റോബോട്ടുകളെപോലെ യാന്ത്രിക മനുഷ്യരായി മാറും. വ്യക്തിവാദം, വർഗീയത, സ്വാർത്ഥത തുടങ്ങിയ എല്ലാത്തരത്തിലുമുള്ള സാമൂഹ്യ തിന്മകൾക്കും ഇവർ വിധേയരാവും.

അതേയവസരത്തിൽ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനം ഏതാനും എയിഡഡ് കോളജുകളിലും സർക്കാർ കോളജുകളിലുമായി പരിമിതപ്പെടും. ദുർബല ജനവിഭാഗങ്ങളിൽ നിന്നും താണവരുമാനക്കാരുടെ കുടുംബങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ് ഇത്തരം കോളജുകളിൽ പഠിക്കുന്നത്. ഇന്നത്തെ രൂപത്തിലുള്ള വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളും സമരരീതികളും തുടർന്നാൽ അത് ഈ വിദ്യാർത്ഥികളുടെ ഭാവിജീവിതത്തെ പ്രതികൂലമായി ബാധിക്കും. അവർക്ക് സാമൂഹ്യമായി ഉയർന്നുവരുന്നതിനുള്ള സാധ്യതകളെ വിദ്യാർത്ഥിപ്രസ്ഥാനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനരീതി ഇല്ലാതാകും.

ഈ ദുഃസ്ഥിതിയിൽ നിന്ന് കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തെ രക്ഷപ്പെടുത്തുന്നതിനുള്ള മാർഗങ്ങളെപ്പററി ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു. പെട്ടെന്നുള്ള വികാരങ്ങൾക്ക് അടിമപ്പെട്ടും വൈയക്തികമായ അനുഭവങ്ങളുടെ മാത്രം അടിസ്ഥാനത്തിലും അഭിപ്രായപ്രകടനം നടത്തുന്നത് പ്രശ്നപരിഹാരത്തിന് സഹായകമാവില്ല.

കക്ഷിരാഷ്ട്രീയത്തിന്റെ പിടിയിൽ നിന്ന് വിദ്യാർത്ഥിപ്രസ്ഥാനങ്ങളെ മോചിപ്പിക്കുവാനുള്ള കൂട്ടായ ശ്രമം ആരംഭിക്കേണ്ടിയിരിക്കുന്നു. ഇതിലേക്കുള്ള പ്രാഥമികമായ ഉത്തരവാദിത്വം രാഷ്ട്രീയ പാർട്ടികൾക്കുള്ളതാണ്. വിദ്യാർത്ഥിസംഘടനകളുടെ ഭരണഘടനയും പരിപാടിയും അനുസരിച്ച് അവയെ വിദ്യാർത്ഥികളുടെ പൊതുജനാധിപത്യ വേദികളായി പ്രവർത്തിക്കുവാൻ രാഷ്ട്രീയപാർട്ടികൾ അനുവദിക്കണം. അക്രമരാഷ്ട്രീയത്തിന്റെ സ്ഥാനത്ത് അക്കാദമിക്ക് രാഷ്ട്രീയം കാമ്പസ്സുകളിലേക്ക് കൊണ്ടുവന്നുകൊണ്ട് വിദ്യാർത്ഥികളുടെയും മാതാപിതാക്കളുടെയും അംഗീകാരം തിരിച്ചുപിടിക്കാൻ വിദ്യാർത്ഥിപ്രസ്ഥാനങ്ങൾ ശ്രമിക്കണം. ഇങ്ങനെ പരിവർത്തനത്തിന് വിധേയമാകുന്ന വിദ്യാർത്ഥിസംഘടനകൾക്ക് ഔദ്യോഗികവും ഔപചാരികവുമായ പ്രവർത്തനസ്വാതന്ത്ര്യം നൽകാൻ കോളജ് മാനേജ്മെന്റുകൾ തയ്യാറാവുക

# അരാഷ്ട്രീയ വിദ്യാഭ്യാസ സ്ഥാപനങ്ങളോ?

അഡ്വ. പി. രാജീവ്

റസി. എഡിററർ ദേശാഭിമാനി

വിദ്യാർഥി രാഷ്ട്രീയം നിരോധിക്കാൻ കോളജ് മാനേജ്മെന്റിന് അവകാശമുണ്ടെന്ന ഹൈക്കോടതി വിധി ജനാധിപത്യസമൂഹത്തോടുള്ള വെല്ലുവിളിയാണ്. വിധിയിൽ നടത്തുന്ന പല താരതമ്യങ്ങളും ഇത് വിദ്യാഭ്യാസരംഗത്ത് മാത്രമായി പരിമിതപ്പെടുന്നയൊന്നല്ലയെന്ന സൂചനയും നൽകുന്നുണ്ട്. അധ്യാപകരുടെ സംഘടനാപ്രവർത്തനം നിരോധിക്കണമെന്ന വിദ്യാഭ്യാസമന്ത്രിയുടെ പ്രതികരണത്തെയും ഇതിന്റെ പ്രതിഫലനമായി കാണണം.

വിദ്യാർഥിയുടെ രാഷ്ട്രീയ പ്രവർത്തനം നിരോധിക്കുന്നത് ഭരണഘടന ഉറപ്പുനൽകുന്ന മൗലികാവകാശങ്ങളുടെ ലംഘടനമാണോയെന്ന് കോടതി പരിശോധിക്കുന്നത് സർക്കാർ ജീവനക്കാരുമായി താരതമ്യം നടത്തിയാണ്. ഭരണഘടനയുടെ 309-ാം വകുപ്പുപ്രകാരം രൂപം നൽകിയ സർക്കാർ ജീവനക്കാരെ സംബന്ധിച്ച 1960ലെ നിയമത്തിലെ വ്യവസ്ഥകളാണ് കോടതി ഉദ്ധരിക്കുന്നത്. ബ്രിട്ടീഷ് നിയമങ്ങൾക്ക് ചുവടുപിടിച്ച് സർക്കാർ ജീവനക്കാർ തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നതും രാഷ്ട്രീയപ്രവർത്തനം നടത്തുന്നതും നിരോധിച്ചിട്ടുള്ളത് ഭരണഘടനാനുസൃതമാണെന്ന് കോടതി പറയുന്നു. ഇതിന്റെ ഭാഗമായിത്തന്നെ സർവകലാശാലകളും അതിന്റെ കീഴിലുള്ള അധ്യാപകരുടെയും അനധ്യാപകരുടെയും രാഷ്ട്രീയ പ്രവർത്തനം നിരോധിച്ചിട്ടുള്ളതും ചൂണ്ടിക്കാട്ടുന്നു. ഒന്നുകൂടി വ്യക്തത ലഭിക്കുന്നതിനായി കർണാടകയിലെ ചെറുകിട വ്യവസായ കോർപറേഷനിലെ തൊഴിലാളികളുടെ സംഘടിക്കാനുള്ള അവകാശത്തെ പരിമിതപ്പെടുത്തിയ സർവീസ് റൂളിനെ സുപ്രീംകോടതി അംഗീകരിച്ചത് എടുത്തുപറയുകയും ചെയ്യുന്നു.

നിയമസാധുത പരിശോധിക്കുന്ന ഈ താരതമ്യത്തിൽ ഭാവി അപകടം പതിയിരിപ്പുണ്ടെന്ന് നിഷ്പക്ഷമതികൾ സംശയിച്ചാൽ അവരെ കുററംപറയാനാകില്ല. കാരണം സ്കൂൾ രാഷ്ട്രീയം നിരോധിച്ച വിധിന്യായത്തെ അത് പുറപ്പെടുവിച്ച ജഡ്ജികൂടിയായ ബഹുമാനപ്പെട്ട കെ. എസ്.രാധാകൃഷ്ണൻ ഉദ്ധരിക്കുന്നുണ്ട്. നാളെ സർക്കാർ ജീവനക്കാരുടെ സംഘടനാപ്രവർത്തനം നിരോധിക്കണമെന്ന പൊതുതാൽപര്യഹർജി വരാം. അതുകഴിഞ്ഞാൽ തൊഴിലാളിയുടെയും യുവാക്കളുടെയും സംഘടിതമായ പ്രവർത്തനങ്ങൾ നിരോധിക്കണമെന്ന ആവശ്യവും ഉയർന്നുവന്നെന്നിരിക്കും.

യഥാർത്ഥത്തിൽ അരാഷ്ട്രീയവാദം നിശ്ചിതമായ ഒരു തന്ത്രമാണ്. പ്രത്യേകിച്ചും സാമ്രാജ്യത്വ ആഗോളവൽക്കരണം അധീശത്വം സ്ഥാപിക്കാൻ നടത്തുന്ന ശ്രമങ്ങളെ പ്രതിരോധിക്കുന്ന സാഹചര്യം എങ്ങുമുണ്ടാകാൻ പാടില്ല. ഒരു നിശബ്ദവിധേയ സംസ്കാരത്തെ രൂപപ്പെടുത്താനുള്ള ആഗോളമായ പദ്ധതിയുയും വേണം. അടിസ്ഥാനപരമായി സംഭവിക്കേണ്ട മാററം ഇതാണ്. "കക്ഷിരാഷ്ട്രീയ"ത്തിൽ നിന്ന് വിദ്യാർത്ഥിസംഘടനകൾ വിദ്യാർത്ഥികളുടെ പൊതുജനാധിപത്യ പ്രസ്ഥാനങ്ങളായും "അക്രമരാഷ്ട്രീയ"ത്തിൽ നിന്ന് വിദ്യാർത്ഥിസംഘടനകളുടെ പ്രവർത്തനശൈലി "അക്കാദമിക്ക് രാഷ്ട്രീയ"ത്തിലേക്കും പരിവർത്തനം ചെയ്യപ്പെടണം.

കാമ്പസ്സുകളിൽ രാഷ്ട്രീയപ്രവർത്തനം നിരോധിച്ചുകൊണ്ടുള്ള കോടതിവിധി ഇത്തരത്തിലുള്ള ഒരു പുനഃസംവിധാനത്തിനുള്ള നിമിത്തമായി മാറിയാൽ കേരളത്തിലെ വിദ്യാഭ്യാസ മേഖല പ്രതിസന്ധികളിൽ നിന്ന് കരകയറും. അതിനുപകരം രാഷ്ട്രീയ പാർട്ടികളും വിദ്യാർത്ഥിസംഘടനകളും കോളജ് മാനേജ്മെന്റുകളും ഇന്നത്തെ നിലപാടുകൾ തുടർന്നാൽ വിദ്യാഭ്യാസ മേഖലയുടെ മാത്രമല്ല കേരളത്തിന്റെ തന്നെ ഭാവി അപകടത്തിലാവും.

ടെ കേരളീയ പ്രയോഗമാണ് മാധ്യമങ്ങളിൽ നിറഞ്ഞു നിൽക്കുന്ന പ്രചാരവേല.

സർക്കാർ ജീവനക്കാരുമായി എങ്ങനെയാണ് വിദ്യാർഥിയെ താരതമ്യം ചെയ്യുന്നത്. സർക്കാരിന്റെ നയങ്ങളും പരിപാടിയും നടപ്പിലാക്കാൻ ചുമതലപ്പെട്ട, സർക്കാരിന്റെ ശമ്പളം വാങ്ങുന്ന ഉദ്യോഗസ്ഥൻ ചില രാഷ്ട്രീയ നിയന്ത്രണങ്ങൾ വരുത്താൻ ഭരണഘടന തന്നെ അനുശാസിക്കുന്നുണ്ട്. പക്ഷേ, അതുപോലും സംഘടനാസ്വാതന്ത്ര്യത്തെ നിരോധിക്കുന്നതാണെന്ന വ്യാഖ്യാനം ആരും ഇതുവരെ നടത്തിയിട്ടില്ല. ഇവിടെ സർക്കാരിന്റെ പണം പററാത്ത - ഇന്നത്തെ സാഹചര്യത്തിൽ വിലകൊടുത്ത് പഠിക്കുന്ന - പതിനെട്ട് വയസ്സ് തികഞ്ഞ വിദ്യാർത്ഥിക്ക് യാതൊരുവിധ രാഷ്ട്രീയ സ്വാതന്ത്ര്യവുമില്ലെന്നു പറഞ്ഞാൽ എന്ത് യുക്തിയാണുള്ളത്. അപ്പോൾ താരതമ്യം യാദൃശ്ചികമല്ലെന്നും നീരാളിക്കയ്യിന്റെ ദിശയെ വ്യക്തമാക്കുക മാത്രമാണ് ചെയ്യുന്നതെന്നും ചുരുക്കം.

ഇങ്ങനെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്ക് വഴിയൊരുക്കുന്ന വിധിക്ക് ആധാരമായ കേസിൽ ആരും ഇങ്ങനെയൊരാവശ്യം ഉന്നയിച്ചിരുന്നില്ലെന്നു കൂടി കാണണം. രാഷ്ട്രമീമാംസയിൽ രണ്ടാംവർഷ ബിരുദവിദ്യാർഥിയായ സോജൻ ഫ്രാൻസിസ് പരീക്ഷയെഴുതാനുള്ള അവസരത്തിനായി കോടതിയെ സമീപിച്ചപ്പോൾ രാഷ്ട്രമീമാംസക്കാരന് മാത്രമല്ല എല്ലാ വിദ്യാർഥിക്കും രാഷ്ട്രീയസ്വാതന്ത്ര്യം നഷ്ടമായി.

മാനേജ്മെന്റിന്റെ ചട്ടങ്ങൾ പരിപാവനമാണെന്നാണ് കോടതി വിലയിരുത്തിയത്. ഇത് വിദ്യാർത്ഥികൾക്ക് മാത്രം ബാധകമാക്കാവുന്ന ഒന്നാണെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ വിധിപ്പകർപ്പ് വായിക്കേണ്ടതുണ്ട്. സ്ഥാപനത്തിന്റെ അച്ചടക്കം സംരക്ഷിക്കുന്നതിനായി അധ്യാപകരെയും അനധ്യാപകരെയും വിദ്യാർത്ഥികളെയും നിയന്ത്രിക്കുന്ന സ്വന്തം നിയമങ്ങളുണ്ടാക്കാൻ മാനേജ്മെന്റുകൾക്ക് പൂർണസ്വാതന്ത്ര്യമുണ്ടെന്ന് വിധി പറയുന്നു. ഇക്കാര്യത്തിൽ ഭൂരിപക്ഷ സമുദായ മാനേജ്മെന്റെന്നോ ന്യൂനപക്ഷ മാനേജ്മെന്റെന്നോ വ്യത്യാസമില്ലെന്നും പറയുന്നുണ്ട്.

ഇങ്ങനെ അപകടകരമേറിയ നിരവധി ചുഴികളുള്ള ഒന്നാണ് ഹൈക്കോടതി വിധി. സർക്കാരിന്റെ പണമുപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തിന്റെ നിയമങ്ങൾ സർക്കാർ തീരുമാനത്തിന് വിധേയമായിരിക്കേണ്ടതല്ലേ? മാനേജ്മെന്റുകൾക്ക് ഇക്കാര്യങ്ങളിൽ പരമാധികാരമുണ്ടോ? നിർഭാഗ്യവശാൽ കോടതി ഈ വശങ്ങളൊന്നും പരിശോധിച്ചിട്ടില്ല. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെന്ന് വിളിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളിലെ ആവർത്തനച്ചെലവിന്റെ 96 ശതമാനത്തിലധികം സർക്കാരാണ് വഹിക്കുന്നത്. അധ്യാപക-അനധ്യാപക ശമ്പളം സർക്കാരാണ് നൽകുന്നതെന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഏറെ പ്രതിലോമപരമെന്ന് വിലയിരുത്തുക സുപ്രീം കോടതി പതിനൊന്നംഗ ബെഞ്ചിന്റെ ന്യൂനപക്ഷസ്ഥാപനങ്ങളെക്കുറിച്ചുള്ള വിധിന്യായത്തിൽപോലും അധ്യാപക-അനധ്യാപക ജീവനക്കാരുടെ പരാതികൾ പരിഹരിക്കാൻ സർക്കാർ പ്രത്യേകം കമ്മിററിയുണ്ടാക്കണമെന്നാണ് പറയുന്നത്. അതോടൊപ്പം എയ്ഡഡ് സ്ഥാപനങ്ങളിൽ കൂടുതൽ സർക്കാർ നിയന്ത്രണങ്ങളാകാമെന്നും വ്യക്തമാക്കുന്നുണ്ട്.

മാനേജ്മെന്റ് കോളജുകൾ പ്രവർത്തിക്കുന്നത് സർവകലാശാല അഫിലിയേഷനിലാണ്. ഈ സർവകലാശാലയുടെ ഉന്നത ഭരണസമിതിയായ സിൻഡിക്കേററിലും സെനററിലും നിലവിൽ വിദ്യാർത്ഥി പ്രാതിനിധ്യമുണ്ട്. സർവകലാശാലാ വിദ്യാർഥി യൂണിയൻ എന്ന സ്റ്റാററ്യൂട്ടറി സംവിധാനമുണ്ട്. യൂണിയൻ തെരഞ്ഞെടുപ്പിന്റെ പ്രചാരമുൾപ്പെടെ നിയന്ത്രിക്കുന്ന ചട്ടങ്ങളും സർവകലാശാലരൂപം നൽകിയിട്ടുണ്ട്. ഇത്തരം സാഹചര്യത്തിൽ എങ്ങനെയാണ് ഒരു മാനേജ്മെന്റിന് സർവതന്ത്രസ്വതന്ത്രമായി ചട്ടങ്ങൾ രൂപീകരിക്കാൻ അവകാശം ലഭിക്കുന്നത്?

സാങ്കേതികമായ ഈ പ്രശ്നങ്ങളിൽമാത്രമല്ല ഹൈക്കോടതി വിധിയുടെ പ്രത്യാഘാതമുള്ളത്. രാഷ്ട്രീയ പ്രവർത്തനം നിരോധിക്കാൻ കോടതി അംഗീകാരം നൽകുകയും ഔദ്യോഗികമായ പരിപാടികളില്ലാതെ വിദ്യാർഥി പങ്കെടുക്കരുതെന്ന് നിശ്ചയിക്കുകയും ചെയ്യുമ്പോൾ എന്തെല്ലാം വ്യാഖ്യാനങ്ങളായിരിക്കും ഉണ്ടാകുക. യുദ്ധത്തിനെതിരെയുള്ള കാമ്പയിനും വർഗീയതയ്ക്കെതിരെയുള്ള പ്രചാരണവും രാഷ്ട്രീയപ്രവർത്തനവുമായി കാണാവുന്നതാണ്. വിദ്യാർഥി എന്ത് പഠിക്കണമെന്നും എങ്ങനെ പഠിക്കണമെന്നും നിശ്ചയിക്കുന്നത് രാഷ്ട്രീയമായി തെരഞ്ഞെടുക്കപ്പെട്ട വേദികളാണ്. ഈ രാഷ്ട്രീയ തീരുമാനത്തിനെതിരെയുള്ള പ്രതികരണങ്ങളും രാഷ്ട്രീയമാകാം. രാഷ്ട്രമീമാംസ വിദ്യാർഥി ഒരു സംവാദത്തിലേർപ്പെട്ടാൽ രാഷ്ട്രീയ പ്രവർത്തനം ആരോപിച്ച് നടപടിയെടുക്കാം. മാനേജ്മെന്റിന് ഇഷ്ടമില്ലാത്ത വിദ്യാർഥികൾ കൂട്ടംചേർന്ന് ഒരു കവിതയെക്കുറിച്ച് ചർച്ചചെയ്താലും അനൗദ്യോഗികമായി കണ്ട് നടപടിയെടുക്കാം. അതേസമയം, മതവിഭാഗങ്ങൾ നിയന്ത്രിക്കുന്ന മാനേജ്മെന്റുകൾക്ക് ഏത് മതചടങ്ങിനെയും വർഗീയതസൃഷ്ടിക്കുന്ന പ്രവർത്തനത്തെയും ഔദ്യോഗികമായി സംഘടിപ്പിക്കാം. അതിൽ വിദ്യാർഥികൾ പങ്കെടുക്കണമെന്ന നിഷ്കർഷിക്കുകയും ചെയ്യാം. ഫലത്തിൽ ഒരു മാനേജ്മെൻറ് ഏകാധിപത്യമായിരിക്കും കോളജിലുണ്ടാകുക. മുണ്ടശേരി മാസ്റ്റർ എം.പി.പോൾ തുടങ്ങിയ മഹനീയരായ അധ്യാപകരെ വേട്ടയാടിയ പഴയ മാനേജ്മെന്റിന്റെ പുതിയ രൂപങ്ങളായിരിക്കും വരാനിരിക്കുന്നത്. അങ്ങേയററം

അരാഷ്ട്രീയവൽക്കരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് പുറത്തിറങ്ങുന്നത് നിസ്സംഗരായ 'ഇറച്ചിക്കോഴി'കളായിരിക്കും. സാമൂഹ്യപ്രതിബദ്ധത തൊട്ടുതീണ്ടിയിട്ടില്ലാത്ത ഒരു തലമുറയെ വാർത്തെടുക്കുക'യായിരിക്കും ഈ സ്ഥാപനങ്ങൾ ചെയ്യുന്നത്. ഒപ്പം വർഗീയതയുടെയും അരാജകപ്രവണതയുടെയും വിളനിലമാകുന്ന കാമ്പസുകൾ അധോലോക സംഘങ്ങളുടെ റിക്രൂട്ട്മെന്റ് സെന്ററുകളായി മാറുകയും ചെയ്യും.

ഇത്രമാത്രം അപകടമുള്ള ഒരു വിധിന്യായത്തിലേക്ക് എന്തുകൊണ്ട് കോടതി വന്നു? അതിന്റെ, കോടതിയുടെ മാറുന്ന വർഗസ്വഭാവത്തെ തിരിച്ചറിയേണ്ടതുണ്ട്. ഇന്ത്യൻ ഭരണവർഗം പൊതുമേഖലയ്ക്ക് പ്രാധാന്യമുള്ള വികസനപാത സ്വീകരിച്ച സമയം കോടതി വിധികളിൽ അത് പ്രതിഫലിച്ചിരുന്നു. സാമ്രാജ്യത്വ ആഗോളവൽക്കരണത്തിന് കീഴടങ്ങുന്ന ഇന്ത്യൻ ഭരണവർഗം അരാഷ്ട്രീയ നിശബ്ദ വിധേയ തുരുത്തുകളെയാണ് ആഗ്രഹിക്കുന്നത്. അപ്പോൾ അതിനനുസരിച്ച മാററം നീതിന്യായ വ്യവസ്ഥയിലുമുണ്ടാകാം.

ഇങ്ങനെ വിഷയത്തെ ആഴത്തിൽ തിരിച്ചറിഞ്ഞുള്ള പ്രതിരോധമാണ് ആവശ്യം. അത് വിദ്യാർഥിയുടെ പ്രതിഷേധം മാത്രമായി ചുരുങ്ങരുത്. ജനാധിപത്യപ്രക്രിയ പരിമിതിമായെങ്കിലും നിലനിൽക്കണമെന്നാഗ്രഹിക്കുന്ന മുഴുവനാളുകളും അണിനിരക്കുന്ന മഹാസമരങ്ങളെയാണ് ഈ കാലം ആവശ്യപ്പെടുന്നത്. ■

## സർവ്വീസ് ക്ലിനിക്

**?** 22 വർഷത്തെ കോളജ് സർവീസിനുശേഷം 2001 മാർച്ചിൽ വിരമിച്ച എനിക്ക് ഗ്രാററുവിററിയായി കിട്ടിയ തുക പഴയ ഡി.എയുടെ അടിസ്ഥാനത്തിലാണ്. ഇപ്പോൾ 5 ശതമാനം ഡി.എ. വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഗ്രാററുവിററി കുടിശ്ശിക ലഭിക്കാൻ അർഹതയുണ്ടോ?

*ഗംഗാദത്ത്, പെരുമ്പാവൂർ*

**=** തീർച്ചയായും ഉണ്ട്. നിങ്ങൾക്ക് കിട്ടിയ ഗ്രാററുവിററി 2,80,000 രൂപയിൽ താഴെ ആയിരുന്നതിനാൽ പുതുക്കിയ ഡി.എ. ഉൾപ്പെടുത്തി വീണ്ടും ഗ്രാററുവിററി പുനർ നിർണയം നടത്തി കുടിശ്ശിക ലഭിക്കും. ആഗസ്റ്റ് 31വരെ കുടിശ്ശിക ലഭിച്ചില്ലെങ്കിൽ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ (പെൻഷൻ), എജീസ് ഓഫീസ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ബന്ധപ്പെടണം.

**?** 1989ൽ പിഎച്ച്ഡി എടുത്ത ഞാൻ 33 വർഷത്തെ പ്രൈവററ് കോളജ് സർവീസിൽ നിന്നും 2004 മാർച്ചിൽ റിട്ടയർ ചെയ്യുന്നു. എനിക്ക് പിഎച്ച്ഡിയുടെ ഇൻസെന്റീവ് ലഭിക്കാൻ അർഹതയുണ്ടോ? ഉണ്ടെങ്കിൽ എന്നു മുതൽ ലഭിച്ചു തുടങ്ങും.

*നടരാജൻ, കോഴിക്കോട്*

**=** 1996 ജനുവരി 1ന് മുൻപ് പിഎച്ച്ഡി എടുത്തവർക്ക് 1-1-1996 മുതൽ തന്നെ 2 അഡ്വാൻസ് ഇൻക്രിമെന്റ് കൊടുക്കുന്നതിനുള്ള ഉത്തരവിറക്കാൻ HRD മിനിസ്ട്രിയോടും UGCയോടും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

**പ്രൊഫ. ടി.എൻ. മനോഹരൻ**

വായനക്കാരുടെ സർവ്വീസ് സംബന്ധമായ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കുന്നതിന് എഴുതുക.

വടയക്കാട് ഹൗസ്, കുന്നുകുഴി പി.ഒ., തിരുവനന്തപുരം

## എ.കെ.പി.സി.ടി.എ

## എൻ. എസ്. എസ്. കോളജ് ടീച്ചേഴ്സ് കോ–ഓർഡിനേഷൻ

അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകളെ ദുർബലപ്പെടുത്താനുള്ള നീക്കങ്ങളിൽനിന്നും എൻ.എസ്.എസ് മാനേജ്മെന്റ് പിന്മാറണമെന്ന് എറണാകുളത്തു ചേർന്ന എൻ.എസ്.എസ് കോളജ് ടീച്ചേഴ്സ് കോഡിനേഷൻ(എ.കെ.പി.സി.ടി.എ) ആവശ്യപ്പെട്ടു. കോളജുകളുടെ വികസന പ്രവർത്തനങ്ങളെയും അക്കാദമിക അന്തരീക്ഷത്തെയും തുകർക്കുവാനേ മാനേജ്മെന്റ് തീരുമാനം ഉപകരിക്കൂ.

മാന്നാനം കെ.ഇ കോളജ് മാനേജ്മെന്റിന്റെ അദ്ധ്യാപകവിരുദ്ധ നടപടികളിൽ കൗൺസിൽ പ്രതിഷേധിച്ചു. ഡോ. എൻ.രാജൻ അദ്ധ്യക്ഷനായിരുന്നു. എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫ്, ജനറൽ സെക്രട്ടറി പ്രൊ. എ.പ്രതാപചന്ദ്രൻ നായർ എന്നിവർ സംബന്ധിച്ചു. ഭാരവാഹികളായി പ്രസിഡന്റ് പ്രൊഫ. കെ.കെ.ബാലചന്ദ്രൻ (മഞ്ചേരി), വൈസ് പ്രസിഡന്റ് പ്രൊഫ. പി.ജി.സുകുമാരൻനായർ (പന്തളം), സെക്രട്ടറി പ്രൊഫ. ബി.ശ്രീകുമാർ (ചേർത്തല) ജോ.സെക്രട്ടറിമാർ പ്രൊഫ. സി.മുരളീധരൻ (ഒററപ്പാലം) പ്രൊഫ. പി.കെ.പത്മകുമാർ (വാഴൂർ) ട്രഷറർ പ്രൊഫ. ആർ.മോഹനകൃഷ്ണൻ (എം.ജി.കോളജ്) എന്നിവരെ തെരഞ്ഞെടുത്തു.

സമരപഥങ്ങൾ

# ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ കോളജുകളിൽ അദ്ധ്യാപകർ ധർണ്ണ നടത്തി

ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെ സംസ്ഥാനത്തൊട്ടാകെ സ്വകാര്യ കോളജുകളിൽ അദ്ധ്യാപകർ ധർണ്ണ നടത്തി. എ.കെ.പി.സി.ടി.എയുടെ ആഹ്വാനമനുസരിച്ച് രാവിലെ 10 മണിമുതൽ ഉച്ചയ്ക്ക് 1 മണിവരെയായിരുന്നു ധർണ്ണ. ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേന്മയും ഉറപ്പുവരുത്തുക, വിദ്യാഭ്യാസ വാണിജ്യവൽക്കരണം അവസാനിപ്പിക്കുക, സർവ്വകലാശാലകളുടെ സ്വയംഭരണം സംരക്ഷിക്കുക, സർവ്വകലാശാലകളുടെ ജനാധിപത്യ ഭരണക്രമം ശക്തിപ്പെടുത്തുക, സർവ്വകലാശാലകളിലെയും കോളജുകളിലെയും വിവിധ സമിതികളിലുള്ള അദ്ധ്യാപക - അനദ്ധ്യാപക - വിദ്യാർത്ഥി പ്രാതിനിധ്യം നിലനിർത്തുക തുടങ്ങിയ മുദ്രാവാക്യങ്ങളും അദ്ധ്യാപകർ ഉയർത്തി. കോളജുകളിൽ രാഷ്ട്രീയം നിരോധിച്ചിരിക്കുന്ന കാരണം പറഞ്ഞുകൊണ്ട് ഏകീകൃത സർവ്വകലാശാലാ നിയമത്തിനെതിരെയുള്ള അദ്ധ്യാപകരുടെ പ്രതിഷേധ ധർണ്ണ തടസ്സപ്പെടുത്താൻ അൺ എയിഡഡ് കോഴ്സുകളുടെ അപ്പോസ്തലന്മാരും വിദ്യാഭ്യാസക്കച്ചവടക്കാരുമായ മാനേജരന്മാർ ചിലയിടങ്ങളിൽ രംഗത്തിറങ്ങുകയുണ്ടായി. കോളജദ്ധ്യാപകരുടെ സംഘടനാ സ്വാതന്ത്ര്യത്തെ കുച്ചുവിലങ്ങിടാൻ സർക്കാർ പിന്തുണയോടെ മാനേജരന്മാർ നടത്തുന്ന കുത്സിതശ്രമം അടിയന്തിരമായി അവസാനിപ്പിക്കണമെന്ന് എ.കെ.പി.സി.ടി.എ ആവശ്യപ്പെട്ടു. ഏകീകൃത സർവ്വകലാശാലാ നിയമനിർമ്മാണത്തിനെതിരെ കോളജുകളിൽ നടത്തിയ ധർണ്ണ സമരം വമ്പിച്ച വിജയമാക്കിത്തീർത്ത അദ്ധ്യാപകരെ എ.കെ.പി.സി.ടി.എ പ്രസിഡന്റ് പ്രൊഫ. തോമസ് ജോസഫും ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായരും അഭിനന്ദിച്ചു.

**ചെമ്പഴന്തി ശ്രീനാരായണ കോളജിൽ** എ.കെ.പി.സി.ടി.എ. യൂണിററിന്റെ ആഭിമുഖ്യത്തിൽ ഏകീകൃത സർവ്വകലാശാലാനിയമത്തിനെതിരെ അധ്യാപകർ ധർണ്ണ നടത്തി. ഏകീകൃത സർവ്വകലാശാലാനിയമം പിൻവലിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ ധർണ്ണ എ.കെ.പി.സി.ടി.എ. മുൻ ജില്ലാ സെക്രട്ടറിയും, ബ്രാഞ്ച് സെക്രട്ടറിയുമായ ശ്രീ.കെ.എൽ.വിവേകാനന്ദൻ ഉദ്ഘാടനം ചെയ്തു. കേരള സർവ്വകലാശാലാ സെനററ് മെമ്പർ ശ്രീ.ടി.എൻ.മനോഹരൻ ധർണ്ണയെ അഭിസംബോധന ചെയ്ത് സംസാരിച്ചു.

## ഏകീകൃത സർവ്വകലാശാല നിയമം ജനാധിപത്യത്തിന് വെല്ലുവിളി
### - ജി.സുധാകരൻ

ഏകീകൃത സർവ്വകലാശാല നിയമം യൂണിവേഴ്സിററികളുടെ ജനാധിപത്യ സ്വയംഭരണത്തിന് മേലുള്ള കടന്നുകയററമാണെന്നും അത് സാമൂഹ്യ പ്രതിബദ്ധതയിൽ അധിഷ്ഠിതമായ നിലവിലുള്ള വിദ്യാഭ്യാസ വ്യവസ്ഥിതിയെ തകർത്ത് ജാതിമതശക്തികൾക്ക് ആധിപത്യം നേടുവാൻ ഇടയാക്കുമെന്നും ശ്രീ. ജി.സുധാകരൻ പറഞ്ഞു. ഏകീകൃത സർവ്വകലാശാല നിയമത്തിനെതിരെ കേരളത്തിലെ എല്ലാ സ്വകാര്യ കോളേജുകളിലും എ.കെ.പി.സി.ടി.എ നടത്തുന്ന പ്രതിഷേധ സമരത്തിന്റെ ഭാഗമായി **ആലപ്പുഴ എസ്.ഡി കോളജിന്** മുന്നിൽ നടന്ന ധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ കൗൺസിൽ അംഗം ഡോ. ജി.ബാലചന്ദ്രന്റെ അ




ആലപ്പുഴ എസ്. ഡി. കോളജിലെ ധർണ്ണ ജി. സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.




*പന്തളം എൻ. എസ്. എസ് കോളജിലെ അദ്ധ്യാപക ധർണ്ണ*

ദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ സെക്രട്ടറി പ്രൊഫ. എസ്. വേണു സ്വാഗതം ആശംസിച്ചു. എ.ഐ.ഡി.എസ്.ഒ നേതാവ് കുമാരി ശാന്തിരാജ്, എ.ഐ.എസ്.എഫ് ജില്ലാ സെക്രട്ടറി ശ്രീ. ഹുസൈൻ, കെ.എൻ.ടി.എസ്.യു യൂണിററ് സെക്രട്ടറി ശ്രീ. സുരേഷ്കുമാർ എന്നിവർ അഭിവാദ്യങ്ങൾ അർപ്പിച്ചു. എ.കെ.പി.സി.ടി.എ യൂണിററ് ജോ. സെക്രട്ടറി ശ്രീ. ടി.ആർ.അനിൽകുമാർ കൃതജ്ഞത രേഖപ്പെടുത്തി.

**കായംകുളം എം.എസ്.എം കോളജിൽ** പ്രൊഫ. ഫിലിപ്പോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ ജില്ലാ പ്രസിഡന്റ് പ്രൊഫ. കെ.ഖാൻ ഉദ്ഘാടനം ചെയ്തു. **ചേർത്തല സെന്റ് മൈക്കിൾസ് കോളജിൽ** നടന്ന ധർണ്ണ പ്രൊഫ. ജോസ് കല്ലുപറമ്പൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ. സെൻ പിള്ള അദ്ധ്യക്ഷനായിരുന്നു. **നങ്ങ്യാർകുളങ്ങര ടി.കെ.എം.എം. കോളജ്** അങ്കണത്തിൽ പ്രൊഫ. സത്യനേശന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ പ്രൊഫ. പ്രസാദ് ഉദ്ഘാടനം ചെയ്തു. **ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജ്** അങ്കണത്തിൽ പ്രൊഫ. മാത്യുവർഗീസിന്റെ അദ്ധ്യക്ഷതയിൽ നടന്ന ധർണ്ണ സ്റേററ് കമ്മിററി പ്രൊഫ. കെ.എ.ജോർജ് ഉദ്ഘാടനം ചെയ്തു.




സർവ്വകലാശാലകളുടെ ജനാധിപത്യ ഭരണക്രമവും അക്കാദമിക് ഓട്ടോണമിയും ഇല്ലായ്മ ചെയ്യുന്ന ഏകീകൃത സർവ്വകലാശാല നിയമനിർമ്മാണത്തിനെതിരെ **ആലുവ യു. സി. കോളജിൽ** എ.കെ.പി.സി.ടി.എയുടെ നേതൃത്വത്തിൽ അദ്ധ്യാപകർ പ്രതിഷേധ ധർണ്ണ നടത്തി. എ. കെ. പി. സി. ടി. എ അക്കാദമിക് കമ്മിററി കൺവീനർ ഡോ. രാജൻവർഗ്ഗീസ് ധർണ്ണ ഉദ്ഘാടനം ചെയ്തു. ധർണ്ണയ്ക്ക് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് വിദ്യാർത്ഥികൾ പ്രകടനം നടത്തി.

# മണ്ണാർക്കാട് എം.ഇ.എസ്. കോളജിൽ അൺ എയ്ഡഡ് കോഴ്സിനെതിരെ ധർണ്ണ നടത്തി

എ.കെ.പി.സി.ടി.എയുടെയും കെ.എൻ.എസ്.ടി.യുവിന്റെയും ആഭിമുഖ്യത്തിൽ വിവിധ സർവ്വീസ് സംഘടനാ പ്രതിനിധികൾ കൂടിച്ചേർന്ന് എയ്ഡഡ് കോളജുകളിൽ അൺ എയ്ഡഡ് കോഴ്സ് തുടങ്ങുന്നതിനെതിരെ ധർണ നടത്തി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ എല്ലാ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും പഠനസൗകര്യം നൽകുക എന്ന സാമൂഹ്യോദ്ദേശ്യത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എയ്ഡഡ് കോളജുകളിൽ, പണക്കാരുടെ മക്കൾക്കു മാത്രം ഉയർന്ന ഫീസ് കൊടുത്തു പഠിക്കാൻ കഴിയുന്ന അൺ എയ്ഡഡ് കോഴ്സ് തുടങ്ങാൻ അനുവദിക്കില്ലെന്നതായിരുന്നു ധർണ്ണയിലെ പ്രഖ്യാപനം.

പൊതുജീവിതഘടനയെ തകർത്തുകൊണ്ട് ആഗോളവത്കൃത താല്പര്യങ്ങളെ സംരക്ഷിക്കുവാനും സാമ്പത്തിക വരേണ്യവർഗ്ഗത്തിന്റെ കുത്തകയാക്കി വിദ്യാഭ്യാസത്തെ മാററുവാനുള്ള കേന്ദ്രസംസ്ഥാന സർക്കാരുകളുടെ ശ്രമത്തിന്റെ ഭാഗമാണ് ഇത്തരം മാററങ്ങളെന്നും അതിനെ ചെറുത്തു തോൽപിക്കണമെന്ന് ധർണ്ണ ഉദ്ഘാടനം ചെയ്തുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ.കെ.പി.രാമകൃഷ്ണൻ പറഞ്ഞു. ധർണ്ണയ്ക്ക് ആസ്പദമായ വിഷയം പ്രൊഫ.ശിവരാമൻ (എ.കെ.പി.സി.ടി.എ. സംസ്ഥാന സെക്രട്ടറി) വിശദീകരിച്ചു. മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ടി.ആർ.സെബാസ്റ്റ്യൻ, കെ.എസ്.ടി.എ. പ്രതിനിധി ശ്രീ.കെ.വിശ്വനാഥൻ, എൻ.ജി.ഒ. യൂണിയൻ സംസ്ഥാന കമ്മിററിയംഗം ശ്രീ.കൃഷ്ണൻകുട്ടി, പി.ററി.എ. പ്രതിനിധി ശ്രീ.മോഹനൻ മാസ്റ്റർ, കെ.എൻ.എസ്.ടി.യു. ജില്ലാക്കമ്മിററിയംഗം ശ്രീ.കെ.മുഹമ്മദ്, എസ്.എഫ്.ഐ - സംസ്ഥാനകമ്മിററിയംഗം ശ്രീ.സുബ്രഹ്മണ്യൻ എ.കെ.പി.സി.ടി.എ. ജില്ലാ സെക്രട്ടറി പ്രൊഫ.എം.സഫറുദ്ദീൻ എന്നിവർ ധർണ്ണയെ അഭിസംബോധന ചെയ്തു സംസാരിച്ചു. പ്രൊഫ.കെ.വാസുദേവൻ പിള്ള (എ.കെ.പി.സി.ടി.എ. ജില്ലാ പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.രാജൻ കെ.രമേശ് സ്വാഗതവും പ്രൊഫ.ഇ.എ.ജോൺ നന്ദിയും രേഖപ്പെടുത്തി.






# ശ്രീകൃഷ്ണപുരം വി. ടി. ബി കോളജിൽ അൺ എയ്ഡഡ് കോഴ്സിനെതിരെ ധർണ്ണ നടത്തി

ശ്രീകൃഷ്ണപുരം വി.ടി.ബി. കോളജിൽ അൺഎയ്ഡഡ് കോഴ്സ് തുടങ്ങുവാനുള്ള നീക്കത്തിനെതിരെ എ.കെ.പി.സി.ടി.എ ജില്ലാ കമ്മററിയുടെ നേതൃത്വത്തിൽ AKPCTA-KNTSU (Kerala Non Teaching Staff Union) ന്റെ സംയുക്താഭിമുഖ്യത്തിൽ ധർണ്ണ നടത്തി. 11-6-03 ബുധനാഴ്ച നടന്ന ധർണ്ണയിൽ എ.കെ.പി.സി.ടി.എ ജില്ലാ പ്രസിഡന്റ് പ്രൊഫ.വാസുദേവൻപിള്ള അദ്ധ്യക്ഷനായിരുന്നു. ധർണ്ണ സമരം ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അരവിന്ദാക്ഷൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. ധർണ്ണയെ അഭിസംബോധന ചെയ്തുകൊണ്ട് എ.കെ.പി.സി.ടി.എ ഏരിയ സെക്രട്ടറി പ്രൊഫ.ശിവരാമൻ, ജില്ലാ സെക്രട്ടറി പ്രൊഫ.സഫറുദ്ദീൻ കെ.എസ്.ടി.എ. സംസ്ഥാന കമ്മററി അംഗം സി.രാമകൃഷ്ണൻ എസ്.എഫ്.ഐ ജില്ലാ കമ്മററി അംഗം സുബ്രഹ്മണ്യൻ എ.ഐ.എസ്.എഫ് ജില്ലാ സെക്രട്ടറി സിദ്ദിഖ് എന്നിവർ സംസാരിച്ചു.





# സംഘടനാ സ്വാതന്ത്ര്യനിഷേധം: സംയുക്ത അവകാശപ്രഖ്യാപനദിനാചരണവും റാലിയും നടത്തും

അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംഘടനാസ്വാതന്ത്ര്യം നിഷേധിച്ച മാനേജുമെന്റുകളുടെ നടപടിക്കെതിരെയും നിരോധനം ലംഘിച്ച് ധർണ നടത്തിയ മാന്നാനം കെ. ഇ.കോളജ് അധ്യാപകർക്കെതിരെ മാനേജുമെന്റു സ്വീകരിച്ചുവരുന്ന പ്രതികാര നടപടികൾക്കെതിരെയും സംയുക്തമായി നിരന്തര സമരം നടത്താൻ എ.കെ.പി.സി.ടി.എ., എ.കെ.ജി.സി.ടി., കെ. എസ്.ടി.എ., എസ്.എഫ്.ഐ. തുടങ്ങിയ സംഘടനകൾ തീരുമാനിച്ചതായി എ.കെ.പി.സി.ടി. എ. ജനറൽ സെക്രട്ടറി പ്രൊഫ. എ.പ്രതാപചന്ദ്രൻ നായർ അറിയിച്ചു.

ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള കലാലയങ്ങളിൽ ജൂലൈ 9 ബുധനാഴ്ച ജനാധിപത്യ അവകാശ സംരക്ഷണദിനമായി ആചരിക്കും. അന്നേദിവസം ബാഡ്ജ് ധരിച്ച് അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും കോളജുകളിൽ ഹാജരാകും.

രണ്ടാം ഘട്ട സമരം ജൂലൈ 15 ചൊവ്വാഴ്ച നടത്തും. അധ്യാപകസംഘടനാപ്രവർത്തനം ആദ്യം നിരോധിച്ച മാന്നാനം കോളജിലേക്ക് വമ്പിച്ച പ്രതിഷേധറാലി സംഘടിപ്പിക്കും. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും അനധ്യാപകരുടേയും സംഘടനാ

സ്വാതന്ത്ര്യം നിരോധിക്കുന്നതിനുള്ള നീക്കങ്ങളെ എന്തു വിലകൊടുത്തും ചെറുത്തു തോൽപ്പിക്കുമെന്ന് റാലിയിൽ പ്രഖ്യാപിക്കും. സമൂഹത്തിന്റെ മൊത്തം നിക്ഷേപത്തിന്റെ അടിത്തറയിൽ പണിതുയർത്തിയിട്ടുള്ള സ്വകാര്യകോളജുകൾ സമൂഹത്തിന്റെ പൊതുസമ്പത്താണെന്നും പ്രഖ്യാപിക്കും. പൊതുസ്വത്ത് കവർന്നെടുക്കാനുള്ള സ്വകാര്യ മാനേജർമാരുടെ ശ്രമങ്ങളെ ചെറുത്തുതോൽപ്പിക്കുമെന്ന് പ്രതിജ്ഞ ചെയ്യും.

മൂന്നാം ഘട്ട സമരപരിപാടി പിന്നീടു പ്രഖ്യാപിക്കും.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിദ്യാഭ്യാസക്കച്ചവടത്തിന് സഹായകമായ നിലപാടുകളും നടപടികളും മുതലെടുത്തുകൊണ്ട് വിദ്യാഭ്യാസരംഗം സമ്പൂർണ്ണമായി വാണിജ്യവൽക്കരിക്കാൻ വേണ്ടിയാണ് അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സംഘടനാസ്വാതന്ത്ര്യത്തിനു പ്രൈവറ്റു കോളജുകളിൽ വിലക്കേർപ്പെടുത്തുന്നതെന്ന് എ.കെ.പി.സി.ടി.എ സംസ്ഥാന കമ്മിററി വിലയിരുത്തി. അഡ്മിഷനുമായി ബന്ധപ്പെട്ട് കോളജുകളിൽ അനധികൃതപിരിവു നടത്തുന്നതായി ആക്ഷേപമുണ്ട്. സർക്കാർ നിശ്ചയിച്ചിരിക്കുന്നതിലും പതിൻമടങ്ങു ഫീസാണ് രസീതു നൽകിയും അല്ലാതെയും കോളജുകളിൽ പിരിക്കുന്നത്. വിദ്യാർത്ഥികളുടെ സംഘടനാ സ്വാതന്ത്ര്യത്തിനു വിലക്കുകൾ ഏർപ്പെടുത്തിയ പശ്ചാത്തലത്തിൽ പ്രൈവററുകോളജു മാനേജർമാരുടെ അഴിമതിക്കെതിരെ കൂടുതൽ ശക്തമായി പ്രതികരിക്കാൻ സംസ്ഥാന കമ്മിററി അധ്യാപകരോട് ആവശ്യപ്പെട്ടു.

നിർദ്ദിഷ്ട ഏകീകൃതസർവകലാശാലാനിയമത്തിനു പകരം ഉന്നതവിദ്യാഭ്യാസരംഗത്ത് സാമൂഹ്യനീതിയും ഗുണമേൻമയും ഉറപ്പുവരുത്തത്തക്ക രീതിയിൽ ഓരോ സർവകലാശാല നിയമത്തിലും ആവശ്യമായ ഭേദഗതികൾ വരുത്തുകയാണ് വേണ്ടതെന്ന് സംസ്ഥാന കമ്മിററി വിലയിരുത്തി. അക്കാദമിക് വൈവിധ്യവൽക്കരണത്തിനും ജനാധിപത്യഭരണക്രമത്തിനും അധികാരവികേന്ദ്രീകരണത്തിനും യൂണിവേഴ്സിററികളുടെ സ്വയംഭരണത്തിനും പ്രാധാന്യം നൽകണം. അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും ജീവനക്കാരുടേയും അക്കൗണ്ടബിലിററി ഉറപ്പാക്കണം. സംസ്ഥാന കമ്മിററി പ്രസിദ്ധീകരിച്ച സർവകലാശാലാ നിയമഭേദഗതിയെക്കുറിച്ചുള്ള ബദൽ സമീപനരേഖയിൽ പറയുന്നു.

# കെട്ടിട നിർമ്മാണ ഫണ്ടിലേക്ക് സംഭാവന




ചേർത്തല എൻ.എസ്.എസ്. കോളേജ് എ. കെ. പി. സി. ടി. എ യൂണിറ്റ് സമാഹരിച്ച എ. കെ. പി. സി. ടി. എ കെട്ടിടഫണ്ടിന്റെ രണ്ടാം ഗഡു ജനറൽസെക്രട്ടറി പ്രൊഫ. എ. പ്രതാപചന്ദ്രൻനായർ ഏറ്റുവാങ്ങുന്നു

# CURRENT BOOKS THRISSUR

**Round West, Thrissur 680 001**

Ph:0487-335660, Fax:0487-335642

## Publishers & Distributors for

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

BRANCHES

**Kozhikode**
**Rly. Station Link Road**
**Ph:0495-703487**
**Fax:0495-700049**

**Ernakulam**
**Press Club Road,**
**Ph:0484-353818**

## COSMO BOOKS

**Round West, Thrissur 680 001. Ph:0487-335292**
**E-mail: cosmoboo@md3.vsnl.net.in**

## COSMO BOOKS
**(SCHOOL DIVISION)**

**Room No.10/342 B-1, Taj Complex, PM Taj Road,**
**Kozhikode-673 001, Phone:724622.**

## പ്രൈവറ്റ് കോളജ് അധ്യാപകപ്രസ്ഥാനം കേരളത്തിൽ

# ആരാണ് ദൈവശത്രുക്കൾ

പ്രൊഫ.വി.എൻ.മുരളി
മുൻ ജനറൽ സെക്രട്ടറി, എ.കെ.പി.സി.ടി.എ.

"പോളിന്റേയും മുണ്ടശ്ശേരിയുടെയുമൊക്കെ കാലത്തുനിന്ന് സ്വകാര്യകോളജധ്യാപകരുടെ നില ഇന്ന് ഭദ്രമാണ്. ഇഷ്ടമില്ലാത്തവരെ സർവ്വീസിൽ നിന്നു തരംപോലെ പുറത്താക്കാൻ ഇപ്പോൾ സാധ്യമല്ല. തങ്ങൾക്കതിന് ദൈവവിളിയുണ്ട് എന്നു പറഞ്ഞാലൊന്നും നിയമം സമ്മതിച്ചു കൊടുക്കില്ല. ഒരദ്ധ്യാപിക വിവാഹിതയാകുന്നതും ഗർഭം ധരിക്കുന്നതും പ്രമാണ ലംഘനമായിക്കരുതി പിരിച്ചുവിടുന്ന ഏർപ്പാടും അവസാനിച്ചിരിക്കുന്നു. ഇന്നിപ്പോൾ ഒരു രാവിലെ അധ്യാപകന്റെ ശമ്പളം വെട്ടിക്കുറയ്ക്കാൻ പാലോക്കാരന്മാർക്ക് മോഹമുണ്ടെങ്കിലും നിരാശപ്പെടുകയേയുള്ളു. ഇക്കൂട്ടരിൽ നിന്നും രക്ഷ കിട്ടാൻ അധ്യാപകവർഗ്ഗം നിരന്തരസമരങ്ങൾ നടത്തി. വൈദികമേലധ്യക്ഷൻമാരിൽ നിന്നുപോലും എതിർപ്പുകളും പീഡനങ്ങളും സഹിച്ച് അവർ അവകാശങ്ങൾ ഒന്നൊന്നായി സ്വന്തമാക്കി. ഭദ്രമായ സേവനവ്യവസ്ഥയുണ്ടായി. സർക്കാർ നേരിട്ടു ശമ്പളം നൽകുന്ന അവസ്ഥ കൈവന്നു. ആരും കൊതിക്കുന്ന യൂണിവേഴ്സിററി ധനസഹായക്കമ്മീഷന്റെ മികച്ച ശമ്പള സ്കെയിലിന് അർഹത നേടി. ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ അവകാശം ഭാവിക്കുന്നവർ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ മുന്നിൽ നിൽക്കേണ്ടതായിരുന്നു. അതിനുപകരം ധർമ്മമുറകൾ മുഴുവൻ തെററിച്ചുകൊണ്ട് അധ്യാപകർക്കെതിരെ കുരിശു യുദ്ധം നടത്തുന്നതിലായിരുന്നു അവർക്കുത്സാഹം. പോളിന് തെമ്മാടിക്കുഴി നൽകി മദിച്ചാർത്ത മതമേധാവികൾ ഭൗതികദുരയുടെ മൂർത്തീമദ്ഭാവങ്ങളായിരുന്നു. അവരുടെ ഇരുമ്പു മുഷ്ടികൾക്കുള്ളിൽ കുഞ്ഞാടിന്റെ രക്തം നിലവിളിച്ചു. "കുററമില്ലാത്ത രക്തത്തെ ഒററിക്കൊടുത്തതിനാൽ ഞാൻ വളരെ പാപം ചെയ്തു" എന്ന് യൂദാസിനെപ്പോലെ വിലപിക്കാനും കെട്ടിഞാന്നു ചാകാനും അവർക്കു കഴിയുന്നില്ല. അത്രപോലും അലിവ് അവരുടെ ശിലീഭൂതമായ ഹൃദയത്തിനില്ല. ധനമോഹത്തിൽ മൃതവും അധികാരഗർവ്വിൽ ദിശാബോധം നഷ്ടപ്പെട്ടതുമായ വൈദിക മേധാവിത്വം വിശിഷ്ടമായ മതദർശനത്തിൻെറ ആരാച്ചാരന്മാരാണ്. നീതിക്കുവേണ്ടി പൊരുതിയ പോളിനെയും അധ്യാപകരുടെ കഷ്ടതകൾ ദൂരികരിക്കാൻ വെമ്പിയ മുണ്ടശ്ശേരിയേയുമൊക്കെ അവർ കഴുവേററി രസിച്ചു. യഥാർത്ഥത്തിൽ ആരാണ് ദൈവശത്രുക്കൾ? (എം.പി.പോൾ: കലാപത്തിന്റെ തിരുശേഷിപ്പുകൾ - ഡോ.ജോർജ് ഓണക്കൂർ. പേജ് 52). ഡോ. ഓണക്കൂർ ഉന്നയിക്കുന്ന 'ആരാണ് ദൈവശത്രുക്കൾ' എന്ന ചോദ്യം അന്നത്തെപ്പോലെ ഇന്നും പ്രസക്തമല്ലേ?

നമുക്ക്, വെട്ടിക്കുറച്ച ശമ്പളം പോൾ എങ്ങനെ പിടിച്ചുവാങ്ങി എന്നതിലേയ്ക്കു വരാം. ശമ്പളം വെട്ടിക്കുറയ്ക്കാൻ മാനേജർക്ക് അധികാരമില്ലെന്നും, പലിശസഹിതം മുഴുവൻ ശമ്പളവും തനിക്ക് നൽകണമെന്നുമുള്ള പ്രൊഫ. എം.പി.പോളിന്റെ കോടതിക്കേസ് മാനേജ്മെന്റിനെ അക്ഷരാർത്ഥത്തിൽ വെട്ടിലാക്കി. നിയമന സമയത്ത് മാനേജ്മെന്റും പോളും തമ്മിൽ എഴുതിയുണ്ടാക്കിയ കരാറിന് വിരുദ്ധമായിട്ടാണ് ശമ്പളം വെട്ടിക്കുറച്ചിരിക്കുന്നതെന്നവാദം മതിയായ രേഖകൾ സഹിതമാണ് അദ്ദേഹം കോടതിയിൽ ഹാജരാക്കിയത്. നൂറു രൂപ മാസശമ്പളവും പത്തു രൂപ വാർഷിക ഇംക്രിമെന്റും കരാറിൽ വ്യക്തമായി സമ്മതിച്ചിട്ടുള്ളതാണ്. വെട്ടിക്കുറവു വരു

ത്താൻ പോൾ സമ്മതിച്ചിട്ടുമില്ല. മാനേജരുടെ അധീനതയിലുള്ള മററു സ്ഥാപനങ്ങളിലൊന്നും ഇത്തരത്തിലൊരു വെട്ടിക്കുറവു വരുത്തിയിട്ടില്ലെന്ന വാദവും പോളിന്റെ വക്കീൽ പുത്തേഴത്ത് രാമൻ മേനോൻ ഉന്നയിച്ചു. ഈ ശമ്പളക്കുറവിൽ പരാതിപ്പെട്ടതിനാണ് പോളിന് പിരിച്ചു വിടൽ നോട്ടീസ് നൽകിയതെന്നും "ആ കൽപന നിയമപ്രകാരം അസാധുവും, അധികാരത്തിൽ കവിഞ്ഞതും, കരാറിന് വിരോധവും അന്യായക്കാരന് ബാധകമല്ലാത്തതും" ആണെന്നും പുത്തേഴത്ത് വാദിച്ചു. കേസ്സ് മുന്നോട്ടു പോകുന്നത് കൂടുതൽ കുഴപ്പങ്ങൾക്കിടയാക്കുമെന്ന് മുൻകൂട്ടിക്കണ്ട മാനേജ്മെന്റ് ഇടനിലക്കാരെ വിട്ട് ഒത്തു തീർപ്പിന് ശ്രമമാരംഭിച്ചു. എന്നാൽ പോൾ തന്റെ ആവശ്യത്തിൽ ഉറച്ചു നിന്നു - വെട്ടിക്കുറച്ച ശമ്പളം തിരിച്ചുതരണം. "ഇത്രയുമായപ്പോൾ തിരുമനസ്സുകൾക്കുള്ളിൽ ഭയം നിറഞ്ഞു. എങ്ങനെയും തിരുശരീരം രക്ഷിക്കാനുള്ള വ്യഗ്രതയായി. പോൾ നിർദ്ദേശിച്ച വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് അവർ മുട്ടുകുത്തി; 'ഞാൻ പിഴയാളി' ചൊല്ലി. 1932 ജൂൺ പതിനഞ്ചാം തീയതിവരെ പോളിനു ലഭിക്കേണ്ട മുഴുവൻ ശമ്പളവും, ഉടമ്പടി പ്രകാരം അവശേഷിക്കുന്ന ഒരുവർഷത്തെ സർവ്വീസ് ഉപേക്ഷിക്കുന്നതിന് നഷ്ടപരിഹാരമെന്ന നിലയിൽ 250 രൂപയും ചേർത്ത് 606 രൂപ പ്രതികൾ നൽകേണ്ടി വന്നു. പിരിച്ചു വിടൽ നോട്ടീസ് പിൻവലിക്കാനും അവർ നിർബന്ധിതരായി. സ്വമേധയാ ഉദ്യോഗത്തിൽ നിന്നും വിരമിക്കാൻ പോൾ സമ്മതിച്ചു". (എം.പി.പോൾ: കലാപത്തിന്റെ തിരുശേഷിപ്പുകൾ. പേജ് 24)

[The following is the full text of the agreement:-]

Differences having arisen between the Management, St. Thomas College, Trichur and Mr. M.P.Paul, Assistant Lecturer in the same College over the cut introduced by the Management in his salary and over the period Mr. Paul is bound or entitled to serve; and the Management having given notice to Mr. Paul, terminating his services on the 15th, of June 1932, and Mr. Paul having sued the Management for arrears in O.S.1240/1107 of the Trichur Munsiff's court and also claimed damage and the whole matter having been talked over between the Manager of the college and Mr. Paul, well wishers of both sides interceding, it has been decided to close as follows all differences between the management of the college and Mr. Paul:

Without deciding on the merits of the standpoints of either side, the Management hereby withdraw the notice served on Mr. Paul; and Mr. Paul hereby resigns his post of Asst.English Lecturer in the College with effect from 5th, June, 1932, receiving his full pay up to that date. In consideration of Mr. Paul's abandoning whatever rights he may have against the management for future service the Management pays Mr. Paul Rs.250, which amount Mr. Paul receives and acknowledges hereby. Mr. Paul agrees to withdraw the suit aforesaid, and he also hereby affirms that hereafter he has no rights whatever against the St.Thomas College on account of his past services therein or on account of his claim to serve therein in the future.

Trichur,-(Sd.) M.Edakolathur, for the Management, St.Thomas College.

12th, June, 1932-(Sd.) M.P.Paul

Witnesses

(Sd.) Fr.George Thekkekkara

(Sd.) Puthezhath Raman Menon

Chief Court Vakil, Trichur.

**തൃശൂർ മുനിസിഫ് കോർട്ടിൽ ഇതു സംബന്ധിച്ച് സമർപ്പിച്ച രേഖ:**

തൃ.മു.കോർട്ട്

107ൽ S/C 1240.

എം.പി.പോൾ അന്യായം

ഡോക്ടർ വാഴപ്പിള്ളി ബിഷപ്പ് അവർകൾ,

മുതൽ പേർ പ്രതികൾ

അന്യായക്കാരൻ സിവിൽ നിയമം 372-ാം വകുപ്പു പ്രകാരം ബോധിപ്പിക്കുന്ന രാജി ഹർജ്ജി.,

1. മേൽ നമ്പർ അന്യായപ്രതികൾ തമ്മിൽ മദ്ധ്യസ്ഥന്മാർ മുഖേന താഴെപറയുംപ്രകാരം തീർന്നിരിക്കുന്നു.
2. 1982 ജൂൺ 15-നു വരെ അന്യായക്കാരനു കിട്ടേണ്ടതായ മുഴുവൻ ശമ്പളവും, ജൂൺ 15നു ശേഷം ഒരു കൊല്ലംകൂടി കാലാവധിയുണ്ടെന്നു അന്യായക്കാരൻ വാദിക്കുന്ന കാലം ഉപേക്ഷിക്കുന്നതിനുള്ള നഷ്ടംവക 250കയും കൂടി 606 ക. 2-ാം പ്രതി ഇന്നലെ അന്യായക്കാരനെ റൊക്കംബോദ്ധ്യപ്പെടുത്തിയിരിക്കുന്നു.
3. അന്യായക്കാരനെ ഉദ്യോഗത്തിൽ നിന്നു പിരിച്ച

തായി 2-ാം പ്രതി പുറപ്പെടുവിച്ചിട്ടുള്ള കൽപന പിൻവലിക്കുകയും അന്യായക്കാരൻ സ്വമേധയാ യി ഉദ്യോഗം രാജിവെച്ചു പിരിയുകയും ചെയ്തി രിക്കുന്നു.

4. അന്യായക്കാരന്റെ കോർട്ടുചിലവുകൾ സഹിച്ചി രിക്കുന്നു. അന്യായക്കാരനു പ്രതികളുടെമേൽ മേ ലിൽ ഇതു സംബന്ധമായി യാതൊരു ബാദ്ധ്യത യുമില്ലെന്നു സമ്മതിച്ചിരിക്കുന്നു.
5. അന്യായപ്രതികൾ തമ്മിൽ മേൽപറഞ്ഞ സംഗ തികൾക്കു പരസ്പരം എഴുതി മാറിയരേഖ ഇതു സഹിതം ഹാജരാക്കിയിരിക്കുന്നു.

അതുകൊണ്ട് അന്യായ ചിലവു കൂടാതെ ഫയ ലിൽ നിന്നു നീക്കുന്നതിനു അപേക്ഷിക്കുന്നു.

അധ്യാപകന്റെ ഭാഗം കേൾക്കാതെ, വെട്ടൊന്ന് മുറി രണ്ട് എന്ന മട്ടിൽ മാനേജുമെന്റു നടത്തുന്ന പി രിച്ചുവിടലിനെപ്പററി പോൾ തൃശൂർ ബിഷപ്പിനെഴു തിയ കത്തിതാണ്:

From

M.P.Paul, etc.
To His Excellency the Rt. Rev.
Dr. Francis Vazhappilly,
Bishop of Trichur.

Confidential

May it please Your Excellency,

I beg leave, to submit to Your Excellency's benign consideration a few facts in respect of the policy of retrenchment introduced of late in the St. Thomas' College.

Towards the end of February the Rev. Principal informed us that, owing to the depression in the Diocesan finances, the Management was contemplating a 'cut' in the salary of the Staff of the St. Thomas' College and that official communication would follow later. Though the information took us by suprise, we expected that the victims of the 'cut' would be taken into the confidence of the Management and given an opportunity to discuss matters, Days passed; the College was to close on the next day; still there was no inviting gesture. On March 3, about a dozen members of the Staff, including myself, addressed a letter to the Principal, requesting him to arrange a meeting of the Staff and the Manager to have a friendly talk on the matter. This request was met by the disclaimer that the Principal had nothing to do with the finances of the College. On the same day the Manager, in a letter to the Principal, announced that in view of the financial depression and the policy of other private Colleges a 'cut' of 10% was to be made upon salaries of Rs.100 and above, and a 'cut' of 7 1/2% on salaries below Rs.75, with effect from the February salary onwards.

Into the general merits of this announcement - as, for instance, the reference to the Diocesan finances, which are as remote and incalculable to us as the Economics of Mars, and which are to affect ;the Staff of the St.Thomas' College, alone of the institutions, educational and other, in the Diocese; the comparsion with the policy of other private Colleges, where the security of tenure, the scale of remuneration, the procedure adopted in respect of retrenchment, and a hundred other things, may be dissimilar (and even if they are similar one iniquity does not justify another); the high-handedness of the whole procedure which has caused needless chagrine, added insult to injury, and reminded us of our helplessness; the unwillingeness to discuss matters, which betrays a weak cause; and - unkindest cut of all_- the retrospective effect whereby the 'cut' is applied, not only to work that is going to be done, but to work that was already done under normal conditions - into these and kindred matters I do not at present propose to enter; for I do not presume to speak in a representative character, but solely on my own behalf.

ഈ കത്തിൽ ഷേക്സ്പിയറുടെ പ്രസിദ്ധമായ 'unkindest cut of all' എന്ന പ്രയോഗം സന്ദർഭ ത്തിലെ 'cut' മായി ഇഴചേരുന്നത് കാണുക.

ശമ്പളത്തിൽ പത്തു രൂപ കുറഞ്ഞുപോയതിന് ഇത്ര കടുത്ത പോരാട്ടവും ജോലി ഉപേക്ഷിക്കലും വേണ്ടിയിരുന്നോ? പ്രായോഗികമതികളുടെ ചിന്ത ഈ വഴിക്കാവും. എന്നാൽ ഇത് എം.പി.പോളാണ്. മെഴു കുതിരിപോലെ സ്വയം എരിഞ്ഞുകൊണ്ടായാലും നി ശ്ചയദാർഢ്യത്തിന്റേയും ആദർശനിഷ്ഠയുടേയും വെ ളിച്ചം വരും തലമുറകളിലേയ്ക്ക് അദ്ദേഹം പകരുക യായിരുന്നു.

(തുടരും)

വാർത്താമദ്ധ്യം

# കാൽചുവട്ടിലെ കരിമണൽ

എം.എസ്.വസന്തകുമാർ
എസ്.എൻ.കോളജ്, കൊല്ലം

ഡൽഹിയിലെ തീൻമൂർത്തി ഭവനിൽ ജവഹർലാൽ നെഹ്റുവിന്റെ കിടക്കമുറിയിൽ അദ്ദേഹം ഉപയോഗിച്ച സ്ട്രാപ്പുള്ള വാച്ചും പേനയും ഡയറിയും കണ്ടതോർക്കുന്നു. അവസാന നിദ്രയിൽ ആണ്ടുപോകും മുമ്പ് അദ്ദേഹം ആ ഡയറിയിൽ അവസാനം കുറിച്ച വരികൾ അമേരിക്കൻ കവി റോബർട്ട് ഫ്രോസ്റ്റിന്റേതാണ്.

The woods are lovely dark and deep
But I have promises to keep
And miles to go before I sleep
And miles to go before I sleep.........

പ്രകൃത്യുപാസകനായിരുന്ന കവിയുടെ കർമ്മബോധം സ്വന്തം മനസ്സിന്റെ താളിൽ കുറിച്ചിടുകയായിരുന്നു നെഹ്റു. അദ്ദേഹത്തിന് പ്രകൃതിയോടുള്ള പ്രേമവും അഭിനിവേശവും ജന്മസിദ്ധമായിരുന്നു. മകൾ ഇന്ദിരക്ക് അത് പകർന്ന് കൊടുത്തിട്ടാണ് അദ്ദേഹം പോയത്. തന്റെ മരണത്തലേന്ന് ഇന്ദിര കാശ്മീരിൽ പോയി. കൊടും ശൈത്യത്തിന്റെ താഴ്വരയിലെ ചിനാർ മരങ്ങളിൽ നിന്ന് പഴുത്ത് പൊഴിയാൻ നിൽക്കുന്ന ഇലകളുടെ പിംഗലവർണ്ണവസന്തം ഒരു നോക്കു കാണാൻ മാത്രം! പൊടുന്നനെ തയ്യാർ ചെയ്യിച്ച ഹെലികോപ്റററിൽ ആയിരുന്നു യാത്ര. തന്റെ ജീവന്റെ തുടിപ്പ് കവർന്നെടുക്കാൻ ഒരുമ്പെട്ടു കഴിഞ്ഞ നിഷാദരുടെ പടനീക്കം അവർ കേട്ടിരുന്നിരിക്കണം. അനിവാര്യമായത് സംഭവിക്കും മുമ്പ് ഒരേ ഒരാഗ്രഹം - പ്രകൃതി ചാലിക്കുന്ന നിറപ്പകിട്ട് കണ്ട് സായൂജ്യമാർജ്ജിക്കുക. വൈകാരികമായ ഈ പ്രകൃതി പ്രതിപത്തി പിന്നീട് അധികാരത്തിൽ വന്ന ഒരാളെയും തീണ്ടിയിട്ടില്ല എന്നത് ദുഃഖസത്യം.

പ്രകൃതി സമ്പത്തായ ജലവും മണ്ണും വിപണനം ചെയ്ത് നാട് നന്നാക്കുന്ന ഭരണാധിപന്മാരുടെ അധുനാതന നാട്യങ്ങൾ കണ്ട് ഇതൊക്കെ ഒന്ന് ഓർത്തുപോയി.

ഇതാ ആലപ്പുഴ തീരം കുഴിച്ച് വിൽക്കാൻ പോകുന്നു. 1996ൽ കാലാവധി പൂർത്തിയാക്കിയ യുഡിഎഫ് ക്യാബിനററാണ് കരിമണൽ ഖനനത്തെ സംബന്ധിച്ച തീരുമാനം എടുക്കുന്നത്. 1996 മാർച്ച് 19ന് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചശേഷം മാർച്ച് 26ന് കൂടിയ യു.ഡി.എഫ്. ക്യാബിനററ് ആണ് തീരുമാനമെടുത്തത്. തുടർന്ന് വന്ന എൽഡിഎഫ് സർക്കാർ ആ തീരുമാനവുമായി മുന്നോട്ട് പോയില്ല. യു.ഡി.എഫ് വീണ്ടും വന്നപ്പോൾ, 2002 ഒക്ടോബറിൽ മുൻ തീരുമാനം ആവർത്തിച്ചു.

ഒരു ഗവൺമെന്റ് ഒരു പദ്ധതി കൊണ്ടുവരുമ്പോൾ, നാടിന് എടുത്തുപറയത്തക്ക നേട്ടമുണ്ടാക്കുന്നതും ദോഷമുണ്ടാക്കാത്തതും ആയിരക്കണം എന്ന സാമാന്യനീതി പാലിക്കണം. എടുപിടീന്ന് രഹസ്യമായി തീരുമാനിക്കുന്ന കാര്യത്തിന്റെ പ്രേരണ, ആരുടെയൊക്കെയോ ദുര ആയിരിക്കുമെന്ന് സംശയിക്കേണ്ട. മുൻ ചൊന്ന നീതിക്ക് എന്ത് സംഭവിക്കുന്നു എന്നത് ദുരാഗ്രഹികൾക്ക് പ്രശ്നമല്ല. കരിമണൽ ഖനന തീരുമാനം ദുരയുടെ സന്തതിയാണ്. 12000 കോടി രൂപയുടെ ധാതുമണൽ കച്ചവടമാണ് യു.ഡി.എഫ്. ക്യാബിനററ് അംഗീകരിച്ചിരിക്കുന്നത്. കൊല്ലം ജില്ലയിലെ ചവറ മുതൽ ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളിവരെയാണ് ഏററവും കൂടുതൽ ധാതുമണൽ നിക്ഷേപം ഉള്ളത്. അതിൽ കായംകുളം മുതൽ തോട്ടപ്പള്ളി വരെയുള്ള പ്രദേശത്തെ കണ

ക്ക്.

| ധാതുമണൽ | അളവ് (ലക്ഷം ടൺ) | ഒരു ടണ്ണിന്റെ വില |
|---|---|---|
| ഇൽമെനൈററ് | 90 | 3050 രൂപ |
| റൂട്ടൈൽ | 15 | 24000 രൂപ |
| സിർകോൺ | 4 | 9000 രൂപ |
| സിൽമെനൈററ് | 56 | 9000 രൂപ |

ഈ കണക്കനുസരിച്ചാണ് 12000 കോടി രൂപയുടെ കച്ചവടം എന്ന് പറയുന്നത്.

കേരളാ റെയർ എർത്ത്സ് ആന്റ് മിനറൽസ് ലിമിററഡ് എന്ന കമ്പനിക്കാണ് കായംകുളം-തോട്ടപ്പള്ളി പ്രദേശങ്ങളിൽ ഖനനം നടത്താൻ യു.ഡി.എഫ്. ക്യാബിനററ് അനുവാദം നൽകിയിരിക്കുന്നത്. ഈ തീരുമാനത്തിന്റെ 'നടത്തുപടി' വ്യവസായവകുപ്പ് മന്ത്രിയത്രെ. അദ്ദേഹത്തിന്റെ അടുപ്പക്കാരന്റെ കമ്പനിക്കാണ് ടെൻഡർ കിട്ടിയിരിക്കുന്നത്. ധാതു ഖനനം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊള്ളേണ്ടത് കേന്ദ്ര സർക്കാർ ആണെന്നിരിക്കെ, കേന്ദ്രസർക്കാരിന്റെ ആക്ടിനും റസലൂഷനും വിരുദ്ധമായി സംസ്ഥാന സർക്കാരിന്റെ ഉത്തരവ് 2002 ഒക്ടോബർ 22ന് പുറത്തിറങ്ങി. ഇതിനെതിരെ തമിഴ്നാട്ടിലെ സിററിംഗ് എം.പി. ജയശീലൻ കേന്ദ്രസർക്കാരിന് പരാതി നൽകി. കേരള സർക്കാരിന്റെ തീരുമാനം ചട്ടവിരുദ്ധമാണെന്നും ഇതിൽ നിന്ന് പൂർണ്ണമായി പിൻമാറണമെന്നും കേന്ദ്രം നിർദ്ദേശിച്ചു. കേന്ദ്രത്തിന്റെ ഈ തീരുമാനത്തിൽ അപാകത ഉണ്ടെങ്കിൽ അത് അറിയിക്കാനും നിർദ്ദേശമുണ്ടായിരുന്നു. പിൻവലിക്കാനോ ബോദ്ധ്യപ്പെടുത്താനോ മിനക്കെടാതെ നിശ്ശബ്ദമായി കേന്ദ്രത്തെ കേരള സർക്കാർ ധിക്കരിച്ചു.

ഈ നിയമനിഷേധങ്ങൾക്കപ്പുറം ഉളവാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വേറെയാണ്. പ്രായേണ ഭാരം കുറഞ്ഞ കരിമണൽ, കടൽതിരകൾ പാററി കരയ്ക്കടുപ്പിച്ചതാണ്. ഭാരം കൂടിയ മണൽ അങ്ങനെ കടലിന്റെ മടിയിലേക്ക് താണു. ചുരുക്കത്തിൽ കരിമണലിന്റെ 'പരശുരാമൻ' കടലാണ്.

കടലിനും കായലിനും മദ്ധ്യേകിടക്കുന്ന വീതികുറഞ്ഞ കരിമണൽ ബൽററാണ് കായംകുളം മുതൽ തോട്ടപ്പള്ളി വരെയുള്ളത്. കടലിനെയും കായലിനെയും ആശ്രയിച്ച് ജീവിക്കുന്നവരുടെ കാൽക്കീഴിലെ മണ്ണാണ് കുഴിക്കാൻ പോകുന്നത്. ഇങ്ങനെ കഴിച്ചാലുള്ള ഭവിഷ്യത്ത് സാമാന്യബുദ്ധികൾക്കറിയാം. നെടുനാളായി താമസിച്ച ഇടം വാസയോഗ്യമല്ലാതാവുകയോ പൊന്നും വില കിട്ടിയിട്ടായാലും വിടേണ്ടിവരികയോ ചെയ്താൽ ഉണ്ടാകുന്ന മനുഷ്യസഹജമായ മനപ്രയാസം, ലക്ഷം കോടികൾ ഉൾപ്പെട്ട ക്രയവിക്രയം നടത്തുന്നവർക്ക് പുല്ലുവിലയില്ലാത്ത സെന്റിമെന്റ്സ് മാത്രം. രൂക്ഷമായ കടലാക്രമണവും അതുമൂലം ടൗൺഷിപ്പുകൾക്കും ജനനിബിഡ പ്രദേശങ്ങൾക്കും താപനിലയം പോലുള്ള സ്ഥാപനങ്ങൾക്കും ഉണ്ടാക്കാവുന്ന പ്രവചനാതീതമായ പ്രത്യാഘാതങ്ങളും ക്ഷണിച്ചുവരുത്തുന്ന അനവധാനമായ കരിമണൽ ഖനനം ഏതാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുംപോലും! ഒന്നും പഠിക്കാതെ ആരോടും ചോദിക്കാതെ ഖനനം ചെയ്യിക്കാനുള്ള സർക്കാരിന്റെ ധൃതി കണ്ടില്ലേ!

ലക്ഷം കോടികൾ കൊയ്യാൻ എല്ലാ തലത്തിലുള്ളവരെയും, 'ചില്ലറ'കോടികൾ നൽകി പാട്ടിലാക്കിക്കൊണ്ടാണ് തീരുമാനം നടപ്പാക്കാൻ തുനിയുന്നത്. വ്യവസായ ഭീമന്മാർ, സർവ്വപ്രസ്ഥാനങ്ങളിലും കടന്നുകൂടിയിട്ടുള്ള ഒരേ തൂവൽ പക്ഷികളെ തിരിച്ചിറിയുന്നു. 'ചില്ലറ' കൊടുക്കുന്നു. തീരുമാനങ്ങൾ സുഗമമാക്കുന്നു.

ലക്ഷംകോടികൾ സമ്പാദിക്കുന്നവനോ നിലർജ്ജം അതിന്റെ കമ്മീഷനായി ചില്ലറ കോടികൾ സമ്പാദിക്കുന്നവനോ അവനെ പിടികൂടിയിരിക്കുന്ന ദുരയുടെ തള്ളലിൽ ഒരു യാഥാർത്ഥ്യം മറന്നുപോകുന്നു, മരിക്കാനുള്ള മനുഷ്യരാണ് നാം എന്ന്. ജീവിക്കുന്നിടത്തോളം സുഖലോലുപമായി ജീവിച്ചേ ഒക്കൂ എന്നും അനന്തര തലമുറകൾക്ക് വൻ സമ്പാദ്യമുണ്ടാക്കിയേ ഒക്കൂ എന്നും ശാഠ്യമുള്ളവർ അതിനുവേണ്ടി ഭൂമി കുഴിച്ച് വിഴുങ്ങേണ്ട കാര്യമുണ്ടോ? കഷ്ടിച്ച് കാലയാപനം നടത്തുന്നവരെ വികാരപരമായി പീഡിപ്പിച്ചും അവരുടെ സ്ഥാവരജംഗമങ്ങൾ കവർന്നും നശിപ്പിച്ചും വൻസമ്പാദ്യമുണ്ടാക്കുന്നവർക്ക് ആ ദുർഭഗസമ്പത്ത് മരിച്ചുകഴിഞ്ഞ് കൂടെ കുഴിയിലേക്ക് കൊണ്ടുപോകാൻ കഴിയുമോ? ഇത്തരം നാടൻ തത്വശാസ്ത്രങ്ങൾ ബന്ധപ്പെട്ടവരുടെ അമിതദുരയ്ക്ക് ഉത്തരമാകുന്നില്ല എന്നറിയാം.

ആലപ്പുഴയിൽ ഉയർന്ന 'മനുഷ്യക്കോട്ട', മനുഷ്യത്വം സംരക്ഷിക്കപ്പെടണമെന്ന് പ്രഖ്യാപിക്കുന്നവരുടെ വികാരമായിരുന്നു. ശക്തമായ ജനകീയ പ്രക്ഷോഭങ്ങൾ കക്ഷി ഭേദമെന്യേ അലയടിക്കണം. വി. എം. സുധീരൻ കരിമണൽ ഖനനത്തിനെതിരായ പ്രക്ഷോഭണത്തിന്റെ മുൻനിരയിൽ ഉണ്ട്. എം.എ.ബേബിയും സി.എസ്.സുജാതയും കെ.സി.വേണുഗോപാലും ഒക്കെയുണ്ട്. ഭരണമുന്നണിയിലെ തന്നെ പ്രധാനികളും പ്രക്ഷോഭണത്തിൽ അണിചേരാൻ നിർബ്ബന്ധിതരായ വിധത്തിൽ ദുരുദ്ദേശപരമാണ് ഈ പദ്ധതി എന്നതിന് രണ്ടു പക്ഷമില്ല.

പക്ഷെ ക്യാബിനററിന്റെ കൂട്ടുത്തരവാദിത്വമാർന്ന തീരുമാനമായി ഇതെങ്ങനെ വന്നു? വ്യവസായ മന്ത്രി

യെപോലെ, പ്രധാനിയായ മുഖ്യമന്ത്രിയും ഇതിന് ഉത്തരവാദിയല്ലേ? കരിമണൽ ഖനനത്തെ എതിർത്ത് സംസാരിച്ച 'അഭിമുഖ'ത്തിൽ സുധീരൻ തട്ടിവിട്ട 'മുഖ്യമന്ത്രി വേണ്ടത്ര ശ്രദ്ധിച്ചില്ല' ലളിതമായും സത്യസന്ധമായും ജീവിക്കുന്ന ആളാണ് മുഖ്യമന്ത്രി' 'ഈ ഗവൺമെന്റിന്റെ ഏററവും വലിയ നേട്ടം ആന്റണിയുടെ ക്ലീൻ ഇമേജാണ്' തുടങ്ങിയ വായ്ത്താരികൾ പല തലകൾ ഉള്ളവയും സുധീരന്റെ ഈ പ്രശ്നത്തിലുള്ള ഉദ്ദേശ ശുദ്ധിക്ക് ഇണങ്ങാത്തവയുമാണ്. എല്ലാ പ്രസ്ഥാനങ്ങളിൽപ്പെട്ടവരും കൈമടക്ക് വാങ്ങിയ പദ്ധതിയാണ് ഇത് എന്ന സൂചന സുധീരന്റെ സംസാരത്തിൽ ഉണ്ട്. അത് വിശദമായി പറയാൻ സമയമായില്ലത്രെ. എല്ലാ വിളിച്ചു പറയാനുള്ള ചുററുപാടല്ലല്ലൊ പാർട്ടിയും അച്ചടക്കവും സുധീരനെപ്പോലുള്ളവർക്ക് തീർത്ത് വച്ചിരിക്കുന്നത്.

അധികാരസ്ഥാനങ്ങളിലേക്ക് കൈമടക്കുമായി നുഴഞ്ഞുകയറി പഞ്ചഭൂതങ്ങളെത്തന്നെ വിററു കാശാക്കുന്ന മിടുക്കന്മാരുടെ' കാലമാണിത് - കെട്ട കാലം! നേർബുദ്ധികളുടെ ഒരു പടയണി, ഇരുകാലിപ്പെരുച്ചാഴികൾ തുരന്നു കയറാത്ത നന്മയുടെ ഒരു സംഘശക്തി, ഉരുത്തിരിയേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

## പുസ്തക പ്രകാശനം

എ. കെ. പി. സി. ടി. എ മുൻ സംസ്ഥാന പ്രസിഡൻറ് ഡോ. ജോയ് ജോബ് കുളവേലിൽ രചിച്ച രണ്ടു പുസ്തകങ്ങൾ "ഉന്നതവിദ്യാസം- പ്രതിസന്ധിയും പ്രത്യാശയും", ``FUNDING OF HIGHER EDUCATION" ആഗസ്ററ് 2-ാം വാരം ആലുവ യു.സി.കോളജിൽ വച്ച് പ്രസിദ്ധീകരിക്കുന്നു. മുഴുവൻ കോളജ് അദ്ധ്യാപകരും ഈ പരിപാടിയിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.


*With Best Compliments From*



SSi EDUCATION
It's where your future is

*The trend setters in IT Education offers .....*

IMPACT 2003
DOT.NEXT
NEXT GENERATION SOFTWARE

9i UNBREAKABLE

ORACLE Education Partner
Joint Certification by Oracle

Smart Start
For Developers

Unix Linux C C++ C#
Java @ SSi
SQL Server
MS Office
Visual Basic

**SSI LTD, JRJ COMPLEX, OTTAPALAM PH: 247462, SSI LTD, MKM COMPLEX, MANJERI, PH: 2769149**
**SPECIAL CONCESSION (UPTO 40%) FOR A.K.P.C.T.A MEMBERS**
**BRING THIS ADVT. AND AVAIL DISCOUNT.**

# പ്രൊഫ. രമേഷ് ചന്ദ്രൻ അനുസ്മരണം

ഓർമ്മകൾ ഒന്നും സൃഷ്ടിക്കുന്നില്ല. താല്പര്യമുണ്ടാകുമ്പോഴാണ് ഓർക്കുന്ന കാര്യങ്ങളെ ആത്മാർത്ഥമായ വൈകാരിക ബന്ധത്തിലൂടെ പുസ്തമാക്കാൻ കഴിയുന്നത്. സംശയമുണ്ടാകുമ്പോൽ പുസ്തകത്തിൽ നോക്കാം. പുസ്തകങ്ങൾ നിഷ്പക്ഷങ്ങളാണ് - പ്രൊഫ. എം. എൻ.വിജയൻ പറഞ്ഞു. പ്രചാരണം നടക്കുമ്പോഴേ പുസ്തകങ്ങൾ ലോകത്തിന്റേതാകുന്നുള്ളൂ. വിയോജിപ്പുണ്ടാകുമ്പോൾ ഊർജ്ജം ഉണ്ടാകുന്നു. സംഘർഷത്തിൽ നിന്ന് അഗ്നിയുണ്ടാകുന്നു. തീപ്പെട്ടിയും കൊള്ളിയും പോലെ.

പഠിപ്പിക്കുവാൻ അധ്യാപകൻ വേണ്ട; കൃഷി ചെയ്യാൻ കൃഷിക്കാരനും. പഠിപ്പിക്കുക എളുപ്പമാണ്. ചോദ്യങ്ങളുണ്ടാക്കുകയാണ് വിഷമം. ചോദ്യങ്ങളുടെ സമാഹാരമാണ് പാഠപുസ്തകമെന്ന് വിദ്യാർത്ഥി ധരിക്കുന്നു. എഴുപത്തിമൂന്ന് ചോദ്യങ്ങൾ ചേരുന്നതാണ് ശാകുന്തളമെന്ന് വിദ്യാർത്ഥികൾ പഠിക്കുന്നു.

മനുഷ്യൻ സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യം സ്വന്തം തന്ത്രമാണ്; താന്തോന്നിത്തം. നല്ല സ്വപ്നങ്ങൾ കണ്ട് കണ്ണു തുറക്കുമ്പോൾ മോഹഭംഗമുണ്ടാകുന്നു. നിയമം അനുസരിക്കുന്നവരും ലംഘിക്കുന്നവരുമുണ്ട്. ലംഘിക്കുന്നവർ പുതിയ നിയമങ്ങളുണ്ടാക്കുന്നു. അപ്പോൾ പുതിയ നിയമവും പഴയ നിയമവുമുണ്ടാകുന്നു. പദങ്ങൾ വ്യവസ്ഥയും സമൂഹവുമാണ്. പാതിവ്രത്യം ആധിപത്യത്തിന്റെ പദമാണ്. ഇതിന് വിപരീതമില്ല. സ്നേഹമാണ് ആത്യന്തികമായ വ്യവസ്ഥ. ഇന്ന് ഏകാന്ത പ്രണയമില്ല. പ്രണയം കൂട്ടമായിരിക്കുന്നു. ഒരു കുടക്കീഴിൽ, രക്ഷകൻ എന്നൊന്നും പറയുവാൻ കഴിയുകയില്ല. ഒരു ഭർത്താവിനും ഭാര്യയെ രക്ഷിക്കാൻ കഴിഞ്ഞിട്ടില്ല. ഇതു മനസ്സിലാക്കാൻ രാമായണം വായിച്ചാൽ മതി. പ്ളേറ്റോ പറഞ്ഞത് യുദ്ധമാകാം പ്രണയമരുത് എന്നാണ്.

വ്യവസായ യുഗത്തിന്റെ സൃഷ്ടിയാണ് ടൈംപീസ്. സമയബന്ധിതമല്ലാത്ത ഗുരുകുലത്തിൽ നിന്നും മാറി, വാങ്ങുന്ന കാശിന് സമയബന്ധിതമായി ഒപ്പിടണമെന്ന് യുജിസി നിഷ്കർഷിക്കുന്നു.




അധ്വാനിക്കാത്ത മനുഷ്യന് അസ്തിത്വമില്ല. മനുഷ്യൻ യന്ത്രമായിരിക്കുന്നു. പ്രവൃത്തിയുടെ ഫലത്തെ

പ്രവൃത്തിയിൽ നിന്ന് അകററുന്നു. മനുഷ്യൻ വെറുതെ വിയർക്കുകയാണ്. വെറുതെ വിയർക്കുന്നതിന് വ്യായാമം എന്നു പറയുന്നു. ഇന്ന് എല്ലാം സേവനമാണ്. 35 വയസാകുമ്പോഴേ വിശ്രമിക്കുവാൻ ആവശ്യപ്പെടുന്ന വി. ആർ. എസ്. സിദ്ധാന്തമാണ് പ്രചരിക്കുന്നത്. നീ വെള്ളം കോരേണ്ട. കുപ്പിയിലാക്കി വീട്ടിലെത്തിക്കാമെന്ന് പറയുന്നു. സ്വന്തം ഭാവി അറിയാത്ത പ്രവാചകന്മാർ മററുള്ളവരുടെ ഭാവി പ്രവചിക്കുന്നു. സ്വർഗവാതിൽ ഏകാദശി ഇന്ന് ജൂൺ ജൂലൈ മാസങ്ങളിലാണ്. എൻട്രൻസ് പരീക്ഷ കഴിയുമ്പോൾ എൻജിനിയേഴ്സും ഡോക്ടേഴ്സും സ്വർഗം പൂകുന്നു. അടിച്ചമർത്തപ്പെട്ടവനാണ് നരകം. വിജയിക്ക് വർണചിത്രം. പരാജിതന് ബ്ളാക്ക് ആന്റ് വൈററ് ചിത്രം പോലുമില്ല. പുറത്താക്കപ്പെടുന്നത് ചിലപ്പോൾ മഹാഭാഗ്യമാകാം. കലാലയങ്ങളിൽ നിന്ന് പുറത്താക്കപ്പെട്ടവർ പിന്നീട് വൈസ്ചാൻസലർ ആയിട്ടുണ്ട്. മഹാനായ അലക്സാണ്ടർ കൊന്നൊടുക്കിയവർ ചരിത്രത്തിലില്ല. ഒരു നദിയുടെ ഇരുകരകളിലുമുള്ള മാഹിയിലും തലശേരിയിലും രണ്ട് ചരിത്രമാണ് പഠിപ്പിച്ചിരുന്നത്. മാഹിയിൽ ചരിത്രത്തിന്റെ ഫ്രഞ്ച് വ്യാഖ്യാനം; തലശേരിയിൽ ബ്രിട്ടീഷും. ഒരു നദിക്ക് ചരിത്രത്തെ വ്യാഖ്യാനിക്കാനും വേർതിരിക്കാനും കഴിയും.

ബഷീർ വസ്തുവിന്റെ തീറാധാരവുമായി ബേപ്പൂരിൽ ചെന്നപ്പോൾ സ്ഥലവാസികളായ തവളകളും എലികളും പ്രതിഷേധിച്ചു. തല്ലുകൊണ്ട് തവളയുടെ മുഖത്ത് നീര് വന്നു. ഇതാണ് ഉടമസ്ഥാവകാശം; ഗ്ലോബലൈസേഷൻ. ഗ്ലോബിൽ തിരുനല്ലൂരും പള്ളിപ്പുറവും ചൂണ്ടിക്കാണിക്കുവാൻ കഴിയുകയില്ല. വലിപ്പമുള്ളതു മാത്രമേ ഗ്ലോബിൽ കാണുകയുള്ളൂ. വിയർക്കാതെ വിശ്രമിക്കുവാനാണ് ആവശ്യപ്പെടുന്നത്. ഭക്ഷിച്ച് വിശ്രമിക്കുമ്പോൾ കുടൽ വലുതാകും. മേദസ് കൂടുമ്പോൾ ഉദരത്തിലണിയാൻ ബെൽററുണ്ട്. ചുമലിൽ പിടിക്കുന്നവരെ സൂക്ഷിക്കണം; പിടിച്ച് താഴ്ത്താനാണ്. മനുഷ്യൻ ജീവിക്കുകയും ജീവിക്കുന്നുവെന്ന് അറിയുകയും വേണം. എം. എൻ.വിജയൻ പറഞ്ഞു നിർത്തി.

